ഓസിലെ മായാവി

# ഓസിലെ മായാവി

| | |
|---|---|
| മലയാളം | Malayalam |
| ബാലസാഹിത്യം | Childrens literature |
| **ഓസിലെ മായാവി**<br>എൽ ഫ്രാങ്ക് ബോം | **Ozile Maayavi**<br>L Frank Baum |
| പുനരാഖ്യാനം :<br>ജെ ദേവിക | Retold by :<br>J Devika |
| ഒന്നാം പതിപ്പ്<br>സെപ്റ്റംബർ 1991 | First edition<br>September 1991 |
| പത്താം പതിപ്പ്<br>ഡിസംബർ 2021 | Tenth edition<br>December 2021 |
| പ്രസാധനം, വിതരണം :<br>കേരള ശാസ്ത്രസാഹിത്യ പരിഷത്ത്<br>തൃശ്ശൂർ - 680004 | Published and distributed by :<br>Kerala Sasthra Sahithya Parishath<br>Thrissur - 680004 |
| ഇ-മെയിൽ :<br>publicationkssp@gmail.com | e-mail :<br>publicationkssp@gmail.com |
| ലിപി വിന്യാസം :<br>യുറീക്ക, കോഴിക്കോട് | Type setting :<br>Eureka, Kozhikode |
| കവർ :<br>സുബ്രഹ്മണ്യൻ രാമൻ | Cover :<br>Subrahmanian Raman |
| അച്ചടി :<br>തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്,<br>അങ്കമാലി | Printed at :<br>Theressa offset printers,<br>Angamaly |

₹ 140.00

KSSP 2676 X E DEC 2021 D 1/8 2K 14000 FT 455/91

# ഓസിലെ മായാവി

എൽ. ഫ്രാങ്ക്ബോം

**പുനരാഖ്യാനം: ജെ ദേവിക**

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

**ജെ. ദേവിക**

തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ ഗവേഷകയും അധ്യാപികയുമാണ്. കേരളീയ ആധുനികതയിൽ സാമൂഹികപരിഷ്കരണം, വികസനം, സംസ്കാരം, രാഷ്ട്രീയം, ലിംഗഭേദവ്യവഹാരങ്ങൾ എന്നിവയുടെ പരസ്പരപ്രവർത്തനത്തെക്കുറിച്ച് പഠിക്കുന്നു. മലയാളത്തിലും ഇംഗ്ലീഷിലും എഴുതിയിട്ടുണ്ട്.

## പ്രസാധകക്കുറിപ്പ്

എൽ ഫ്രാങ്ക്ബോം എഴുതി 1900ൽ പ്രസിദ്ധീകരിച്ച കുട്ടികളുടെ നോവലാണ് 'ഓസിലെ മായാവി'. നിരവധി തവണ ഈ പുസ്തകം പുനഃപ്രസിദ്ധീകരിക്കപ്പെട്ടു. 1902ൽ നാടകമായും 1939 ൽ സിനിമയായും ഇതിലെ ഇതിവൃത്തം അവതരിപ്പിക്കപ്പെട്ടു. ഓസ് എന്ന രാജ്യത്ത് ഡൊറോത്തി എന്ന കൊച്ചുപെൺകുട്ടി നടത്തുന്ന സാഹസിക പ്രവൃത്തികളാണ് നോവലിന്റെ ഇതിവൃത്തം.

കൻസാസ് എന്ന സ്ഥലത്ത് അമ്മാവൻ ഹെൻറിയോടും അമ്മായി എമ്മയോടും ഒപ്പം താമസിക്കുകയായിരുന്നു ഡൊറോത്തി. കൂട്ടിന് ടോട്ടോ എന്ന നായക്കുട്ടിയുമുണ്ട്. അവർ ഒരു ചുഴലിക്കാറ്റിൽ പെട്ട് ഓസ് രാജ്യത്തിലെത്തിച്ചേരുന്നു. കാൻസാസിലേക്ക് തിരിച്ചെത്താനുള്ള സഹായ അഭ്യർത്ഥനയുമായി അവൾ മരതക നഗരത്തിലെ മായാവിയെ കാണാൻ പോവുന്നു. യാത്രയിൽ ഡൊറോത്തിയോടൊപ്പം നായക്കുട്ടിക്കു പുറമെ വൈക്കോൽ മനുഷ്യനും തകരമനുഷ്യനും ഒരു സിംഹവും കൂടിച്ചേരുന്നു. ഇവരെല്ലാം ചേർന്നൊരുക്കുന്ന സാഹസികവും രസകരവുമായ സന്ദർഭങ്ങൾ കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്ന ഒരു ബാലസാഹിത്യ ഗ്രന്ഥമായി ഓസിലെ മായാവിയെ മാറ്റി. ആധുനിക കാലഘട്ടത്തിൽ ബാലസാഹിത്യ രംഗത്തെ ക്ലാസിക് കൃതിയായി ഈ നോവൽ വിലയിരുത്തപ്പെടുന്നു. ഈ പുസ്തകത്തിന്റെ വിജയത്തെ തുടർന്ന് ഓസ് പരമ്പരകൾ തന്നെ എൽ ഫ്രാങ്ക്ബോം എഴുതിയിട്ടുണ്ട്.

ഈ നോവൽ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ജെ. ദേവികയാണ്. മൂലകൃതിയുടെ സത്ത ഒട്ടും ചോർന്നുപോകാതെയുള്ള പരിഭാഷ ഏറെ ഹൃദ്യമാണ്. ഓസിലെ മായാവിയുടെ ഉദ്വേഗജനകമായ കഥ കൊച്ചുകൂട്ടുകാർക്കായി സന്തോഷപൂർവം സമർപ്പിക്കുന്നു.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

# ഉള്ളടക്കം

1. ചുഴലിക്കാറ്റിന്റെ കുസൃതി ................................................ 9
2. മഞ്ച്കിൻകളുടെ നാട്ടിൽ ................................................ 13
3. വൈക്കോൽ മനുഷ്യൻ ................................................ 19
4. കാട്ടിലൂടെ ഒരു യാത്ര ................................................ 25
5. തകരമനുഷ്യന്റെ കഥ ................................................ 29
6. പേടിത്തൊണ്ടൻ സിംഹം ................................................ 35
7. മരതകനഗരത്തിലേക്കുള്ള വഴി ................................................ 39
8. വിഷപ്പൂക്കളുടെ ചതി ................................................ 43
9. എലിറാണിയുടെ സഹായം ................................................ 47
10. മരതക നഗരകവാടത്തിൽ ................................................ 51
11. മരതകനഗരം ................................................ 56
12. ഓസ് ................................................ 60
13. മന്ത്രവാദിനിയുമായുള്ള ഏറ്റുമുട്ടൽ ................................................ 66
14. മന്ത്രവാദിനിയുടെ അന്ത്യം ................................................ 71
15. കൂട്ടുകാർ വീണ്ടും ഒന്നിക്കുന്നു ................................................ 76
16. ഓസിന്റെ രഹസ്യം ................................................ 82
17. ഓസിന്റെ കഥ ................................................ 87
18. ബലൂൺ യാത്ര ................................................ 92
19. ദക്ഷിണദേശത്തേക്കുള്ള യാത്ര ................................................ 98
20. മരങ്ങൾ ആക്രമിക്കുന്നു ................................................ 102
21. കളിമൺ മനുഷ്യരുടെ നാട്ടിൽ ................................................ 105
22. സിംഹം രാജാവാകുന്നു ................................................ 110
23. ക്വാഡ്‌ലിങ്ങ് ദേശത്തിൽ ................................................ 113
24. വീണ്ടും വീട്ടിൽ ................................................ 116

# 1. ചുഴലിക്കാറ്റിന്റെ കുസൃതി

പണ്ട്, പണ്ട്, അങ്ങ് ദൂരത്ത്, കാൻസാസ് പുൽമേടുകളുടെ നടുക്ക് ‘ഡോറത്തി’ എന്നൊരു കൊച്ചു പെൺകുട്ടി ജീവിച്ചിരുന്നു. കർഷകനായ ഹെൻറിയമ്മാവന്റെയും എമ്മാ അമ്മായിയുടെയും കൂടെയാണ് അവൾ കഴിഞ്ഞിരുന്നത്. വീട് കെട്ടാനുള്ള തടി വളരെ അകലെനിന്നു കൊണ്ടു വരേണ്ടിയിരുന്നതിനാൽ അവരുടെ വീട് വളരെ ചെറുതായിരുന്നു. നാല് ചുവരും തറയും മേൽക്കൂരയുമുള്ള ഒരു കൊച്ചുമുറി. അതിനുള്ളിൽ തുരുമ്പിച്ച ഒരു ഇരുമ്പടുപ്പും ഒരു മുട്ടൻ അലമാരിയും ഒരു മേശയും രണ്ടുമൂന്നു കസേരകളും പിന്നെ രണ്ട് കട്ടിലുകളും. അമ്മാവനും അമ്മായിക്കും ഒരു മൂലയിൽ വലിയ ഒരു കട്ടിൽ– ഡോറത്തിക്ക് മറ്റേ മൂലയിൽ ചെറിയ കട്ടിൽ. വീട്ടിന് ഒരു തട്ടിൻപുറമോ പത്തായമോ ഇല്ല. ഉള്ളതോ തറയിൽ കുഴിച്ച ഒരു ചെറിയ കുഴി. ‘കൊടുങ്കാറ്റുപത്തായം’ എന്നാണ് അതിന്റെ പേര്. പുൽമേടുകളിൽ ഇടയ്ക്കിടയ്ക്ക് ഉണ്ടാകാറുള്ള അതിശക്തമായ കൊടുങ്കാറ്റുകൾ കെട്ടിടങ്ങളെ തകർത്ത് വരുമ്പോൾ ആളുകൾക്ക് രക്ഷപ്പെട്ടിരിക്കാനുള്ള ചെറിയ പത്തായമായിരുന്നു ഇത്. തറയുടെ നടുക്കുള്ള ഒരു രഹസ്യവാതിൽ തുറന്നാൽ ഒരു കോണിവഴി ഈ ചെറിയ ഇരുൾമുറിയിലേക്ക് ഇറങ്ങാം.

വാതിൽപ്പടിയിൽ നിന്ന് പുറത്തേക്ക് എത്തിനോക്കുമ്പോൾ ചുറ്റും ചാരനിറത്തിൽ പരന്നുകിടക്കുന്ന വിശാലമായ പുൽപ്പരപ്പുകളല്ലാതെ മറ്റൊന്നും തന്നെ കാണാനുണ്ടായിരുന്നില്ല. ചക്രവാളത്തിന്റെ അറ്റം വരെ ഒരു മരമോ വീടോ പോലുമില്ല. ഉഴുതുമറിച്ച മണ്ണ് വെയിലേറ്റ് ഉണങ്ങിവരണ്ട് ചാരനിറമായി കഴിഞ്ഞിരുന്നു. പുല്ലിനുപോലും പച്ചനിറമില്ലായിരുന്നു; അതിനെപോലും സൂര്യൻ ഉണക്കി ചാരനിറമാക്കി. സൂര്യന്റെ ചൂടിൽ വീടിന്റെ ചുവരുകളിലെ പെയിന്റുപോലും വരണ്ട് ഇളകി മറ്റെല്ലാത്തിനെപ്പോലെയും ഒരു

തരം മുഷിപ്പൻ നിറമായിത്തീർന്നിരുന്നു.

എമ്മാ അമ്മായി അവിടെ താമസിക്കാൻ വന്നപ്പോൾ സുന്ദരിയായ ചെറുപ്പക്കാരിയായിരുന്നു. വെയിലും കാറ്റും കൊണ്ട് അവർ ആകെ മാറിയിരിക്കുന്നു. തിളങ്ങുന്ന കണ്ണുകളാകെ മങ്ങിപ്പോയി. കവിളുകളിലെ തുടുപ്പും ഇല്ലാതെയായി. അവരുടെ ശരീരം ആകെ ഉണങ്ങിപ്പോയിരുന്നു. ഇപ്പോൾ അവർ ചിരിക്കാറുപോലുമില്ല. അനാഥയായ ഡോറത്തി അവരോടൊപ്പം താമസിക്കാൻ എത്തിയ കാലത്ത് അവളുടെ പൊട്ടിച്ചിരി എമ്മാ അമ്മായിയെ വല്ലാതെ പരിഭ്രമിപ്പിച്ചിരുന്നു. ഇത്ര മുഷിപ്പനായ ജീവിതത്തിലും ഡോറത്തിക്ക് സന്തോഷിക്കാൻ എന്തെങ്കിലുമുണ്ട് എന്നത് അവരെ എന്നും വിസ്മയിപ്പിച്ചിരുന്നു.

ഹെൻറിയമ്മാവനാകട്ടെ ഒരിക്കലും ചിരിച്ചിരുന്നില്ല. പകലന്തിയോളം പണിയെടുത്തിരുന്ന അയാൾക്ക് സന്തോഷമെന്തെന്ന് അറിയില്ലായിരുന്നു. നീണ്ടു നരച്ച താടിയും പൊടിപിടിച്ച ബൂട്ട്സും അയാൾക്ക് ആകപ്പാടെ ഒരു ചാരനിറം കൊടുത്തു. ഗൗരവക്കാരനായ വളരെ കുറച്ചു മാത്രം സംസാരിക്കുന്ന മനുഷ്യൻ.

എന്നാൽ ഡോറത്തിയെ മാത്രം ഈ മുരടിപ്പ് ബാധിച്ചിരുന്നില്ല. അതിനു കാരണം 'ടോട്ടോ'യാണ്. അവൻ ഡോറത്തിയെ ചിരിപ്പിച്ചിരുന്നു. ടോട്ടോയ്ക്ക് ചാരനിറമായിരുന്നില്ല. അവൻ നല്ല കറുമ്പനായിരുന്നു. നീണ്ട, പട്ടുപോലെയുള്ള മുടിയും, എപ്പോഴും തിളങ്ങുന്ന കുസൃതി നിറഞ്ഞ കറുത്ത കണ്ണുകളും കുഞ്ഞി മൂക്കുമുള്ള ടോട്ടോയായിരുന്നു ഡോറത്തിയുടെ ഉറ്റ തോഴൻ.

പക്ഷേ, ഇന്ന് അവർ കളി നിർത്തിവച്ചിരിക്കുകയാണ്. മൂടിക്കെട്ടി നിൽക്കുന്ന ആകാശത്തേക്ക് വീടിന്റെ പടിയിലിരുന്നുകൊണ്ട് ഹെൻറി അമ്മാവൻ ആകാംക്ഷയോടെ നോക്കുകയാണ്. ഡോറത്തി ടോട്ടോയെ കൈയിലെടുത്തുകൊണ്ട് വാതിലിൽ ചാരി നിൽക്കുകയായിരുന്നു. എമ്മാ അമ്മായി പാത്രം കഴുകിക്കൊണ്ട് പിന്നിൽ നിൽക്കുന്നു.

ദൂരെ, വടക്കു വശത്തുനിന്ന് കാറ്റിന്റെ നേരിയ ഒച്ച കേൾക്കാം. പുല്ല്, കാറ്റിൽ ശക്തമായി ഉലയുന്നത് ഡോറത്തിക്കും ഹെൻറി അമ്മാവനും കാണാമായിരുന്നു. പെട്ടെന്ന് തെക്കുഭാഗത്തുനിന്ന് അതിശക്തമായി വീശുന്ന കാറ്റിന്റെ അലർച്ച കേൾക്കാൻ തുടങ്ങി. അവിടെയും പുൽപ്പരപ്പ് ഇളകി മറിയുന്നത് അവർ കണ്ടു.

പെട്ടെന്ന് ഹെൻറിയമ്മാവൻ എഴുന്നേറ്റു. 'എമ്മാ, ഒരു ചുഴലിക്കാറ്റിനുള്ള പുറപ്പാടാണെന്നു തോന്നുന്നു.' ഭാര്യയെ വിളിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. 'ഞാൻ കന്നുകാലികളെ ഒന്നു പോയി നോക്കട്ടെ.' പശുക്കളെയും കുതിരകളെയും കെട്ടിയിടുന്ന ഷെഡ്ഡുകളിലേക്ക് അദ്ദേഹം ഓടി.

എമ്മാ അമ്മായി പാത്രങ്ങൾ അവിടെത്തന്നെയിട്ടിട്ട് വാതിൽക്കലേക്ക്

വന്നു. ഒറ്റനോട്ടത്തിൽ അവർക്ക് അപകടം പിടികിട്ടി.

'ഡോറത്തീ! വേഗം! വേഗം! അവർ നിലവിളിച്ചു. ഓടി പത്തായത്തിൽ കയറൂ!'

ടോട്ടോ ഡോറത്തിയുടെ കൈയിൽ നിന്ന് കുതിച്ചു ചാടി കട്ടിലിനടിയിൽ നിന്നു. ഡോറത്തി അവനെ പിടിക്കാനായി കട്ടിലിനടിയിലേക്കു ചെന്നു. വല്ലാതെ ഭയന്നുപോയ എമ്മാ അമ്മായി രഹസ്യവാതിൽ തുറന്ന് കോണി വഴി ഇരുട്ടുമുറിയിലേക്ക് വേഗം ഇറങ്ങി. ടോട്ടോയെ പിടികൂടിയ ഡോറത്തി അമ്മായിയുടെ പിന്നാലെ ഇറങ്ങാൻ തുടങ്ങുകയായിരുന്നു. എന്നാൽ രഹസ്യവാതിലിന്റെ അടുത്തെത്തും മുമ്പേ കാറ്റ് ഭയങ്കരമായി ഒന്നു ചീറി. വീടാകെ കുലുങ്ങാൻ തുടങ്ങി. ഡോറത്തിയുടെ കാല് തെറ്റി. അവൾ നിലത്തിരുന്നു പോയി. പെട്ടെന്ന് വിസ്മയകരമായ ഒരു സംഭവം ഉണ്ടായി. വീട് രണ്ടുമൂന്നുവട്ടം കിടന്നു കറങ്ങി. പിന്നീട് അത് മുകളിലേക്ക് സാവധാനം ഉയർന്നു തുടങ്ങി. താൻ ഒരു ബലൂണിൽ സഞ്ചരിക്കുകയാണ് എന്ന് ഡോറത്തിക്ക് തോന്നി.

ഡോറത്തിയുടെ വീടിനെ എടുത്തുകൊണ്ടുപോയത് ഒരു ചുഴലിക്കാറ്റായിരുന്നു. വടക്കുനിന്നും തെക്കുനിന്നും വന്ന് കാറ്റുകൾ ഒത്തുചേർന്നത് കൃത്യമായി ഡോറത്തിയുടെ വീടിനു മുകളിലായിരുന്നു. ചുഴലിക്കാറ്റിന്റെ മധ്യഭാഗം പൊതുവെ ശാന്തമാണ്. എന്നാൽ ചുറ്റുമുള്ള വായു ഏൽപിക്കുന്ന ഭീമമായ മർദംമൂലം വീട് ആകാശത്തിലേക്ക് ഉയർന്നുകൊണ്ടേയിരുന്നു. ചുഴ



ലിക്കാറ്റ് അതിനെ വളരെ ഉയരത്തിലേക്ക് പറത്തി. കാറ്റ് നീങ്ങുന്നതിനോടൊപ്പം ആ കൊച്ചുവീടും വളരെ വളരെ ദൂരേക്ക്. ആയിരക്കണക്കിന് മൈലുകൾ അകലേക്ക് ഒരു തൂവലിനെപ്പോലെ പറന്നുകൊണ്ടേയിരുന്നു.

വീടിനുള്ളിൽ ആകെ ഇരുട്ടായിരുന്നു. കാറ്റിന്റെ അലർച്ച അസഹ്യമായിരുന്നെങ്കിലും ഡോറത്തിക്ക് ഈ യാത്ര അത്ര ആയാസകരമായി തോന്നിയില്ല. ആദ്യത്തെ ഒന്നുരണ്ടു കറക്കങ്ങൾക്കു ശേഷം താൻ തൊട്ടിലിൽ കിടന്ന് ആടുന്നതുപോലെ ഡോറത്തിക്ക് തോന്നി.

പക്ഷേ, ടോട്ടോയ്ക്ക് ഇതൊട്ടും പിടിച്ചില്ല. അവൻ മുറിയിൽ അങ്ങിങ്ങ് ഓടിനടന്നും ഉച്ചത്തിൽ കുരച്ചും തന്റെ പ്രതിഷേധം രേഖപ്പെടുത്തി. ഡോറത്തി അനങ്ങാതെ തറയിൽ തന്നെയിരുന്നു. ഒരുതവണ ടോട്ടോ രഹസ്യവാതിലിലൂടെ പുറത്തേക്ക് വീണുപോയതാണ്–പാവം ഡോറത്തി ആകെ ഭയപ്പെട്ടുപോവുകയും ചെയ്തു. പക്ഷെ. വാതിലിലൂടെ എത്തി നോക്കിയപ്പോൾ ടോട്ടോയുടെ ചെവി കമ്പുപോലെ പൊങ്ങിനിൽക്കുന്നത് കണ്ടു. ശക്തമായ വായുമർദം അവനെ താഴേക്കു വീഴാതെ താങ്ങിനിർത്തി. ഡോറത്തി മെല്ലെ ഇഴഞ്ഞു ചെന്ന് ടോട്ടോയുടെ ചെവിയിൽ പിടിച്ച് അവനെ വലിച്ചുകയറ്റി. ഇനിയും അപകടങ്ങൾ ഉണ്ടാകാതിരിക്കാനായി രഹസ്യവാതിൽ അടച്ചിടുകയും ചെയ്തു.

മണിക്കൂറുകൾ ഒന്നൊന്നായി കൊഴിഞ്ഞു പോയ്ക്കൊണ്ടിരുന്നു. പതുക്കെ പതുക്കെ ഡോറത്തിക്ക് ധൈര്യം വന്നു. പക്ഷെ, അവൾക്ക് വല്ലാതെ ബോറടിക്കാൻ തുടങ്ങി. മാത്രമല്ല കാറ്റിന്റെ നിലവിളിമൂലം അവളുടെ ചെവി പൊട്ടിപ്പോകുമെന്ന് അവൾക്ക് തോന്നിപ്പോയി. ആദ്യമാദ്യം വീടെങ്ങാനും ഭൂമിയിലേക്ക് വീണു തകർന്നു പോകുമോ എന്ന് അവൾക്ക് പേടിയായിരുന്നു. മണിക്കൂറുകൾ കഴിഞ്ഞിട്ടും ഒന്നും സംഭവിക്കാത്തതുകൊണ്ട് അവളുടെ ഭയമെല്ലാം ഓടിപ്പോയി. വരുന്നത് വരുന്നിടത്തുവച്ചു കാണാമെന്ന് അവൾ തീരുമാനിച്ചു. അവസാനം അവൾ തറയിലൂടെ ഇഴഞ്ഞ് തന്റെ കട്ടിലിൽ കയറികിടന്നു; ടോട്ടോയും പിന്നാലെ കട്ടിലിലേക്കു കയറി.

വീട് വല്ലാതെ ഉലയുന്നുണ്ടായിരുന്നെങ്കിലും ഡോറത്തി വളരെ വേഗം ഉറങ്ങിപ്പോയി.

# 2. മഞ്ച്കിൻകളുടെ നാട്ടിൽ

വീട് വല്ലാതെയൊന്ന് ഉലഞ്ഞപ്പോഴാണ് ഡോറത്തി ഞെട്ടി ഉണർന്നത്. ഒരു നിമിഷത്തേക്ക് അവൾ വല്ലാതെ പേടിച്ചുപോയി. ടോട്ടോ അവളോട് ചേർന്നുനിന്നു മോങ്ങാൻ തുടങ്ങി. വീട് നിശ്ചലമായിക്കഴിഞ്ഞുവെന്ന് അവൾക്കു മനസ്സിലായി. മാത്രമല്ല വീടിന്റെ ഉള്ളിലാകെ സൂര്യപ്രകാശം വന്നു നിറഞ്ഞിരുന്നു. ഡോറത്തി കട്ടിലിൽ നിന്ന് ചാടിയെഴുന്നേറ്റു. അവളും ടോട്ടോയും കൂടി വാതിൽ തുറന്നു.

പുറത്തുകണ്ട കാഴ്ച അവളെ ആകെ അമ്പരപ്പിച്ചു. അത്ഭുതവും സന്തോഷവും കൊണ്ട് അവൾ നിലവിളിച്ചുപോയി. മുന്നിൽ കണ്ട അതിസുന്ദരമായ കാഴ്ചകൾ വിശ്വസിക്കാൻ പോലും അവൾക്ക് കഴിഞ്ഞില്ല.

അതിമനോഹരമായ ഒരു പ്രദേശത്താണ് വീട് വന്നിറങ്ങിയത്. ചുറ്റും തഴച്ചുവളരുന്ന പച്ച പുൽത്തകിടി. ഇടയ്ക്കിടയ്ക്ക് തലയുയർത്തിനിൽക്കുന്ന വൻമരങ്ങൾ. അവയുടെ ചില്ലകൾ പല വർണങ്ങളിലുള്ള പൂക്കളും പഴുത്ത കായ്കളുംകൊണ്ട് നിറഞ്ഞുനിൽക്കുന്നു. എങ്ങും ആയിരം നിറങ്ങളിൽ പൂക്കൾ പുഞ്ചിരിച്ചു നിൽക്കുന്നു. അത്ഭുതകരമായ സൗന്ദര്യമുള്ള പക്ഷികൾ മധുരമായി പാടുന്നു. കുറച്ചകലെ ഒരു തെളിഞ്ഞ അരുവി കളകളാരവം മുഴക്കി ഒഴുകുന്നു. ഉണങ്ങിവരണ്ട വിരസമായ കാൻസാസിൽ നിന്ന് വരുന്ന ഒരു പെൺകുട്ടിക്ക് സന്തോഷംകൊണ്ട് തുള്ളിച്ചാടാൻ മറ്റെന്തു വേണം?

ആനന്ദം കൊണ്ട് തിളങ്ങുന്ന കണ്ണുകളോടെ ഡോറത്തി ചുറ്റും നോക്കി. പെട്ടെന്ന് അവൾ തന്റെ നേരെ ഒരു സംഘം ആളുകൾ വരുന്നതുകണ്ടു. വിചിത്ര മനുഷ്യർ! ഇത്തരത്തിലുള്ളവരെ ഡോറത്തി കണ്ടിട്ടേയില്ല. സാധാരണ മുതിർന്നവരെപ്പോലെ പൊക്കമുള്ളവരായിരുന്നില്ല അവർ; എന്നാൽ

തീരെ കുള്ളന്മാരല്ലായിരുന്നു താനും. ഏകദേശം ഡോറത്തിയോളം പൊക്ക മുള്ളവരായിരുന്നു അവരെല്ലാം. എന്നാൽ മുഖം കണ്ടാലറിയാം അവർക്ക് പ്രായം കൂടുതലുണ്ടെന്ന്.

മൂന്ന് ആണുങ്ങളും ഒരു സ്ത്രീയും– എല്ലാവരും വിചിത്രമായ വേഷം ധരിച്ചവർ. ഒരടിയോളം പൊക്കം വരുന്ന വട്ടത്തൊപ്പികളാണ് എല്ലാവരു ടെയും തലയിൽ. മുകളിൽ തൂക്കിയ മണികളുടെ മധുരമായ കിലുക്കം ഡോറത്തിക്ക് കേൾക്കാം. ആണുങ്ങളുടേത് നീലത്തൊപ്പി. സ്ത്രീയുടേതിന് വെളുത്ത നിറം. കുഞ്ഞു നക്ഷത്രങ്ങൾപോലെ വെയിലത്ത് വെട്ടിത്തിള ങ്ങുന്ന മുത്തുകൾ തുന്നിപ്പിടിപ്പിച്ച വെളുത്ത കുപ്പായമാണ് സ്ത്രീ ധരിച്ചി രുന്നത്. നീലയുടുപ്പും നീല ഷൂസുമാണ് ആണുങ്ങളുടെ വേഷം. ഇവർക്ക് ഹെൻറിയമ്മാവന്റെ പ്രായം കാണും– ഡോറത്തി ഓർത്തു. പക്ഷേ, സ്ത്രീക്ക് നിശ്ചയമായും കൂടുതൽ പ്രായം വരും. അവരുടെ മുഖം നിറയെ ചുളിവുക ളായിരുന്നു. മുടി നരച്ചിരുന്നു. അൽപം വിഷമിച്ചായിരുന്നു അവർ നടന്നത്.

നടന്നുനടന്ന് അവർ വീടിന്റെ സമീപത്തെത്തി. വാതിൽക്കൽ ഡോറ ത്തിയെ കണ്ടയുടൻ അവർ തമ്മിൽത്തമ്മിൽ കുശുകുശുക്കാൻ തുടങ്ങി. പിന്നീട് വയസ്സി, ഡോറത്തിയുടെ അടുക്കലേക്ക് വന്നു. ഡോറത്തിയെ വണങ്ങി സൗമ്യമായ ശബ്ദത്തിൽ അവർ സംസാരിച്ചു തുടങ്ങി.

'അല്ലയോ മന്ത്രവാദിനി! മഞ്ച്കിൻകളുടെ നാട്ടിലേക്ക് സ്വാഗതം! പൗര സ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ നിങ്ങൾ നശിപ്പിച്ചതിന് നന്ദി!'

ഡോറത്തി അത്ഭുതത്തോടെ ഇതുകേട്ടു. ഇതൊന്നും അവൾ അറിഞ്ഞി ട്ടുപോലുമില്ലായിരുന്നു. മന്ത്രവാദിനിയോ! മഞ്ച്കിനോ! ഡോറത്തി അന്തം വിട്ടു.

അമ്മൂമ്മ ഡോറത്തിയുടെ മറുപടി കാത്തുനിൽക്കുകയായിരുന്നു. അവൾ പറഞ്ഞു.

'നിങ്ങൾക്കു നന്ദി. പക്ഷെ, എന്തോ തെറ്റ് പറ്റിയിട്ടുണ്ടെന്ന് തോന്നുന്നു. ഞാൻ ആരെയും കൊന്നിട്ടില്ല.'

വയസ്സി ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: 'നിങ്ങൾ കൊന്നില്ല. പക്ഷെ, നിങ്ങളുടെ വീട് വന്നു വീണത് അവരുടെ തലയിലാണ്. വീടിന്റെ മൂലയി ലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അവർ പറഞ്ഞു: അതാ നോക്കൂ. അവരുടെ രണ്ടു കാലുകളും കാണാം. ഡോറത്തി ഭയം കൊണ്ട് കരഞ്ഞുപോയി. വീടിന്റെ അടിയിലായി രണ്ടു കാലുകൾ കാണാമായിരുന്നു. വെള്ളിച്ചെരിപ്പു കൾ അണിഞ്ഞ കാലുകൾ.

"അയ്യയ്യോ" ഡോറത്തി കരഞ്ഞു. "നമ്മൾ എന്തു ചെയ്യും?"

"ഒന്നും ചെയ്യാനില്ല." വയസ്സി പറഞ്ഞു.

"പക്ഷെ, ആരാണിവർ" ഡോറത്തി ചോദിച്ചു.

"പൗരസ്ത്യ ദേശത്തിലെ പരമദുഷ്ടയായ മന്ത്രവാദിനി. വളരെക്കാലമായി അവൾ മഞ്ച്കിൻ വർഗക്കാരെ അടിമകളാക്കി വച്ചിരിക്കുകയായിരുന്നു. നിങ്ങൾ കാരണം ഇന്ന് ഞങ്ങൾ സ്വതന്ത്രരായിരിക്കുന്നു."

"ആരാണീ മഞ്ച്കിനുകൾ?"

"ഈ ദേശത്ത് വസിക്കുന്നവരാണ് മഞ്ച്കിനുകൾ."

"നിങ്ങൾ ഒരു മഞ്ച്കിനാണോ?"

"അല്ല. പക്ഷേ, ഞാൻ അവരുടെ സുഹൃത്താണ്."

"പൗരസ്ത്യ ദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനി മരിച്ചുവെന്ന് അറിഞ്ഞയുടനെ അവർ എനിക്ക് സന്ദേശമയച്ചു. ഞാൻ ഉടനടി പോന്നു. ഉത്തരദേശത്തെ മന്ത്രവാദിനിയാണ് ഞാൻ."

"അപ്പോൾ നിങ്ങൾ ഒരു യഥാർഥ മന്ത്രവാദിനിയാണോ?" ഡോറത്തിയുടെ കണ്ണുകൾ വിസ്മയം കൊണ്ട് വികസിച്ചു.

"അതെ, വയസ്സി പറഞ്ഞു. പക്ഷെ, ഞാൻ ഒരു നല്ല മന്ത്രവാദിനിയാണ്. എന്റെ പ്രജകൾ എന്നെ സ്നേഹിക്കുന്നു. എനിക്ക് പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയുടെയത്ര ശക്തി ഇല്ല. അതുകൊണ്ട് എനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല."

യഥാർഥത്തിലുള്ള ഒരു മന്ത്രവാദിനിയെ മുന്നിൽ കണ്ടപ്പോൾ, ഡോറത്തിക്ക് അൽപം പരിഭ്രമം തോന്നാതിരുന്നില്ല. എല്ലാ മന്ത്രവാദിനികളും ദുഷ്ടകളാണെന്നായിരുന്നു എന്റെ ധാരണ." അവൾ പറഞ്ഞു.

"അല്ലേയല്ല! വലിയ തെറ്റാണത്! 'ഓസ്' എന്ന മഹാരാജ്യത്തിൽ നാല് മന്ത്രവാദിനികളേയുള്ളൂ. അതിൽ ഉത്തരദേശത്തും ദക്ഷിണദേശത്തും ഉള്ളവർ ദുഷ്ടകളാണ്. പക്ഷേ, ഇന്ന് നിങ്ങൾ കാരണം അതിൽ ഒരുവളെങ്കിലും ഒഴിഞ്ഞുകിട്ടി! ഇനി ഒരുത്തിയെ മാത്രമേ പേടിക്കേണ്ടൂ!

ഒരു നിമിഷം ചിന്തിച്ചശേഷം ഡോറത്തി പറഞ്ഞു.

"പക്ഷേ, എമ്മാ അമ്മായി പറഞ്ഞിട്ടുണ്ടല്ലോ– മന്ത്രവാദിനികൾ ഇക്കാലത്ത് ഇല്ലെന്ന്!"

"ആരാണ്, ഈ എമ്മാ അമ്മായി?" വയസ്സി ചോദിച്ചു.

"എന്റെ അമ്മായിയാണ്. കാൻസാസിലാണ് ഞങ്ങൾ താമസിക്കുന്നത്...."

ഉത്തരദേശത്തെ മന്ത്രവാദിനി തലതാഴ്ത്തി അല്പനേരം ആലോചിച്ചു: പിന്നീട് അവർ പറഞ്ഞു:

"എനിക്ക് ഈ കാൻസാസിനെക്കുറിച്ച് ഒന്നുമറിയില്ല. ആ സ്ഥലത്തെപ്പറ്റി ഞാൻ കേട്ടിട്ടുപോലുമില്ല. ഞാനൊന്ന് ചോദിക്കട്ടെ. അത് ഒരു ആധുനിക ദേശമാണോ?"

"അതേയല്ലോ." ഡോറത്തി പറഞ്ഞു.

"ങാ, വെറുതെയല്ല! ഈ ആധുനികരാജ്യങ്ങളിലൊന്നും മന്ത്രവാദിനികളോ മായാവികളോ ഇല്ല. 'ഓസ്' മഹാരാജ്യം ഒരു ആധുനിക രാജ്യമല്ല. ലോകത്തെ മറ്റ് രാജ്യങ്ങളുമായി ഞങ്ങൾക്ക് ഒരു ബന്ധവുമില്ല. അതുകൊണ്ട് ഞങ്ങളുടെയിടയിൽ മന്ത്രവാദിനികളും മായാവികളും ഉണ്ട്."

"ആരാണ് മായാവികൾ?" ഡോറത്തിക്ക് ഉത്സാഹമായി.

"ഓസ് ഒരു മഹാമാന്ത്രികനാണ്" ശബ്ദം താഴ്ത്തിക്കൊണ്ട് അവർ പറഞ്ഞു.

"ഞങ്ങൾ നാലാളേക്കാളും. ഈ നാട്ടിലെ എല്ലാ മന്ത്രവാദികളെക്കാളും മന്ത്രവാദിനികളെക്കാളും ശക്തനാണ് അദ്ദേഹം. മരതക നഗരത്തിലാണ് അദ്ദേഹം ജീവിക്കുന്നത്.

മറ്റെന്തെങ്കിലും ചോദിക്കാൻ ഡോറത്തി തുനിയവെ അതുവരെ ശബ്ദിക്കാതെ നിന്ന മഞ്ച്കിൻകൾ പെട്ടെന്ന് നിലവിളിച്ചു. വീടിന്റെയടിയിൽ നിന്ന് പുറത്തേക്ക് തള്ളിനിന്ന കാലുകൾ കാണാതായിരിക്കുന്നു!!

'ഓ അതു സാരമില്ല' വയസ്സി ചിരിച്ചു. അവർക്ക് എത്ര വയസ്സായീന്നാണ് നിങ്ങളുടെ വിചാരം? അനേകായിരം വർഷം അവർ ജീവിച്ചിട്ടുണ്ട്. അതുകൊണ്ട് അവരുടെ ശരീരം പെട്ടെന്ന് നശിച്ചുപോയി. പക്ഷേ, ആ കിടക്കുന്ന വെള്ളി ചെരുപ്പുകളുണ്ടല്ലോ, അത് നിങ്ങൾക്കുള്ളതാണ്.

അവർ കുനിഞ്ഞ് ചെരുപ്പെടുത്ത് ഡോറത്തിയെ ഏൽപിച്ചു.

'പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിക്ക് ഇവ വളരെ പ്രിയപ്പെട്ടവയായിരുന്നു.' മഞ്ച്കിൻകളിൽ ഒരാൾ പറഞ്ഞു. മന്ത്രശക്തിയുള്ളവയാണ് ഇവ.'

ഡോറത്തി ചെരുപ്പുകളെടുത്ത് വീടിന്റെയകത്തു കൊണ്ടുവച്ചു. പിന്നീടവൾ തിരിച്ചുവന്ന് മഞ്ച്കിൻകളോട് ചോദിച്ചു:

'എന്റെ അമ്മാവനും അമ്മായിയും വല്ലാതെ വിഷമിച്ചിരിക്കുകയായിരിക്കും. വീട്ടിലേക്കുള്ള വഴി എനിക്കു പറഞ്ഞു തരാമോ?

മഞ്ച്കിൻകളും മന്ത്രവാദിനികളും പരസ്പരം നോക്കി.

"കിഴക്കേ ദിക്കിൽ, ഇവിടെ നിന്ന് അധികദൂരം പോകേണ്ട– ഒരു വലിയ മരുഭൂമിയുണ്ട്. അതു കടന്നാൽ പറ്റും. പക്വെഷ, ഇന്നുവരെ അത് ആരും കടന്നിട്ടില്ല."

"അതു തന്നെയാണ് തെക്കോട്ടു പോയാലും." മറ്റൊരാൾ പറഞ്ഞു.

"ക്വാഡ്‌ലിങ്ങ് വർഗക്കാരാണ് അവിടെ താമസിക്കുന്നത്."

"അയ്യോ പടിഞ്ഞാറെ വഴി പോകരുതേ" മൂന്നാമൻ പറഞ്ഞു.

"പിൻകി വർഗക്കാരാണ് അവിടെ അവരെ ഭരിക്കുന്ന പശ്ചിമദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനി നിങ്ങളെ അടിമയാക്കിക്കളയും.

"ഞാൻ വടക്കുനിന്നാണ് വരുന്നത്. വയസ്സി പറഞ്ഞു. എന്റെയറിവിൽ

വടക്ക് പോകുന്ന പാത അവസാനിക്കുന്നതും ഒരു വൻ മരുഭൂമിയിലാണ്. അതുകൊണ്ട് വീട്ടിലേക്ക് മടങ്ങാമെന്ന് നീ കരുതണ്ട. ഞങ്ങളോടൊപ്പം നിനക്ക് ജീവിക്കാം.”

ഡോറത്തിക്ക് സങ്കടം വന്നു. വിചിത്ര മനുഷ്യരുടെയിടയിൽ അവൾക്ക് ഒറ്റപ്പെട്ടതുപോലെ തോന്നി. അവളുടെ കണ്ണുനീരു കണ്ട് മഞ്ച്കിൻകളും കരയാൻ തുടങ്ങി. കീശയിൽ നിന്ന് നീല തൂവാലകൾ പുറത്തെടുത്ത് അവർ കണ്ണുതുടച്ചു. വയസ്സിയാകട്ടെ ഇതിനിടയിൽ ഒരു ചെപ്പടിവിദ്യ കാട്ടി. തന്റെ തൊപ്പി തലയിൽ നിന്നൂരി അതിന്റെ കൂർത്തയറ്റം തന്റെ മൂക്കിന്റെയറ്റത്ത് സൂത്രത്തിൽ നിർത്തി. എന്നിട്ട് വളരെ ഗൗരവത്തോടെ ‘ഒന്ന്, രണ്ട്, മൂന്ന്’ എന്നെണ്ണി. ഉടനടി തൊപ്പി ഒരു സ്ലേറ്റായി മാറി! അതിൽ വലിയ അക്ഷര ത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരുന്നു:

“ഡോറത്തിയെ മരതകനഗരത്തിലേക്ക് പോകാൻ അനുവദിക്കുക!!”

വയസ്സി തന്റെ മൂക്കിൽ നിന്ന് സ്ലേറ്റ് എടുത്തു മാറ്റി. അവർ തിരക്കി. കുഞ്ഞേ നിന്റെ പേർ ‘ഡോറത്തി’ എന്നാണോ?’

കണ്ണുനീരൊപ്പിക്കൊണ്ട് ഡോറത്തി പറഞ്ഞു: അതെ.

“എന്നാൽ നീ മരതകനഗരത്തിൽ പോയി ഓസിനെ കാണണം.”

“അമ്മൂമ്മേ, ആരാണ് ഈ ‘ഓസ്’?”



“ഒരു വലിയ മന്ത്രവാദിയാണ് മോളേ. മനുഷ്യനാണോ എന്ന് എനിക്കു തന്നെ അറിയില്ല. ഈ രാജ്യത്തിന്റെ ഒത്ത നടുക്കുള്ള മരതക നഗരത്തിലാണ് അദ്ദേഹത്തിന്റെ കൊട്ടാരം. വളരെ നല്ല മാന്ത്രികനായതുകൊണ്ട് അദ്ദേഹം നിന്നെ സഹായിക്കും.”

“ഞാനവിടെ എത്തുന്നതെങ്ങനെ?” ഡോറത്തി ചോദിച്ചു.

“നടന്നുപോകണം. നീണ്ടതും അപകടം പിടിച്ചതുമായ യാത്രയാണ്. പക്ഷെ, എന്റെ മന്ത്രവാദമുപയോഗിച്ച് നിന്നെ ആപത്തിൽ നിന്ന് ഞാൻ രക്ഷപ്പെടുത്താം.”

“എന്റെ കൂടെ നിങ്ങളും വരുമോ, അമ്മൂമ്മേ? ഡോറത്തി ദയനീയ സ്വരത്തിൽ ചോദിച്ചു.

“ഇല്ല മോളേ! പക്ഷേ നീ ഭയപ്പെടേണ്ട. ഉത്തരദേശത്തെ മന്ത്രവാദിനി ചുംബിച്ച ആരേയും ഒരു ജീവിയും ഉപദ്രവിക്കില്ല.”

അവർ മുന്നോട്ടുവന്ന് ഡോറത്തിയുടെ നെറുകയിൽ ചുംബിച്ചു. ആ സ്ഥാനത്ത് വെളുത്ത വെള്ളിപോലെ തിളങ്ങുന്ന ഒരടയാളമുണ്ടായി.

“മരതകനഗരത്തിലേക്കുള്ള വഴി മഞ്ഞനിറമുള്ള കല്ലുകൾ കൊണ്ട് തീർത്തതാണ്. അതുകൊണ്ട് നിനക്ക് വഴി തെറ്റുകയില്ല. ധൈര്യമായി പോകൂ. ഓസിനോട് എല്ലാം മടികൂടാതെ പറയണം. ഇനി ഞങ്ങൾ പോകട്ടെ, മോളേ!

മൂന്ന് മഞ്ച്കിനുകളും ഡോറത്തിയെ താണു വണങ്ങിക്കൊണ്ട് അവൾക്ക് യാത്രാമംഗളം നേർന്നു. മന്ത്രവാദിനി നിന്നിടത്തു നിന്ന് മൂന്നുതവണ കറങ്ങി! ഉടനടി അവർ അപ്രത്യക്ഷയായി! പാവം ടോട്ടോയാണ് ആകെ അമ്പരന്നുപോയത്. അവൻ ഉറക്കെ കുരയ്ക്കാൻ തുടങ്ങി. അത്രയും നേരം മന്ത്രവാദിനിയെ പേടിച്ച് അവൻ മിണ്ടാതിരിക്കുകയായിരുന്നു.

പക്ഷേ, അവർ ഒരു മന്ത്രവാദിനിയാണെന്ന് അറിയാമായിരുന്ന ഡോറത്തിക്ക് അതിൽ തെല്ലും അത്ഭുതം തോന്നിയില്ല.

# 3. വൈക്കോൽ മനുഷ്യൻ

ഒറ്റയ്ക്കായപ്പോൾ ഡോറത്തിയ്ക്ക് വിശന്നുതുടങ്ങി. അവൾ അലമാരി യിൽ നിന്ന് റൊട്ടിയും വെണ്ണയും പുറത്തെടുത്ത് പ്രാതലിനുള്ള ഒരുക്ക ങ്ങൾ തുടങ്ങി. എന്നിട്ട് അരുവിയിൽ നിന്ന് ഒരുതൊട്ടി നിറയെ തെളിഞ്ഞ വെള്ളം കോരിക്കൊണ്ടുവന്നു. ടോട്ടോയ്ക്കും റൊട്ടിയുടെ ഒരു പങ്ക് കിട്ടി. വയറുനിറഞ്ഞ സന്തോഷത്തിൽ അവൻ ഓടിനടന്ന് പക്ഷികളെ നോക്കി കുരയ്ക്കാൻ തുടങ്ങി. തേൻപോലെ മധുരമുള്ള പഴങ്ങൾ കൂടിയായപ്പോൾ ഡോറത്തിയുടെ പ്രാതൽ കുശാലായി!

അതിനുശേഷം അവൾ മരതകനഗരത്തിലേക്കുള്ള യാത്രയ്ക്ക് തയ്യാറാ യി. നീലയും വെള്ളയും കള്ളികളുള്ള ഒരു ഉടുപ്പാണ് ഡോറത്തി യാത്ര യ്ക്കായി തെരഞ്ഞെടുത്തത്. വെയിലു കൊള്ളാതിരിക്കാൻ അവൾ ഒരു പിങ്ക് തൊപ്പിയെടുത്ത് തലയിൽ വച്ചു. ഒരു ചെറിയ കൂടയിൽ റൊട്ടിയും വെണ്ണയും എടുത്തുവച്ച് ഒരു വെളുത്ത തുണികൊണ്ട് മൂടിയിട്ടു. പഴകി പൊട്ടാറായ തന്റെ ഷൂസുകൾക്ക് പകരം പുതിയ വെള്ളിച്ചെരുപ്പുകൾ ധരിച്ചു. ഒടുവിൽ ടോട്ടോയെ കൂടെ കൂട്ടിക്കൊണ്ട് ഡോറത്തി മരതക നഗരത്തിലേക്കുള്ള യാത്ര ആരംഭിച്ചു.

"വരൂ ടോട്ടോ!" അവൾ പറഞ്ഞു:

"നമുക്ക് ഓസിന്റെ അടുക്കൽ ചെന്ന് കാൻസാസിലേക്കുള്ള വഴി ചോദി ക്കാം."

വീടു പൂട്ടി അവൾ താക്കോൽ തന്റെ കീശയിലിട്ടു.

മഞ്ഞക്കല്ലുകൾകൊണ്ട് തീർത്ത പാത കണ്ടെത്താൻ അവൾക്ക് വളരെ സമയം വേണ്ടിവന്നില്ല. ആ വഴിയെ അവൾ നടക്കാൻ തുടങ്ങി. വെയില് നല്ലതുപോലെ തെളിഞ്ഞു കഴിഞ്ഞിരുന്നു. പക്ഷികളുടെ മധുരഗാനം ഡോറ

ത്തിക്ക് കേൾക്കാമായിരുന്നു. ചുറ്റുമുള്ള സുന്ദര ദൃശ്യങ്ങൾ കണ്ടുകൊണ്ട് നടന്നതുമൂലം ഡോറത്തിയ്ക്ക് ലേശം പോലും ക്ഷീണം തോന്നിയില്ല.

ചുറ്റുമുള്ള പ്രകൃതിയുടെ അനുപമമായ സൗന്ദര്യം അവളെ അത്ഭുതപ്പെടുത്തി. റോഡിന്റെ ഇരുവശവും നീലനിറത്തിലുള്ള വേലികൾ കെട്ടിയിരുന്നു. അതിനപ്പുറം പാടങ്ങളും പച്ചക്കറിത്തോട്ടങ്ങളും ഇഷ്ടം പോലെ. പച്ചക്കറിത്തോട്ടങ്ങളിൽ വിളഞ്ഞുകിടന്ന കത്തിരിക്കയുടെയും തക്കാളിയുടെയും മറ്റും നിറവും വലുപ്പവും വിസ്മയകരമായിരുന്നു. മഞ്ച്കിനുകൾ നല്ല കൃഷിക്കാരാണെന്ന് അവൾക്ക് ബോധ്യം വന്നു! വഴിയിൽ കാണുന്നവരെല്ലാം അവളെ താണുവണങ്ങി– പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ നശിപ്പിച്ചതുകൊണ്ട് എല്ലാവർക്കും അവളോട് വലിയ ബഹുമാനമായിരുന്നു. വിചിത്രമായ വീടുകളിലാണ് മഞ്ച്കിനുകൾ താമസിച്ചിരുന്നത്. നീലനിറത്തിലുള്ള വട്ടത്തിലുള്ള ചുമര്. അതിനു മുകളിൽ ചിരട്ടപോലെയുള്ള കൂര. എല്ലാത്തിനും നീലനിറമായിരുന്നു. മഞ്ച്കിനുകൾക്ക് ഏറ്റവും പ്രിയപ്പെട്ട നിറം നീലയാണത്രെ.

നേരം വൈകിയപ്പോൾ ഡോറത്തിക്ക് ക്ഷീണം തോന്നിത്തുടങ്ങി. രാത്രിയെവിടെ കഴിച്ചുകൂട്ടുമെന്ന് ഓർക്കവെ അവൾ സത്രം പോലെയുള്ള ഒരു വലിയ വീടിനു സമീപമെത്തി. അവൾക്ക് സമാധാനമായി. വീടിന്റെ മുറ്റത്ത് ഒരു വിരുന്നു സൽക്കാരം നടക്കുന്ന പ്രതീതിയായിരുന്നു. അഞ്ചുപേർ ഒരു വശത്തുനിന്ന് മധുരമധുരമായി 'സാരംഗി' വായിക്കുന്നു. മറ്റു സ്ത്രീകളും പുരുഷന്മാരും താളത്തിനൊത്ത് നൃത്തം വയ്ക്കുന്നു. കൊച്ചുകുട്ടികൾ കൈകൊട്ടിച്ചിരിക്കുകയും ഉറക്കെ പാടുകയും ചെയ്യുന്നു. ഒരു നീല വിരിപ്പിട്ട നീലമേശപ്പുറത്ത് നീലപ്പാത്രങ്ങളിൽ നിറയെ ഭക്ഷണ സാധനങ്ങൾ നിരത്തിയിരുന്നു. കേക്കും ഐസ്ക്രീമും പായസവും ഉണ്ണിയപ്പവും രസകദളിപ്പഴവും ആപ്പിളും എല്ലാം! ഹായ്! ഡോറത്തിക്കു വായിൽ വെള്ളമൂറി.

ഡോറത്തിയെ വളരെ ബഹുമാനത്തോടെയാണ് വീട്ടുടമസ്ഥൻ സ്വീകരിച്ചത്. മഞ്ച്കിൻ നാട്ടിലെ ഒരു പ്രമാണിയുടെ വീടായിരുന്നു അത്. 'ബോക്ക്' എന്നാണ് അയാളുടെ പേര്. പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയുടെ മരണത്തിലുള്ള ആഹ്ലാദപ്രകടനമായിരുന്നു ഡോറത്തി പുറത്തു നിന്ന് കണ്ടത്.

നല്ലതുപോലെ വിശന്നിരുന്ന ഡോറത്തി ജോറായി ഭക്ഷണം കഴിച്ചു. ടോട്ടോയും വേണ്ടുവോളം തട്ടിവിട്ടു. അതിനുശേഷം അവളും ആഘോഷത്തിൽ പങ്കുചേർന്നു.

"താങ്കൾ ഒരു മഹാമന്ത്രവാദിനിയാണ് അല്ലേ?" ബോക്ക് അവളോട് ചോദിച്ചു.

ഡോറത്തി ചിരിച്ചു.

“നിങ്ങൾക്കങ്ങനെ തോന്നാനുള്ള കാരണം?”

“നിങ്ങളുടെ വെള്ളിച്ചെരുപ്പും വെളുത്ത വസ്ത്രവും കണ്ടുകൊണ്ട് ചോദിച്ചതാണ്. മാത്രമല്ല, പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ ക്കൊല്ലാൻ ചില്ലറ കൂടോത്രമൊന്നും പോര!”

“പക്ഷേ നോക്കൂ. എന്റെയുടുപ്പിൽ നീലയുണ്ടല്ലോ.”

ബോക്ക് ഹൃദ്യമായി ചിരിച്ചു.

“അത് താങ്കളുടെ നല്ല മനസ്സുകൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. മന്ത്രവാദിനികളുടെ നിറം വെള്ള. മഞ്ച്കിനുകളുടേത് നീല. താങ്കൾ ഞങ്ങളുടെ സുഹൃത്തായതുകൊണ്ടാണ് നീലയും വെള്ളയും ചേർത്ത കുപ്പായമിട്ടിരിക്കുന്നത്.

ഈ വിശദീകരണം കേട്ടപ്പോൾ ഡോറത്തിക്ക് ഉത്തരം മുട്ടി.

രാത്രിയേറെയായപ്പോൾ ബോക്ക് ഡോറത്തിയെ അതിമനോഹരമായ ഒരു കിടപ്പുമുറിയിലേക്കു കൊണ്ടുപോയി. അവിടെയും എല്ലാം നീലയായിരുന്നു. നീല കട്ടിൽ. നീല വിരിപ്പ്, നീല പുതപ്പ്, നീല മേശ, മേശപ്പുറത്ത് നീലനിറത്തിലുള്ള പൂപ്പാത്രത്തിൽ നീലപ്പൂക്കൾ ഒരുക്കിയിരുന്നു. ഡോറത്തിയും ടോട്ടോയും രാത്രി മുഴുവൻ കൂർക്കം വലിച്ചുറങ്ങി. പിറ്റേന്ന് ഒരു നീല ചിലപ്പൻ പക്ഷിയുടെ പാട്ട് കേട്ടാണ് അവർ ഉണർന്നത്.



രാവിലെയും ഭക്ഷണം കെങ്കേമമായി. ഇത്രയൊക്കെയാണെങ്കിലും ടോട്ടോയ്ക്ക് ഇതൊന്നും ഒട്ടും പിടിച്ചില്ല. മഞ്ച്കിനുകൾ പട്ടിക്കുട്ടികളെ കണ്ടിട്ടേയില്ല! അതുകൊണ്ട് മഞ്ച്കിൻ കുട്ടികൾ അവന്റെ ചുറ്റും കൂടി അവന്റെ വാലിലും മറ്റും പിടിച്ചുവലിക്കാൻ തുടങ്ങി. കുരച്ചിട്ട് യാതൊരു ഫലവുമില്ല. ആർക്കും അവനെ പേടിയില്ല. പാവം ടോട്ടോ ആരാധകരെക്കൊണ്ട് പൊറുതിമുട്ടി!

"മരതകനഗരത്തിലേക്ക് എത്ര ദൂരമുണ്ട്?" ഡോറത്തി ചോദിച്ചു.

"എനിക്കറിയില്ല" ബോക്ക് പറഞ്ഞു. "ഇവിടെനിന്ന് ഒരുപാടു ദൂരമുണ്ടെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എന്തായാലും ഈ പ്രദേശത്ത് നിങ്ങൾക്ക് പേടിക്കാനൊന്നുമില്ല. പക്ഷേ, കുറെ ദൂരെ ചെന്നാൽ അപകടം പിടിച്ച വഴിയാണെന്ന് പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്."

ഇതു കേട്ടപ്പോൾ ഡോറത്തിക്ക് അൽപം ഭയം തോന്നാതിരുന്നില്ല. പക്ഷേ, ഇനി തിരിച്ചുപോക്കില്ലെന്ന് അവൾ തീരുമാനിച്ചു കഴിഞ്ഞിരുന്നു.

കൂട്ടുകാരോട് വിടപറഞ്ഞ് അവൾ മഞ്ഞപ്പാതയിലൂടെ നടന്നു. അനേകം മൈൽ നടന്നു കഴിഞ്ഞപ്പോൾ മാത്രമേ അവൾക്ക് വിശ്രമിക്കണമെന്ന് തോന്നിയുള്ളൂ. അടുത്തുകണ്ട ഒരു വേലിയിൽ അവൾ കയറിയിരുന്നു. മുമ്പിൽ വിശാലമായി പരന്നുകിടക്കുന്ന ഗോതമ്പുപാടം. അതിന്റെ നടുക്ക് കിളികളെ പേടിപ്പിക്കാൻ വേണ്ടി നാട്ടി നിർത്തിയിരിക്കുന്ന ഒരു വൈക്കോൽ മനുഷ്യൻ. ഡോറത്തിക്ക് ഒന്നും അസാധാരണമായി തോന്നിയില്ല.

അവൾ താടിക്ക് കൈയും കൊടുത്ത് അലസമായി വൈക്കോൽ മനുഷ്യനെ നോക്കി ഇരുന്നു. ഒരു ചെറിയ ചാക്കിൽ വൈക്കോൽ കുത്തി നിറച്ചാണ് അതിന്റെ തല ഉണ്ടാക്കിയിരിക്കുന്നത്. പുറത്ത് പെയിന്റുകൊണ്ട് കണ്ണും മൂക്കുമൊക്കെ വരച്ചിട്ടുണ്ട്. ഒരു പഴയ മഞ്ച്കിൻ തൊപ്പി അതിന്റെ തലയിൽ വച്ചിട്ടുണ്ട്. വൈക്കോൽ കുത്തിനിറച്ച ഒരു മഞ്ച്കിൻ ഷർട്ടും പാന്റ്സും കൊണ്ടാണ് ശരീരം നിർമിച്ചിട്ടുള്ളത്. പാദങ്ങളുടെ സ്ഥാനത്ത് രണ്ടു പഴയ നീല ബൂട്ടുകളും ഘടിപ്പിച്ചിട്ടുണ്ട്. ഒരു വലിയ കമ്പിന്റെ മുകളിൽ നിന്നുകൊണ്ട് വൈക്കോൽ മനുഷ്യൻ പാടത്തെയാകെ നിരീക്ഷിക്കുകയാണ്.

ഡോറത്തി അതിന്റെ മുഖത്തേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു. പെട്ടെന്ന് വൈക്കോൽ മനുഷ്യൻ തന്റെനേരെ കണ്ണിറുക്കിക്കാണിച്ചെന്ന് അവൾക്ക് തോന്നി. അവൾ അതിശയം കൊണ്ട് വാ പൊളിച്ചുപോയി. കാൻസാസിലെ നോക്കുകുത്തികളാരും കണ്ണിറുക്കാറില്ലല്ലോ! അതാ വൈക്കോൽ മനുഷ്യൻ ഡോറത്തിയെ നോക്കി തലയാട്ടുന്നു! അവൾ വേലിയിൽ നിന്നിറങ്ങി വൈക്കോൽ മനുഷ്യന്റെയടുത്തേക്ക് നടന്നു. എന്തിനും മുൻകൈയെടുക്കുന്ന ടോട്ടോ മുമ്പെ ഓടി. വൈക്കോൽ മനുഷ്യനെ നോക്കി കുരയ്ക്കാൻ തുടങ്ങി.

“നമസ്കാരം!” വൈക്കോൽ മനുഷ്യൻ പറഞ്ഞു.

“ങ്ഹേ! നിങ്ങൾക്ക് സംസാരിക്കാനറിയാമോ? ഡോറത്തി അമ്പരന്നു.

“പിന്നല്ലാതെ!” വൈക്കോൽ മനുഷ്യൻ ചിരിച്ചു.

“സുഖം തന്നെയല്ലേ?”

“അതെ, നിങ്ങൾക്കോ?” ഡോറത്തി ചോദിച്ചു.

“ഓ എന്റെ കാര്യം വല്യ കഷ്ടമാ. രാത്രീം പകലും ഇതിന്റെ മണ്ടേൽ തന്നെ ഇരിക്കാന്ന് വച്ചാൽ! ശരിക്കും കഷ്ടമാ.” വൈക്കോൽ മനുഷ്യൻ പറഞ്ഞു.

“എന്നാൽപിന്നെ ഇറങ്ങരുതോ?” ഡോറത്തി.

“കഴിയില്ല. ഈ കമ്പ് എന്റെ പുറത്ത് കുത്തിവച്ചിരിക്കുകയാണ്. ഇതങ്ങു മാറ്റ്വോ? എന്നാ എനിക്കിറങ്ങാമല്ലോ?”

ഡോറത്തി കൈയുയർത്തി വൈക്കോൽ മനുഷ്യനെ മെല്ലെ പിടിച്ചിറക്കി.

“വല്ല്യ ഉപകാരമായിട്ടോ! പുതിയ ജീവൻ വീണുകിട്ടിയതുപോലെയായി!”

തന്റെയൊപ്പം ഒരു വൈക്കോൽ മനുഷ്യൻ നിൽക്കുകയാണെന്ന വസ്തുത ഡോറത്തിയെ അതിശയിപ്പിച്ചു.

“അപ്പോൾ ആരാന്ന് പറഞ്ഞില്യാ...”

വൈക്കോൽ മനുഷ്യൻ മൂരിനിവർന്നു. പിന്നീട് വലിയ ശബ്ദത്തിൽ കോട്ടുവായിട്ടു. “എവിടേയ്ക്കാ യാത്ര?”

“എന്റെ പേര് ഡോറത്തി. ഞാൻ ഓസ് എന്ന മായാവിയെ കാണാനായി മരതകനഗരത്തിലേക്ക് പോവുകയാണ്. എനിക്ക് എന്റെ വീട്ടിലേയ്ക്കുള്ള വഴി അദ്ദേഹത്തോട് ചോദിച്ച് മനസ്സിലാക്കണം.”

“എന്താണാവോ ഈ മരതകനഗരം? ആരാണ് ഈ ഓസ്?” വൈക്കോൽ മനുഷ്യന് പിടികിട്ടിയില്ല.

“അറിയില്ലേ” ഡോറത്തിക്ക് അത്ഭുതമായി.

“എങ്ങന്യാ  അറിയുക? കണ്ടില്ലേ എന്റെ തലയില് അപ്പടി വൈക്കോലാ- ലവലേശം ബുദ്ധിയില്ല.”

“ഓ” ഡോറത്തിക്ക് സങ്കടമായി ഞാനറിയാതെ ചോദിച്ചതാണ്.

“നിനക്ക് തോന്ന്ണ്ണ്ടോ കുട്ട്യേ” വൈക്കോൽ മനുഷ്യൻ ചോദിച്ചു. “നിന്റൊപ്പം ഞാനും കൂടി അവിടേയ്ക്ക് വന്നാൽ ഈ ഓസൻ എനിക്ക് ഇത്തിരി ബുദ്ധി തരുമോ?”

“എനിക്കറിയില്ല” ഡോറത്തി പറഞ്ഞു. “എന്റെ കൂടെ പോന്നോളൂ. എന്തായാലും ഓസ് നിങ്ങൾക്ക് ബുദ്ധിയൊന്നും തന്നില്ലെങ്കിലും സാരമില്ല. ഇവിടെ നിന്നാൽ കുഴപ്പമാകും.”

"ഓർത്തുനോക്കിയാൽ അത് ശരിതന്നെ." വൈക്കോൽ മനുഷ്യൻ പറഞ്ഞു. പിന്നീട് ഡോറത്തിയോട് സ്വകാര്യമായി തുടർന്നു: "എന്റെ കയ്യിലും കാലിലും വൈക്കോല് നിറച്ചതിന് എനിക്ക് പരാതിയില്ല. പാദത്തിനു പകരം ഷൂസടിച്ചു കയറ്റിയതും വിരോധമില്ല. ഒറ്റ കാര്യത്തിലെ സങ്കടമുള്ളൂ– എല്ലാവരും എന്നെ മണ്ടാ, മണ്ടാന്നാ വിളിക്കുന്നത്. എന്റെ തലേല് തലച്ചോറില്ലാത്രേ. വൈക്കോല് തലയന് എന്താ മനസ്സിലാവുക! ദീർഘനിശ്വാസത്തോടെ അയാൾ പറഞ്ഞു.

"ങ്ങാ! എനിക്കെന്താ തോന്നുന്നതെന്ന് നിനക്ക് മനസ്സിലാവില്ല."

"ഇല്ല. എനിക്കു മനസ്സിലാകും" ഡോറത്തിയുടെ മനസ്സലിഞ്ഞു.

"നമുക്ക് ഓസിന്റെ അടുക്കൽ ചെന്ന് ബുദ്ധിക്ക് വല്ല വഴിയുമുണ്ടോ എന്ന് തിരക്കാം. എന്നെക്കൊണ്ട് പറ്റുന്നതൊക്കെ ഞാൻ ചെയ്തുതരും. തീർച്ച!"

വൈക്കോൽ മനുഷ്യന് സന്തോഷമായി. അവർ ഇരുവരും മഞ്ഞപ്പാതയിലൂടെ യാത്ര തുടർന്നു.

ടോട്ടോയ്ക്ക് സംഘത്തിലെ മൂന്നാമനെ ഒട്ടും പിടിച്ചില്ല. അവൻ വൈക്കോൽ മനുഷ്യന്റെ ചുറ്റും നടന്ന് അയാളുടെ ഉള്ളിൽ എലികളോ മറ്റോ ഉണ്ടോ എന്ന് മണം പിടിക്കാൻ തുടങ്ങി. ഇടയ്ക്കിടയ്ക്ക് അവൻ വൈക്കോൽ മനുഷ്യനെ നോക്കി കണ്ണുരുട്ടിക്കൊണ്ട് മുരളും.

"ടോട്ടോയെ വകവയ്ക്കണ്ട" ഡോറത്തി തന്റെ പുതിയ സുഹൃത്തിനോട് പറഞ്ഞു. അവന് കടിക്കാൻ അറിയില്ല."

"ഓ എനിക്ക് പേടിയില്ല." വൈക്കോൽ മനുഷ്യൻ പറഞ്ഞു. "അവന് എന്നെ ഒന്നും ചെയ്യാൻ കഴിയില്ല. കടിച്ചാലും എനിക്ക് വേദനയെടുക്കില്ല. ഒരു കാര്യം ചെയ്യൂ. ആ കൂട ഞാൻ തൂക്കിക്കൊള്ളാം. എനിക്ക് ക്ഷീണമെന്നൊന്ന് ഒരിക്കലും ഉണ്ടാവില്ല." താഴ്ന്ന ശബ്ദത്തിൽ അയാൾ തുടർന്നു. "ഇനിയൊരു രഹസ്യം പറയാം. ലോകത്ത് എനിക്ക് ഒരൊറ്റ വസ്തുവിനെ മാത്രമേ പേടിയുള്ളൂ."

"എന്താണത്" ഡോറത്തി ചോദിച്ചു. "നിങ്ങളെ സൃഷ്ടിച്ച കർഷകനെയാണോ?"

"ഏയ് അല്ല." വൈക്കോൽ മനുഷ്യൻ പറഞ്ഞു. "കത്തിച്ച തീപ്പെട്ടിക്കോലിനെ മാത്രം."

# 4. കാട്ടിലൂടെ ഒരു യാത്ര

മൂന്നുനാലു മണിക്കൂർ യാത്ര കഴിഞ്ഞപ്പോൾ മഞ്ഞപ്പാതയിൽ കുണ്ടും കുഴികളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. നടക്കാൻ നന്നേ ബുദ്ധിമുട്ടായി. ബുദ്ധിയില്ലാത്ത വൈക്കോൽ മനുഷ്യൻ അനേകം തവണ കല്ലിൽ തട്ടി ചക്ക വെട്ടിയിട്ടതുപോലെ നിലത്തുവീണു. ബുദ്ധിയുള്ളവളായിട്ടുപോലും ഡോറത്തിയ്ക്കും യാത്ര വിഷമമായി തോന്നി. ടോട്ടോ മാത്രം ഉത്സാഹത്തോടെ കുഴികളെല്ലാം ചാടിക്കടന്നു. തെരുതെരെ വീണെങ്കിലും വൈക്കോൽ മനുഷ്യന് ഒരു കുഴപ്പവുമില്ലായിരുന്നു. ഓരോ തവണയും ഡോറത്തി അയാളെ പിടിച്ചെഴുന്നേൽപ്പിക്കും. തന്റെ വിഡ്ഢിത്തം ഓർത്ത് അയാൾ ചിരിക്കും.

ചുറ്റുമുള്ള പ്രകൃതിയുടെ സ്വഭാവം മെല്ലെ മാറിത്തുടങ്ങി. വീടുകളും കൃഷിയിടങ്ങളും കുറഞ്ഞുകുറഞ്ഞുവന്നു. പാത ഏറെക്കുറെ വിജനമായി.

ഉച്ചയ്ക്ക് അവർ ഒരു അരുവിയുടെ കരയ്ക്കിരുന്ന് ഭക്ഷണം കഴിച്ചു. ഡോറത്തി വൈക്കോൽ മനുഷ്യന് ഒരപ്പക്കഷണം നീട്ടി.

“എനിക്ക് വിശപ്പ് എന്ന വികാരമില്ല്യ.” വൈക്കോൽ മനുഷ്യൻ പറഞ്ഞു. “എന്റെ വായ് പെയിന്റുകൊണ്ട് വരച്ചിട്ടേയുള്ളൂ. അവിടെ എന്തെങ്കിലും കിഴുത്തയുണ്ടായിരുന്നെങ്കിൽ ഞാനും ഊണ് കഴിച്ചേനെ. പക്ഷെ, അതിലൂടെ വൈക്കോലെല്ലാം പുറത്തുവന്ന് എന്റെ തല ആകെ വികൃതമായേനെ.”

ഡോറത്തിക്ക് പിടികിട്ടി. അവൾ ഒന്നും മിണ്ടാതെ ഭക്ഷണം കഴിച്ചു.

“നിന്റെ നാട്ടിലെ വിശേഷമൊന്നും പറഞ്ഞില്ലല്ലോ ഡോറത്ത്യേ.” അയാൾ ചോദിച്ചു. ഡോറത്തി കാൻസാസിനെപ്പറ്റി അയാൾക്ക് വിവരിച്ചുകൊടുത്തു. താൻ എങ്ങനെ ഇവിടെയെത്തിയെന്നും വിശദീകരിച്ചു. അത് മുഴുവൻ ശ്രദ്ധിച്ചു കേട്ട ശേഷം വൈക്കോൽ മനുഷ്യൻ ചോദിച്ചു.

“ഇത്ര സുന്ദരമായ സ്ഥലം വേണ്ടാന്ന് വച്ചിട്ട് ആ ഓണംകേറാമൂലയി

ലേക്ക് തിരികെപ്പൂവാൻ നിനക്ക് തോന്നണല്ലോ! ഹാവൂ! അതിശയാണേ!"

ഡോറത്തി പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു. "അത് നിങ്ങൾക്ക് ബുദ്ധിയില്ലാത്തതുകൊണ്ട് തോന്നുന്നതാണ്. എന്ത് ഓണംകേറാമൂലയാണെങ്കിലും ചോരയും നീരുമുള്ള ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക് സ്വന്തം നാടു തന്നെയാണ് ഇഷ്ടം. സ്വന്തം വീടുപോലെ സുന്ദരമായ മറ്റെന്തുണ്ട്?"

വൈക്കോൽ മനുഷ്യൻ ദീർഘമായി നിശ്വസിച്ചു.

"ങാ! എനിക്കിതൊന്നും മനസ്സിലാവില്ല. കാൻസാസിന്റെ ഭാഗ്യം! ലോകത്തെല്ലാവരും എന്നെപ്പോലെ കച്ചിത്തലയന്മാരായിരുന്നെങ്കില് എല്ലാവരും നല്ല സ്ഥലത്തുമാത്രമെ താമസിക്കൂ. കാൻസാസിലൊന്നും ആരും ഉണ്ടാവില്ലായിരുന്നു."

"എനിക്ക് ഒരു കഥ പറഞ്ഞുതരാമോ" ഡോറത്തി ചോദിച്ചു.

വൈക്കോൽ മനുഷ്യൻ പറഞ്ഞു. "ഞാൻ വളരെ കുറച്ചു കാലമേ ജീവിച്ചിട്ടുള്ളൂ. കൃത്യമായി പറഞ്ഞാൽ മിനിഞ്ഞാന്നാണ് ഞാൻ ജനിച്ചത്. അതുകൊണ്ട് അതിനുമുമ്പ് ലോകത്തു നടന്ന കാര്യങ്ങളൊന്നും എനിക്കറിയില്ല. എന്നെയുണ്ടാക്കിയ കൃഷിക്കാരൻ ആദ്യം തന്നെ എനിക്ക് രണ്ട് ചെവികൾ വരച്ചുതന്നതുകൊണ്ട് നടന്നതെന്താണെന്ന് എനിക്ക് കേട്ടറിയാൻ കഴിഞ്ഞു. കൃഷിക്കാരൻ മറ്റൊരുത്തനോട് പറയുന്നുണ്ടായിരുന്നു.

"ഇവന്റെ ചെവി എങ്ങനെ. കൊള്ളാമോ?"

"ചരിഞ്ഞുപോയോന്നൊരു സംശയം."

"ങാ സാരമില്ല. എന്തായാലും രണ്ടു ചെവിയായല്ലോ. അതുമതി."

"ഇനി കണ്ണ് വരയ്ക്കാം." കൃഷിക്കാരൻ പറഞ്ഞു. ആദ്യം അയാൾ എന്റെ വലത്തേക്കണ്ണ് വരച്ചു. വരച്ചുകഴിഞ്ഞപ്പോഴാണ് ഞാനീ ലോകം ആദ്യമായി കാണുന്നത്.

"കൊള്ളാം." കർഷകൻ സ്വയം പറഞ്ഞു. "മറ്റേക്കണ്ണ് ഞാൻ കുറച്ചു കൂടി വലുപ്പത്തിൽ വരയ്ക്കട്ടെ. എന്റെ ഇടത്തേ കണ്ണ് കുറേക്കൂടി ഭംഗിയായി അയാൾ വരച്ചു. പിന്നീട് മൂക്കും വായും വരച്ചു. പക്ഷെ, ഞാൻ ഒന്നും മിണ്ടിയില്ല. ഈ വായ എന്തിനാണെന്നുപോലും എനിക്കറിയില്ലായിരുന്നു! എന്റെ കൈയും കാലും ഉണ്ടാക്കുന്നത് നോക്കി രസിച്ചുകൊണ്ട് ഞാനിരുന്നു. എല്ലാം കഴിഞ്ഞപ്പോൾ എന്റെ സ്രഷ്ടാവ് പറഞ്ഞു.

"ഇവൻ ആളു കൊള്ളാം. ശരിക്കും ഒരു മനുഷ്യൻ തന്നെ!"

എന്നിട്ട് അവർ എന്നെ പൊക്കിയെടുത്ത് ഒരു കമ്പിന്മേൽ കയറ്റി. അവർ നടന്നകന്നു.

ഞാനവിടെ തനിച്ചു നിന്നു. അവരുടെ പുറകേ പോകാൻ നോക്കിയെങ്കിലും മുകളിൽ കിടന്ന് സർക്കസ് കളിക്കാനേ എനിക്ക് കഴിഞ്ഞുള്ളൂ. ബോറടി തന്നെ ബോറടി! എന്നെ കണ്ടപാടെ കാക്കേം മറ്റും പമ്പകടന്നു.

ആദ്യം അവര് ഞാൻ സത്യത്തിലൊരു മനുഷ്യനാണെന്ന് വിചാരിച്ചു! ഇതെനിക്ക് രസിച്ചൂട്ടോ! ഞാനേ, ഒരു മനുഷ്യനാപോലും! പക്ഷേങ്കില് ഒരു വയസ്സൻ കാക്കയ്ക്ക് സൂത്രം പിടികിട്ടി. അവൻ എന്റെ തോളുമ്മേക്കേറി ഇരുന്നോണ്ട് ഒരു കരച്ചില്.

'ഏത് മരമണ്ടൻ കൃഷിക്കാരനാണാവോ ഈ വയസ്സനെ പറ്റിക്കാൻ നോക്കിയത്! വിവരമുള്ള ഏതു കാക്കയ്ക്കാ ഈ സൂത്രം അറിയാമ്പാടില്ലാത്തത്! ഇവന്റെ തലേല് വെറും വൈക്കോലാ! എന്നിട്ടവൻ ഇഷ്ടംപോലെ ഗോതമ്പ് തിന്നാൻ തുടങ്ങി.

എനിക്ക് വല്ല്യ സങ്കടായി. അപ്പോ ഞാൻ ഒരു നല്ല നോക്കുകുത്തിയല്ല! പക്ഷേ, വയസ്സൻ കാക്കയുണ്ടല്ലോ എന്നോട് പറയുന്നു: 'സാരല്യ, നെനക്ക് ബുദ്ധിയില്ലാത്തോണ്ടല്ലേ? ബുദ്ധീണ്ടാർന്നെങ്കില് നീ മനുഷ്യരെപ്പോലെ മിടുക്കനാവില്ലേ. ലോകത്ത് കാക്കയായാലും മനുഷ്യനായാലും ബുദ്ധിണ്ടെങ്കിലെ കാര്യമുള്ളൂ."

"കാക്കകൾ പോയപ്പോൾ ഞാൻ ഇതേപ്പറ്റി കുറെ ആലോചിച്ചു. അപ്പഴാ നിന്റെ വരവ്!' വൈക്കോൽ മനുഷ്യൻ പറഞ്ഞു നിർത്തി.

"ശരി." ഡോറത്തി പറഞ്ഞു: "എന്നാൽ നമുക്കിനി പോകാം."

കുറച്ചു നടന്നപ്പോൾ നാട് ക്രമേണ മാറി കാടാവാൻ തുടങ്ങി വൈകുന്നേരമായപ്പോൾ അവർ ഒരു കൊടുംകാടിന് സമീപമെത്തി. അവിടെയാകെ



ഇരുട്ടായിരുന്നു. മഹാവൃക്ഷങ്ങളുടെ ചില്ലകൾ റോഡിനു മുകളിലൂടെ പടർന്നു നിന്നിരുന്നതിനാൽ പകൽവെട്ടം സ്വല്പം പോലും കടക്കില്ല. മഞ്ഞപ്പാത ചുരുങ്ങിച്ചുരുങ്ങി വളരെ കൊച്ചായി. പക്ഷേ, നമ്മുടെ സഞ്ചാരികൾ ഇതൊന്നും വകവയ്ക്കാതെ അവരുടെ യാത്ര തുടർന്നു.

“ഈ വഴി അകത്തേക്കു പോകുന്നുണ്ടെങ്കിൽ, അത് പുറത്തേക്ക് വരിക തന്നെ ചെയ്യും.” വൈക്കോൽ മനുഷ്യൻ പറഞ്ഞു. “അതുപോലെ ഈ വഴി ചെന്നവസാനിക്കുന്നത് മരതകനഗരത്തിലായതുകൊണ്ട് നമ്മള് ഈ വഴി തന്നെ പോണം.”

“പറയാതെ തന്നെ അത് അറിയാമല്ലോ” ഡോറത്തി പറഞ്ഞു.

“അതെ അതുകൊണ്ടല്ലേ അത് ഞാൻ പറഞ്ഞത്. ബുദ്ധി വേണ്ട എന്തേലും കാര്യം ഞാൻ പറയുമോ?”

“കൂരാക്കൂരിരുട്ടായി. ഇരുട്ടത്ത് അവർ തപ്പിത്തടഞ്ഞ് നടന്നു. ടോട്ടോയ്ക്കും വൈക്കോൽ മനുഷ്യനും ഇരുട്ട് ഒരു പ്രശ്നമല്ലായിരുന്നു. ഡോറത്തി അയാളുടെ കൈപിടിച്ച് നടന്നു.

“രാത്രി നമുക്ക് വല്ല ഒഴിഞ്ഞ വീട്ടിലോ മറ്റോ കഴിച്ചുകൂട്ടാം.” ഡോറത്തി പറഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ വൈക്കോൽ മനുഷ്യൻ നിന്നു. “അതാ ഞാനൊരു ചെറിയ കുടില് കാണുന്നുണ്ട്. തടികൊണ്ട് കെട്ടിയതാ. അവിടെ പോയാലോ!”

ഡോറത്തിക്ക് സമ്മതമായിരുന്നു. അവർ കുടിലിന്റെ കതകു തുറന്ന് അകത്തു കയറി. ഒരു മൂലയിൽ കരിയിലകൊണ്ട് ഉണ്ടാക്കപ്പെട്ട കിടക്കയിൽ കയറിക്കിടന്ന് ടോട്ടോയും ഡോറത്തിയും ഉറങ്ങി.

വൈക്കോൽ മനുഷ്യനാകട്ടെ, വടിപോലെ മറ്റൊരു മൂലയിൽ നിൽക്കുകയാണ്  അയാൾക്ക് ക്ഷീണമോ വിശപ്പോ ദാഹമോ ഒന്നും അറിയില്ലല്ലോ!

# 5. തകരമനുഷ്യന്റെ കഥ

ഡോറത്തി ഉണർന്നപ്പോഴേക്കും നേരം നന്നേ വെളുത്തിരുന്നു. ടോട്ടോ പക്ഷികളുടെ പുറകെ കുരച്ചു ചാടുകയായിരുന്നു. വൈക്കോൽ മനുഷ്യൻ ക്ഷമയോടെ ആ മൂലയിൽ തന്നെ നിൽക്കുന്നു.

“ഇവിടെങ്ങാനും വെള്ളം കിട്ടുമോ എന്ന് തിരക്കാം. അവൾ പറഞ്ഞു.

“എന്തിനാണത്?” വൈക്കോൽ മനുഷ്യൻ ചോദിച്ചു.

“അതോ! കൈയും മുഖവും കഴുകാൻ. തൊണ്ട വരളാതിരിക്കാൻ.”

“മാംസംകൊണ്ടുള്ള ദേഹം വല്യ തൊന്തരവ് തന്ന്യാ! ഉറങ്ങണം, ഉണ്ണണം, കുളിക്കണം! എന്തൊക്കെ! ങാ! നിങ്ങൾക്ക് ബുദ്ധിയുണ്ടല്ലോ! ഇത്തിരി മെനക്കെട്ടാലും വേണ്ടില്ല്യ.” വൈക്കോൽ  മനുഷ്യൻ പറഞ്ഞു.

അവർ കുടിലിൽ നിന്നിറങ്ങി മരങ്ങൾക്കിടയിലൂടെ നടക്കാൻ തുടങ്ങി. കുറച്ചകലെ തെളിഞ്ഞൊഴുകുന്ന ഒരു കൊച്ചരുവി അവർ കണ്ടു. ഡോറത്തി പല്ലുതേക്കലും കുളിയും മറ്റും കഴിച്ചു. അതിനു ശേഷം കൂടയിൽ നിന്ന് ശേഷിക്കുന്ന റൊട്ടി എടുത്ത് ടോട്ടോയും അവളുംകൂടി കഴിച്ചു.

ഭക്ഷണം കഴിഞ്ഞ് കൈകഴുകി മഞ്ഞപ്പാതയിലേക്ക് തിരിച്ചുപോകാൻ തുടങ്ങുമ്പോഴാണ് അവൾ ഒരു ശബ്ദം കേട്ടത്. വേദനകൊണ്ട് ആരോ ഞെരങ്ങുന്നതുപോലെ.

“ആരാണത്?” ഡോറത്തി ചോദിച്ചു.

“അറിയില്ല.” വൈക്കോൽ മനുഷ്യൻ പറഞ്ഞു. “നമുക്ക് നോക്കാം.”

“അയ്യോ” എന്ന് ആരോ കരയുന്നത് പിന്നെയും അവർ കേട്ടു. തിരിഞ്ഞു നടന്നു. അവർ ഒരു വള്ളിപ്പടർപ്പിലൂടെ ഉള്ളിലേക്കു കയറി. പെട്ടെന്ന് വെയിലേറ്റ് എന്തോ തിളങ്ങുന്നതുപോലെ ഡോറത്തിക്ക് തോന്നി. അവൾ അതിന്റെ അടുത്തേക്ക് ഓടിച്ചെന്നു. അത്ഭുതംകൊണ്ട്, അവൾ നിലവിളിച്ചുപോയി.

ഒരു വലിയ വെട്ടിയിട്ട മരത്തിനു സമീപം ഒരാൾ കോടാലി ഉയർത്തിപ്പിടിച്ചു നിൽക്കുന്നു. അയാളുടെ ശരീരം, തല മുതൽ കാൽ വരെ തകരം കൊണ്ട് നിർമിച്ചതാണ്! കൈയും കാലുമെല്ലാം ശരീരത്തോട് ചേർത്ത് സ്ക്രൂയിട്ട് മുറുക്കിയിരിക്കുന്നു. അനക്കമില്ലാതെ, കോടാലി തലയ്ക്കുമുകളിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് നിന്ന നിൽപ്പിൽ നിൽക്കുകയാണയാൾ.


ഡോറത്തിയും വൈക്കോൽ മനുഷ്യനും അന്തംവിട്ടു. ടോട്ടോ കുരച്ചുകൊണ്ട് അയാളുടെ കാലിൽ കടിക്കാൻ ശ്രമിച്ചു. വായ് മുറിഞ്ഞപ്പോൾ അവൻ കരഞ്ഞുകൊണ്ടോടി.

“നിങ്ങളാണോ കരഞ്ഞത്?” ഡോറത്തി ചോദിച്ചു.

“അതെ” അയാൾ പറഞ്ഞു. “ഞാൻ തന്നെ.” ഒരു വർഷമായി ഞാൻ ഇതുപോലെ നിൽക്കുകയാണ്. നിങ്ങളല്ലാതെ ആരും എന്നെ തിരിഞ്ഞുനോക്കിയിട്ടില്ല.”

തകരമനുഷ്യന്റെ ദുഃഖം നിറഞ്ഞ ശബ്ദം കേട്ടപ്പോൾ ഡോറത്തിയ്ക്കും സങ്കടം വന്നു. “നിങ്ങളെ ഞങ്ങൾക്ക് എന്തെങ്കിലും രീതിയിൽ സഹായിക്കാൻ കഴിയുമോ?” അവൾ ചോദിച്ചു.

“ഒരു എണ്ണപ്പാത്രം കണ്ടെടുത്ത് എന്റെ സന്ധികളിൽ എണ്ണ പുരട്ടിത്തരണം. അവ വല്ലാതെ തുരുമ്പിച്ചിരിക്കുന്നതുകൊണ്ട് എനിക്ക് ശരീരത്തിന്റെ ഒരു ഭാഗവും അനക്കാൻ വയ്യ. എന്റെ കുടിലിന്റെ ഉള്ളിൽ നിന്ന് അത് എടുത്തുകൊണ്ടുവരണം.”



ഡോറത്തി ഓടിപ്പോയി എണ്ണപ്പാത്രം എടുത്തുകൊണ്ടു വന്നു. "എവിടെയാണ് എണ്ണ പുരട്ടേണ്ടത്?"

"എന്റെ കഴുത്തിൽ, ആദ്യം." തകരമനുഷ്യൻ പറഞ്ഞു. അവൾ മെല്ലെ ആ ഭാഗത്ത് എണ്ണ തടവി. വൈക്കോൽ മനുഷ്യൻ തകര മനുഷ്യന്റെ തല പതുക്കെ ഇടത്തോട്ടും വലത്തോട്ടും തിരിച്ച് നേരെയാക്കി. അൽപം പരിശ്രമത്തിനു ശേഷം തകരമനുഷ്യൻ സ്വന്തമായി തല അനക്കാൻ തുടങ്ങി.

അതിനു ശേഷം ഡോറത്തി തകരമനുഷ്യന്റെ കൈയുടെ സന്ധികളിൽ എണ്ണപുരട്ടി തടവി. അയാൾ മെല്ലെ കൈ താഴ്ത്തി തന്റെ കോടാലി മരത്തിൽ ചാരിവച്ചു.

"വലിയ ആശ്വാസമായി." തകരമനുഷ്യൻ പറഞ്ഞു. "തുരുമ്പെടുത്ത അന്നു മുതൽ ഈ കൈയും ഉയർത്തി ഞാൻ ഒരേ നിൽപാണ്. എന്തായാലും ഇന്നെങ്കിലും അതൊന്ന് താഴ്ത്താൻ കഴിഞ്ഞല്ലോ. ഇനി കാലുകളിലും കൂടി ഒന്ന് എണ്ണയിട്ടാൽ എനിക്ക് സമാധാനമായി!"

ഡോറത്തി തകരമനുഷ്യന്റെ കാലുകളിലും എണ്ണയിട്ടു. അയാൾ വീണ്ടും വീണ്ടും അവരോട് നന്ദി പറഞ്ഞു. ഡോറത്തിയ്ക്ക് ഈ കഥാപാത്രത്തെ നന്നേ പിടിച്ചു. നല്ല മര്യാദക്കാരനായ ചെറുപ്പക്കാരൻ!!

"നിങ്ങൾ വന്നില്ലായിരുന്നെങ്കിൽ എന്റെ കഥ കഴിഞ്ഞേനെ! ആട്ടെ, ഈ വഴി വരാനുള്ള കാരണം?"

"ഞങ്ങൾ മഹാനായ ഓസിനെ കാണാനായി മരതകനഗരത്തിലേക്ക് പോവുകയാണ്. രാത്രി നിങ്ങളുടെ കുടിലിൽ ചെലവഴിച്ചു."

"ഓസിനെ കാണാനുള്ള കാരണം?"

"എനിക്ക് കാൻസാസിലെ എന്റെ വീട്ടിലേക്ക് പോകണം. ഇദ്ദേഹത്തിന് അല്പം തലച്ചോറുണ്ടാകാനുള്ള വിദ്യ അറിയണം."

തകരമനുഷ്യൻ ചിന്തയിലാണ്ടു.

"ഓസിനെ കാണാൻ വന്നാൽ എനിക്ക് ഒരു ഹൃദയം കിട്ടാൻ സാധ്യതയുണ്ടോ?"

"പറ്റുമായിരിക്കാം." ഡോറത്തി പറഞ്ഞു. വൈക്കോൽ മനുഷ്യന് തലച്ചോറ് കൊടുക്കാമെങ്കിൽ തകരമനുഷ്യന് ഹൃദയം കൊടുക്കാം."

"സത്യമാണ്." തകരമനുഷ്യൻ പറഞ്ഞു.

ഞാനും നിങ്ങളുടെയൊപ്പം മരതകനഗരത്തിലേക്കു വരാം." വന്നാട്ടെ, വന്നാട്ടെ!" വൈക്കോൽ മനുഷ്യൻ പറഞ്ഞു.

കോടാലി തോളത്തേക്ക് കയറ്റിക്കൊണ്ട് തകരമനുഷ്യൻ അവരുടെ കൂടെ നടന്നു. എണ്ണപ്പാത്രമെടുത്ത് കൂടയിൽ സൂക്ഷിക്കാൻ തകരമനുഷ്യൻ ഡോറത്തിയോട് പറഞ്ഞു.

"ഇനി മഴയെങ്ങാനും കൊണ്ടാൽ എനിക്കത് വേണ്ടിവരും."

എന്തായാലും തകരമനുഷ്യൻ കൂടെയുണ്ടായിരുന്നത് ഭാഗ്യമായി. കാട്ടിന്റെ ഉള്ളിലേക്ക് കടക്കുംതോറും മരങ്ങൾ കൂടുതൽ കൂടുതൽ ഇട തൂർന്നു കാണപ്പെട്ടു. തകരമനുഷ്യൻ തന്റെ കോടാലിയെടുത്ത് മരക്കൊമ്പുകളൊക്കെ വെട്ടിനീക്കി വഴിതെളിച്ചു.

കുണ്ടും കുഴിയും നിറഞ്ഞ വഴിയിലൂടെ അവർ യാത്ര തുടർന്നു. ഇടയ്ക്ക് ഒരു വലിയ കുഴിയിലേക്ക് പാവം വൈക്കോൽ മനുഷ്യൻ തലയും കുത്തി വീണു. പക്ഷേ, ഏതോ ചിന്തയിൽ മുഴുകി നടന്നിരുന്ന ഡോറത്തി അത് ശ്രദ്ധിച്ചില്ല. അയാളുടെ നിലവിളി കേട്ടപ്പോഴാണ് അവൾ തിരിഞ്ഞുനോക്കിയത്.

“ആ കുഴിയുടെ വശത്തുകൂടെ നടന്നാൽ പോരായിരുന്നോ?” തകരമനുഷ്യൻ ചോദിച്ചു.

“അക്കാര്യം എനിക്ക് മനസ്സിലാകില്ല.” വൈക്കോൽ മനുഷ്യൻ പറഞ്ഞു: ഞാനൊരു കച്ചിത്തലയനാ. അതുകൊണ്ടല്ലേ ഓസൻ മന്ത്രവാദിയെ കാണാൻ പോകണത്.”

“ഓഹോ പക്ഷെ ഒരു കാര്യം പറയാം. ലോകത്തെ ഏറ്റവും നല്ല വസ്തു തലച്ചോറല്ല.”

“നിങ്ങൾക്ക് ബുദ്ധിയുണ്ടോ?”

“ഇപ്പോൾ എന്റെ തല പൊള്ളയാണ്. പക്ഷേ, ഒരുകാലത്ത് എനിക്ക് തലച്ചോറും ഹൃദയവും ഉണ്ടായിരുന്നു. ഇവ രണ്ടിൽ നല്ലത് ഹൃദയമാണെന്നാണ് എന്റെ അനുഭവം.”

അങ്ങനെ പറയാനുള്ള കാരണം?

തകരമനുഷ്യൻ തന്റെ കഥ പറഞ്ഞുതുടങ്ങി.

“ഞാൻ ഒരു വിറകുവെട്ടുകാരന്റെ മകനായിട്ടാണ് ജനിച്ചത്. അപ്പനെപ്പോലെ ഞാനും ഒരു വിറകുവെട്ടുകാരനായിത്തീർന്നു. അപ്പന്റെ മരണശേഷം ഞാൻ വൃദ്ധയായ അമ്മയെ ശുശ്രൂഷിച്ചു. അവരും മരിച്ചപ്പോൾ ഞാൻ വിവാഹം കഴിക്കാമെന്ന് നിശ്ചയിച്ചു.

ഞാൻ അതിസുന്ദരിയായ ഒരു മഞ്ച്കിൻ പെൺകൊടിയെ പ്രേമിച്ചിരുന്നു. കുറേക്കൂടി പണം സമ്പാദിച്ച ശേഷം വിവാഹം കഴിക്കാമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. എന്നാൽ തന്റെ ദുഷ്ടയും വികൃതയുമായ അമ്മൂമ്മത്തള്ളയുടെ കൂടെയായിരുന്നു അവൾ താമസം. ആ സ്ത്രീക്ക് അവളെ വിവാഹം കഴിച്ചുവിടാൻ യാതൊരു താല്പര്യവുമില്ലായിരുന്നു. ആ മടിച്ചിത്തള്ളയുടെ വീട്ടുവേലക്കാരിയായി അവളെ ഉള്ള കാലമത്രയും ഉപയോഗിക്കണമെന്നായിരുന്നു അവരുടെ മോഹം. ഞങ്ങളുടെ വിവാഹം മുടക്കാൻവേണ്ടി തള്ള പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയ്ക്ക് വഴിപാട് നേർന്നു. മന്ത്രവാദിനിയുടെ കൂടോത്രംകൊണ്ട് ഒരു ദിവസം ഞാൻ

വിറകുവെട്ടിക്കൊണ്ടിരുന്നപ്പോൾ കോടാലി എന്റെ ഇടത്തേ കാലിൽ പതിക്കുകയും അത് മുറിഞ്ഞുപോവുകയും ചെയ്തു.

എന്റെ ദുഃഖത്തിന് യാതൊരു അതിരുമില്ലായിരുന്നു. പക്ഷേ, ധൈര്യം കൈവെടിയാതെ ഞാൻ ഒരു തകരപ്പണിക്കാരന്റെ അടുത്തുപോയി തകരം കൊണ്ട് പുതിയ കാൽ പണിയിപ്പിച്ചു. എന്റെ സന്തോഷം കണ്ടപ്പോൾ മന്ത്രവാദിനിക്ക് കൂടുതൽ ദേഷ്യം വന്നു. അവരുടെ കൂടോത്രംകൊണ്ട് എന്റെ വലതുകാലും പോയി. തകരംകൊണ്ട് പുതിയ കാല് ഞാൻ പണിയിപ്പിച്ചു. പിന്നീട് എന്റെ കൈകൾ മന്ത്രവാദിനിയുടെ മായാവിദ്യകൊണ്ട് മുറിഞ്ഞുപോയി. അവയ്ക്ക് പകരവും ഞാൻ തകരക്കൈകൾ പണിയിച്ചു. ഒടുവിൽ എന്റെ തല തന്നെ മന്ത്രവാദിനി വെട്ടിച്ചു. പക്ഷെ, തകരപ്പണിക്കാരൻ എനിക്കൊരു തല നിർമിച്ചുതന്നു.

മന്ത്രവാദിനിയെ തോൽപിച്ചുവെന്ന് ഞാൻ കരുതി. പക്ഷേ, അവൾ വിട്ടുതന്നില്ല. ഇത്തവണ അവൾ എന്റെ ശരീരത്തെത്തന്നെ രണ്ടു തുണ്ടായി മുറിച്ചുമാറ്റി. ഇത്തവണയും തകരപ്പണിക്കാരന്റെ സാമർഥ്യം എന്റെ ജീവൻ രക്ഷിച്ചു. പക്ഷെ, എന്റെ ഹൃദയം മുറിഞ്ഞുപോയിരുന്നു. അതോടെ മഞ്ച്കിൻ പെൺകൊടിയോടുള്ള എന്റെ പ്രേമവും അസ്തമിച്ചു. പാവം! അവൾ ഇപ്പോഴും കാത്തിരിക്കുന്നുണ്ടാവും!

എനിക്ക് എന്റെ ശരീരത്തെക്കുറിച്ച് അഭിമാനമുണ്ടായിരുന്നു. ഒരൊറ്റ അപകടത്തെ മാത്രമെ എനിക്ക് ഭയക്കേണ്ടതുണ്ടായിരുന്നുള്ളൂ- തകരം കൊണ്ടുള്ള ശരീരം തുരുമ്പെടുക്കാൻ പാടില്ല. അതുകൊണ്ട് ഞാൻ എന്റെ കുടിലിൽ ഒരു പാത്രം നിറയെ എണ്ണ സൂക്ഷിച്ചു. പക്ഷേ, ഒരു ദിവസം ഞാൻ ജോലി ചെയ്തുകൊണ്ട് നിൽക്കുമ്പോൾ അതിഭയങ്കരമായ പേമാരിയുണ്ടായി. അതോടെ വെള്ളം നനഞ്ഞ എന്റെ ദേഹം മുഴുവൻ തുരുമ്പെടുത്തു. ആ നിൽപിൽ നിൽക്കുമ്പോഴാണ് നിങ്ങളെന്നെ കണ്ടെടുത്തത്.

എന്റെ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടം എന്റെ ഹൃദയം നഷ്ടപ്പെട്ടതാണ്. മഞ്ച്കിൻ പെൺകൊടിയെ പ്രേമിച്ചിരുന്ന കാലത്ത് ലോകത്തെ ഏറ്റവും സന്തോഷവാനായ വ്യക്തി ഞാനായിരുന്നു. എന്റെ ഹൃദയം പോയതോടെ എല്ലാം പോയി!"

ഒരു ദീർഘ നിശ്വാസത്തോടെ തകരമനുഷ്യൻ തന്റെ കഥ പറഞ്ഞു നിർത്തി.

ഡോറത്തിക്കും വൈക്കോൽ മനുഷ്യനും തകരമനുഷ്യനോട് സഹതാപം തോന്നി.

"എന്തായാലും ഞാൻ തലച്ചോറു തന്നെ ചോദിക്കും." വൈക്കോൽ മനുഷ്യൻ പറഞ്ഞു. "ഹൃദയം കിട്ടിയാലും അതുകൊണ്ട് എന്തു ചെയ്യണമെന്ന് തലച്ചോറുണ്ടെങ്കിലല്ലേ മനസ്സിലാകൂ."

“ഞാൻ ഹൃദയംതന്നെ ചോദിക്കും.” തകരമനുഷ്യൻ പറഞ്ഞു. “തല ച്ചോറുകൊണ്ട് സന്തോഷം ഉണ്ടാവില്ല. ലോകത്തിലെ ഏറ്റവും സുന്ദരമായ കാര്യം സന്തോഷമാണ്.”

ഡോറത്തി തന്റെ സുഹൃത്തുക്കളുടെ തർക്കത്തിൽ ഇടപെട്ടില്ല. അവൾക്ക് എങ്ങനെയെങ്കിലും കാൻസാസിലേക്ക് മടങ്ങി എമ്മ അമ്മായിയെ കെട്ടിപ്പി ടിച്ച് ഉമ്മ വയ്ക്കണമെന്ന് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പക്ഷേ, ആ സമയത്ത് അവളുടെ പേടി മറ്റൊന്നായിരുന്നു. കൂടയിലെ റൊട്ടി ഏതാണ്ട് മുഴുവൻ തീർന്നു കഴിഞ്ഞിരുന്നു. തകരമനുഷ്യനും വൈക്കോൽമനുഷ്യനും ഭക്ഷണം വേണ്ട. പക്ഷേ, തനിക്കും ടോട്ടോയ്ക്കും അതു പറ്റില്ല. അടിയന്തരമായി ഭക്ഷണം കണ്ടെത്തണം.

# 6. പേടിത്തൊണ്ടൻ സിംഹം

ഡോറത്തിയും കൂട്ടരും സഞ്ചരിക്കുന്നത് കൊടും കാട്ടിലൂടെയാണ്. നട്ടുച്ച നേരത്തുപോലും ഒരുതുള്ളി വെട്ടം കടക്കാത്ത കാട്. കരിയില വീണ് മഞ്ഞപ്പാത കാണാൻ പോലുമില്ല. പാതയുടെ ഇരു വശവും പടർന്നു പന്തലിച്ച വന്മരങ്ങളുടെ ചില്ലകൾ നീണ്ട കൈകൾപോലെ വഴിയിലേക്കു നീണ്ടുവന്നു. കാട്ടിനുള്ളിൽ സൂചിവീണാൽ കേൾക്കുന്ന നിശ്ശബ്ദതയാണ്. ഇടയ്ക്കും മുറയ്ക്കും ജന്തുക്കളുടെ അമറലും മൂളലും മറ്റും കഴിച്ചാൽ.

ഈ ശബ്ദങ്ങൾ എവിടെനിന്നു വരുന്നുവെന്ന് ഡോറത്തിയ്ക്ക് അറിയില്ലായിരുന്നു. പക്ഷേ, അവൾക്ക് ഭയം തോന്നിത്തുടങ്ങി. ടോട്ടോ പട്ടിക്കുട്ടി ആയതുകൊണ്ട് അവന് നല്ലവണ്ണം അറിയാം– ഈ അമറുന്ന പുള്ളികളാരും അത്ര നിസ്സാരക്കാരല്ലെന്ന്. അതുകൊണ്ട് അവൻ ഡോറത്തിയോട് കഴിയുന്നത്ര ചേർന്നാണ് നടന്നത്.

"ഇനിയെത്ര ദൂരം കൂടി കാണും?" ഡോറത്തി തകരമനുഷ്യനോട് ചോദിച്ചു.

"എനിക്കറിയില്ല." തകരമനുഷ്യൻ പറഞ്ഞു. "അങ്ങോട്ടുള്ള വഴി നിറയെ ആപത്താണെന്ന് പണ്ട് അപ്പൻ പറഞ്ഞിട്ടുണ്ട്. എന്തായാലും നമുക്ക് പേടിക്കേണ്ട കാര്യമില്ല. എന്നെയും വൈക്കോൽ മനുഷ്യനേയും ഒരു ജന്തുവും ഉപദ്രവിക്കില്ല. ഉത്തരദേശത്തെ മന്ത്രവാദിനിയുടെ അനുഗ്രഹം ഉള്ളതുകൊണ്ട് നീയും സുരക്ഷിതയാണ്."

"പക്ഷേ, ടോട്ടോ?" പെൺകുട്ടി ആകാംക്ഷ നിറഞ്ഞ സ്വരത്തിൽ ചോദിച്ചു. "അവന്റെ കാര്യമോ?"

"എന്തെങ്കിലും അപകടമുണ്ടായാൽ അവനെ നമ്മൾ രക്ഷിക്കണം."

തകരമനുഷ്യൻ ഇത് പറഞ്ഞുതീർന്നില്ല. അതിനുമുമ്പുതന്നെ റോഡിൽ

കണ്ട വളവിനപ്പുറത്ത് അതിഭയാനകമായ ഒരു ഗർജനം കേട്ടു. ധും! ഒരു തടിമാടൻ സിംഹം റോഡിലേക്ക് എടുത്തുചാടി! അവൻ ഒറ്റയടികൊണ്ട് വൈക്കോൽമനുഷ്യനെ പറത്തി. അയാൾ പമ്പരംപോലെ കറങ്ങിക്കറങ്ങി റോഡിന്റെ മറ്റേ വശത്തുചെന്നു വീണു. അടുത്ത അടി തകരമനുഷ്യന്റെ പള്ളയ്ക്കായിരുന്നു. തകരമനുഷ്യൻ പുറമിടിച്ചു നിലത്തു വീണു. അവനും പമ്പരംപോലെ കറങ്ങാത്തത് സിംഹത്തിന് സ്വല്പം അത്ഭുതമായിയെന്നു തോന്നുന്നു.

ഇനി ഒരു 'പുരുഷ'നായി രംഗത്തുള്ളത് ടോട്ടോ മാത്രമാണ്. അവൻ സിംഹത്തിനുനേരെ കുരച്ചുചാടി. അവനെ ഉടലോടെ വിഴുങ്ങാനായി സിംഹം വാ പൊളിച്ചു.

ഇതും കണ്ടുകൊണ്ട് ഡോറത്തിയ്ക്ക് കൈയും കെട്ടി നിൽക്കാൻ കഴിയുമോ? അവൾ ആപത്തൊന്നും വകവയ്ക്കാതെ മുന്നോട്ടോടിച്ചെന്ന് സിംഹത്തിന്റെ മൂക്കിന് ഒറ്റയടി!

"നാണമില്ലല്ലോ തടിമാടാ! ടോട്ടോ നിന്റെ ചെറുവിരലിന്റെയത്ര പോലുമില്ലല്ലോടാ കശ്മലാ!"

"ഞാനവനെ കടിച്ചില്ലല്ലോ" പരിഭവം കലർന്ന സ്വരത്തിൽ സിംഹം പറഞ്ഞു.



"പക്ഷേ നീ അവനെ തിന്നാൻ പോയതല്ലേ. നീ വെറും പേടിത്തൊണ്ട നാണ്!"

"അതെനിക്കറിയാം." സിംഹം മുഖം വീർപ്പിച്ചു.

"രണ്ടും മൂന്നും തവണ പറയുകയൊന്നും വേണ്ട. അതിനിപ്പം ഞാനെ ന്തുവേണം?" "എനിക്കറിയില്ല. അലോചിച്ചു നോക്കൂ! വൈക്കോൽ മനുഷ്യ നെപ്പോലുള്ള പച്ചപ്പാവത്തിനെ ഇങ്ങനെ അടിക്കാമോ?"

"ങേ! കച്ചിമനുഷ്യനോ?" അടികൊണ്ട മൂക്ക് തടവിക്കൊണ്ട് സിംഹം ചോദിച്ചു. "മറ്റേയാളും കച്ചി മനുഷ്യനാണോ?"

"അല്ല. അയാൾ തകരമനുഷ്യനാണ്."

"ങാ ചുമ്മാതല്ല. എന്റെ കൈ അസ്സലായി ഒന്ന് നൊന്തു. ഈ ജന്തുവോ? വൈക്കോലോ തകരമോ?"

"അവൻ... മാംസംകൊണ്ടുള്ള പട്ടിക്കുട്ടിയാണ്." ഡോറത്തിയ്ക്ക് സിംഹ ത്തിനോട് 'മാംസ'ത്തിന്റെ കാര്യം പറയാൻ പേടിയായി.

"കൊള്ളാം കൊള്ളാം. എന്നെപോലെ ഒരു പേടിത്തൂറിയല്ലാതെ മറ്റാരെ ങ്കിലും ഈ പീക്കിരിയെ ഉപദ്രവിക്കുമോ?" സിംഹത്തിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു.

"നിങ്ങൾ ഒരു പേടിത്തൊണ്ടനായിപ്പോയത് എങ്ങനെയാണ്?" ഡോറത്തി ചോദിച്ചു.

സിംഹം തല ചൊറിഞ്ഞു. പിന്നെ ചമ്മിയ ചിരിയോടെ തുടർന്നു:

അത് എനിക്കറിയില്ല. കാട്ടിലെ എല്ലാ ജന്തുക്കളും ഞാൻ വലിയ ധൈര്യ ശാലിയാണെന്നാണ് വിചാരിച്ചു വെച്ചിരിക്കുന്നത്. പക്ഷേ, ഒരു വലിയ പുലിയോ ആനയോ എന്നെ ഒന്നു വിരട്ടിയാൽ ഞാൻ പമ്പ കടന്നേനെ! ഭാഗ്യത്തിന് ഇന്നുവരെ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല! സിംഹം വിയർപ്പു തുടച്ചു.

"പക്ഷേ, മൃഗരാജാവു തന്നെ പേടിത്തൊണ്ടനായാൽ മറ്റു മൃഗ ങ്ങൾക്കെന്തു ഗതി!"

"എനിക്കറിയാം" സിംഹം വാലിന്റെയറ്റം കൊണ്ട് കണ്ണീരൊപ്പി.

"എന്റെ ജീവിതത്തിലെ ഏറ്റവും വലിയ പരാജയമാണ് ഇത്. പക്ഷേ, എന്തു ചെയ്യാൻ. എന്തെങ്കിലും അപകടം കാണുമ്പോൾ എന്റെ ഹൃദയം പടപടാന്ന് ഇടിക്കാൻ തുടങ്ങും."

"ചിലപ്പോൾ നിനക്ക് ഹൃദ്രോഗമായിരിക്കും." വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"ആയിരിക്കും." സിംഹം ദുഃഖത്തോടെ പറഞ്ഞു.

"എന്നാൽ നീ സന്തോഷിക്കുകയാണ് വേണ്ടത്." തകരമനുഷ്യൻ പറ ഞ്ഞു. "നിനക്കൊരു ഹൃദയമുണ്ടെന്ന് തെളിഞ്ഞല്ലോ. എനിക്കാണെങ്കിൽ

ഹൃദയവുമില്ല; ഹൃദ്രോഗവുമില്ല." തകരമനുഷ്യൻ ദീർഘമായി നിശ്വസിച്ചു.

"നിനക്ക് തലച്ചോറുണ്ടോ?" വൈക്കോൽ മനുഷ്യൻ ചോദിച്ചു.

"ഞാൻ ഇന്നുവരെ നോക്കിയിട്ടില്ല." സിംഹം പറഞ്ഞു.

"ഞാൻ ഓസിന്റെ അടുക്കൽ പോയി അൽപം തലച്ചോറ് സമ്പാദിക്കാൻ പോവുകയാണ്."

"ഞാൻ അയാളോട് ഒരു ഹൃദയം ചോദിക്കും."

"ഞാനും ടോട്ടോയും വീട്ടിലേക്കുള്ള വഴി ചോദിക്കാൻ പോവുകയാണ്."

സിംഹത്തിന്റെ മുഖത്ത് ആശയുടെ വെളിച്ചം കണ്ടു. "ഞാനും നിങ്ങളുടെയൊപ്പം ഓസിനെ കാണാൻ വന്നാൽ എനിക്ക് അദ്ദേഹം ധൈര്യം തരുമായിരിക്കും. അല്ലേ?"

"തീർച്ചയായും" എല്ലാവരുടെയും ഏകകണ്ഠമായ അഭിപ്രായം.

"നീ മറ്റു മൃഗങ്ങളെ വിരട്ടിയോടിക്കാൻ സഹായിച്ചാൽ മതി. കണ്ടിടത്തോളം മറ്റു മൃഗങ്ങൾ നിന്നെക്കാൾ പേടിത്തൊണ്ടന്മാരാണെന്ന് തോന്നുന്നു. അവർക്ക് നിന്നെ പേടിയല്ലേ."

"അതെ" സിംഹം പറഞ്ഞു. "എന്നുവെച്ച് ഞാൻ ധൈര്യശാലിയായില്ലല്ലോ?"

അവർ അഞ്ചുപേരും കൂടി യാത്ര തുടർന്നു. ടോട്ടോയ്ക്ക് ആദ്യമൊക്കെ സിംഹത്തെ പരമപുച്ഛമായിരുന്നു. പക്ഷേ, ക്രമേണ അവർ തമ്മിൽ നല്ലൊരു സൗഹൃദം വളർന്നു.

പിന്നീട് പറയത്തക്ക സംഭവങ്ങളൊന്നും യാത്രയ്ക്കിടയിൽ ഉണ്ടായില്ല. ഒരിക്കൽ തകരമനുഷ്യൻ ഒരു പ്രാണിയുടെ മേൽ ചവിട്ടി അതിനെ നശിപ്പിച്ചു. പാവം അറിയാതെ ചെയ്തതാണ്- പക്ഷേ ഭയങ്കര സങ്കടമായി. നിർത്താതെ കരയാൻ തുടങ്ങി. കരച്ചിലും പറച്ചിലും കുറേക്കഴിഞ്ഞപ്പോൾ അപകടമായി. വെള്ളം വീണ് തകരമനുഷ്യന്റെ മുഖം തുരുമ്പെടുക്കാൻ തുടങ്ങി. മിണ്ടാൻ പോലും വയ്യ! പേടിച്ച് തകരമനുഷ്യന് ഗതിയില്ലാതായി! ഡോറത്തിയെ നോക്കി കൈയും കാലും കാട്ടി വിറളിയെടുക്കാൻ തുടങ്ങി. ഡോറത്തി ഒരു വട്ടം എണ്ണപ്രയോഗം കഴിച്ചപ്പോഴാണ് വെപ്രാളം ഒന്ന് ശമിച്ചത്.

"എന്റെ പാഠം ഞാൻ പഠിച്ചേ!" പാവം തകരമനുഷ്യൻ പറഞ്ഞു: ഇനി മേലാൽ ഒരു ജന്തുവിനെയും കൊല്ലാതെ ഞാൻ നോക്കിക്കൊള്ളാം."

അതിനു ശേഷം അയാൾ ഒരു ചെറിയ ഉറുമ്പിനെപ്പോലും ചവിട്ടാതെയാണ് നടന്നത്. തകരമനുഷ്യന് ഹൃദയമില്ലായിരുന്നു. പക്ഷേ, അയാൾ ക്രൂരനായിരുന്നില്ല.

"നിങ്ങൾ ഹൃദയമുള്ളവർക്ക് അതൊന്നും പ്രശ്നമില്ല. പക്ഷേ, ഹൃദയമില്ലാത്തവർ വളരെ സൂക്ഷിക്കണം. ങാ! ഹൃദയം കിട്ടിയാൽ പിന്നെ ഇങ്ങനെയൊന്നും തോന്നില്ലായിരിക്കും!'

# 7. മരതക നഗരത്തിലേക്കുള്ള വഴി

ഒരു വലിയ മരത്തിന്റെ ചുവട്ടിലാണ് അവർ രാത്രി കഴിച്ചുകൂട്ടിയത്. തകരമനുഷ്യൻ കുറെ വിറകുവെട്ടി ഒരു വലിയ തീ കൂട്ടി. തണുപ്പറിയാതെ അവർ കിടന്നുറങ്ങി. അതിനുമുമ്പ് കൂട, തല കീഴായ് ഇട്ട് ഒടുവിലത്തെ റൊട്ടിക്കഷണവും അവർ തിന്നു. "ഞാൻ പോയി ഒരു മാനിനെ കൊന്ന് കൊണ്ടുവരാം. നിങ്ങളുടെ ഇഷ്ടംപോലെ അതിനെ പൊരിച്ചുതിന്നാം."

"വേണ്ട വേണ്ട!" തകരമനുഷ്യന്റെ കണ്ണ് അപ്പോഴേക്കും നിറഞ്ഞുകഴിഞ്ഞിരുന്നു. "എനിക്ക് കരച്ചില് വരും. പറഞ്ഞേക്കാം."

സിംഹത്തിന് ചിരി വന്നെങ്കിലും മര്യാദയോർത്ത് അവനത് പുറത്തു കാണിച്ചില്ല. തന്റെ അത്താഴം സമ്പാദിക്കാനായി അവൻ കാട്ടിലേക്കു പോയി. വൈക്കോൽ മനുഷ്യൻ ഡോറത്തിയുടെ കൂടയിൽ പഴങ്ങൾ നിറച്ചു. അയാളുടെ സ്നേഹം കണ്ട് ഡോറത്തിയുടെ മനസ്സലിഞ്ഞു. വിറയ്ക്കുന്ന വിരലുകൾ കൊണ്ട് അയാൾ പഴങ്ങൾ പറിക്കാൻ ശ്രമിക്കുന്നതുകണ്ട് അവൾ ചിരിച്ചുപോയി. തീയുടെ അടുത്തേക്കുപോലും പാവം പേടിച്ചു വന്നില്ല. ഡോറത്തി ഉറങ്ങാൻ കിടന്നപ്പോൾ അയാൾ കരിയില വാരി അവളെ പുതപ്പിച്ചു.

നേരം വെളുത്തപ്പോൾ ഡോറത്തി മുഖം കഴുകി. അവർ മരതക നഗരത്തിലേക്കുള്ള യാത്ര തുടർന്നു.

സംഭവബഹുലമായ ദിവസമായിരുന്നു അത്. ഏകദേശം ഒരു മണിക്കൂർ നടന്നതോടെ അവർ വലിയ ഒരു ഗർത്തത്തിനു സമീപമെത്തി. ഭയങ്കര ആഴമുള്ള പടുകുഴി! താഴേയ്ക്കു നോക്കിയാൽ തലകറങ്ങും! അത് കടക്കാൻ പാലവുമില്ല. താഴത്തെ കൂർത്ത പാറക്കെട്ടുകൾ കണ്ടപ്പോൾ നമ്മുടെ സഞ്ചാരികളുടെ മുട്ടിടിക്കാൻ തുടങ്ങി.

"എന്തു ചെയ്യും!" ഡോറത്തി വിഷമത്തോടെ പറഞ്ഞു. "എന്താ ചെയ്യുക

ഇനി!" വൈക്കോൽ മനുഷ്യൻ ചിന്തയിൽ മുഴുകി. നമുക്ക് പറക്കാനാവില്ല. തീർച്ച! ആരെങ്കിലും ചാടിക്കടന്നു നോക്കണം."

"ഞാനൊന്നു ശ്രമിച്ചുനോക്കാം." പേടിത്തൊണ്ടൻ സിംഹം പറഞ്ഞു. "ആരാണ് ആദ്യം വരിക?"

"ഞാൻ ഞാൻ! വൈക്കോൽ മനുഷ്യൻ പറഞ്ഞു. 'അഥവാ സിംഹത്തിന് ചാടിക്കടക്കാൻ കഴിയാതെ വരികയും കുഴിയിലേക്ക് വീഴുകയും ചെയ്താൽ അതിന് പറ്റിയ പുള്ളി ഞാനാണ്. ഡോറത്തിയുടെ എല്ലൊടിയും; തകരമനുഷ്യന്റെ ദേഹം ചളുങ്ങിപ്പോകും; എനിക്കാണെങ്കിൽ ഒന്നും പറ്റില്ല.

"എനിക്കും പേടിയാ! പക്ഷേ. എന്താ ചെയ്യുക! സിംഹം പറഞ്ഞു. വൈക്കോൽ മനുഷ്യൻ സിംഹത്തിന്റെ പുറത്ത് കയറിയിരുന്നു. സിംഹം സാവധാനം നടന്ന് ഗർത്തത്തിന്റെ വക്കിലെത്തി. "കുറച്ചുദൂരം ഓടിവന്ന് ചാടുന്നതല്ലേ നല്ലത്." തകരമനുഷ്യൻ ചോദിച്ചു. "ഏയ് ഇങ്ങനെയാണ് സിംഹങ്ങളുടെ രീതി! ഒറ്റച്ചാട്ടത്തിന് കടക്കും."

സിംഹം സർവശക്തിയുമെടുത്ത് ഒറ്റച്ചാട്ടം ചാടി. സുരക്ഷിതമായി അക്കരെ കടന്നു. പിന്നെ സിംഹം തിരിച്ചു ചാടി മറ്റുള്ളവരെ അക്കരെ എത്തിച്ചു. സന്തോഷവും അഭിമാനവും കൊണ്ട് സിംഹം ചുവന്നു തുടുത്തു.

ഗർത്തത്തിന്റെ ഇങ്ങേവശത്തുള്ള കാട് കൂടുതൽ ഇരുണ്ടതും പേടിപ്പെടുത്തുന്നതുമായിരുന്നു. കൂടാതെ കാട്ടിൽ നിന്ന് പലതരം വിചിത്രശബ്ദങ്ങൾ കേൾക്കുന്നുണ്ടായിരുന്നു. ഇതാണ് കാളിഠന്മാർ താമസിക്കുന്ന ഭാഗം." സിംഹം വിറയ്ക്കുന്ന ശബ്ദത്തിൽ പറഞ്ഞു.

'ആരാണ് കാളിഠന്മാർ' ഡോറത്തി ചോദിച്ചു.

'അയ്യോ! ലോകത്തിലെ ഏറ്റവും ഭീകരജന്തുക്കളാണ് അവർ. ചെമ്പരത്തിപ്പൂ പോലെ ചുവന്ന കണ്ണുകൾ! കരടിയുടെ ശരീരവും പുലിയുടെ തലയും ആനയുടെ വലുപ്പവും! എനിക്ക് അവരെ പേടിയാ!"

മുമ്പിൽ നോക്കിയപ്പോൾ അതാ വീണ്ടും വരുന്നു ഒരു പടുകുഴി. എന്തു ചെയ്യണമെന്നറിയാതെ അവർ കുഴങ്ങി. ഇത്തവണ തനിക്കത് ചാടിക്കടക്കാൻ കഴിയില്ലെന്ന് സിംഹം പറഞ്ഞു.

എല്ലാവരും തല പുകഞ്ഞാലോചിച്ചു. ഒടുവിൽ വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"അതാ കണ്ടോ ഒരു വലിയ മരം. തകരമനുഷ്യൻ അതിനെ വെട്ടി കുഴിക്ക് കുറുകെ ഇട്ടാൽ മതി. പാലംപോലെ നമുക്ക് നടന്ന് അപ്പുറം കടക്കാം."

"ഉഗ്രൻ ഐഡിയാ!" സിംഹം പറഞ്ഞു. "നിന്റെ വർത്തമാനം കേട്ടാൽ നിനക്ക് തലച്ചോറുണ്ടെന്നുപോലും സംശയിച്ചുപോകും."

തകരമനുഷ്യൻ മരംവെട്ടി പടുകുഴിക്ക് കുറുകെയിട്ടു. അവർ തടിയുടെ മുകളിലൂടെ നടക്കാൻ തുടങ്ങി. ആദ്യം ഡോറത്തിയും ടോട്ടോയും, പുറകെ

തകരമനുഷ്യൻ; അതിനു പിന്നാലെ വൈക്കോൽ മനുഷ്യൻ.

പാലത്തിന്റെ ഒത്ത നടുക്കായപ്പോൾ അതാ മറ്റൊരു ഗുലുമാൽ! പിന്നിൽ നിന്ന് മലയിടിഞ്ഞു വീഴുന്നതുപോലെ ഭീകരമായ ഒരു ശബ്ദം. തിരിഞ്ഞു നോക്കിയപ്പോൾ അതാ നിൽക്കുന്നു രണ്ട് പൊണ്ണത്തടിയൻ കാളിഠന്മാർ!

സിംഹം നിന്ന നിൽപിൽ ഒരു കറക്കം! തൊണ്ട പൊട്ടുമാറുച്ചത്തിൽ അവൻ ഭീകരമായി അലറി. അതുകേട്ട് പാവം ഡോറത്തി പേടിച്ചു നിലവിളിച്ചു. പൊണ്ണത്തടിയന്മാർ പോലും ഒട്ടൊരു സംശയത്തോടെ പരസ്പരം നോക്കിപ്പോയി. പിന്നീട് അവർക്ക് സിംഹത്തെക്കാൾ തടിമിടുക്കുണ്ടല്ലോ എന്നോർത്ത് നമ്മുടെ സഞ്ചാരികളെ വിഴുങ്ങിക്കളയാൻ വേണ്ടി അലറിയടുത്തു.

ഇവന്മാരോട് മല്ലിടുന്നത് ബുദ്ധിയല്ലെന്ന് വൈക്കോൽ മനുഷ്യന് മനസ്സിലായി. “എല്ലാവരും പെട്ടെന്ന് കടന്നോളൂ.” അയാൾ വിളിച്ചു പറഞ്ഞു. “നമുക്ക് പരിഹാരം കാണാം.”

എല്ലാവരും ഇക്കരെയെത്തി. അപ്പോഴേക്കും കാളിഠന്മാർ പാലത്തിലേക്ക് കയറിക്കഴിഞ്ഞു. വൈക്കോൽ മനുഷ്യൻ തകരമനുഷ്യനോട് ആഞ്ഞുവെട്ടിക്കൊള്ളാൻ പറഞ്ഞു. അയാൾ സർവശക്തിയുമുപയോഗിച്ച് പാലത്തെ



വെട്ടിമുറിച്ചു. കാളിഠന്മാർ ഉരുണ്ടുരുണ്ട് ഇങ്ങെത്തും മുമ്പ് പാലം രണ്ടു തുണ്ടായി. ചെവിപൊട്ടിക്കുന്ന ശബ്ദത്തിൽ അലറിക്കൊണ്ട് കാളിഠന്മാർ കുഴിയിലേക്ക് വീണു.

"സമാധാനമായി! നമ്മുടെ ആയുസ്സിന് നീളമുണ്ടെന്ന് തെളിഞ്ഞു. എന്റെ ഹൃദയം പടപടാന്ന് ഇടിക്കുന്നു!" സിംഹം പറഞ്ഞു.

"എനിക്ക് പടപടാന്ന് ഇടിക്കാൻ ഒരു ഹൃദയമില്ലാതെ പോയല്ലോ" തകരമനുഷ്യൻ വ്യസനിച്ചു.

എങ്ങനെയെങ്കിലും ഈ നരകത്തിൽ നിന്ന് പുറത്തു ചാടിയാൽ മതിയെന്നായി നമ്മുടെ സുഹൃത്തുക്കൾക്ക്. ഭാഗ്യത്തിന് കാട് അവസാനിച്ചു തുടങ്ങിയിരുന്നു. മരങ്ങൾ തമ്മിലുള്ള അകലം കൂടുന്നതായി കണ്ടു. കുറേ മുൻപിലായി ഒരു നദി പരന്നൊഴുകുന്നു. അതിനപ്പുറം പച്ചപ്പുൽത്തകിടികൾ കണ്ണെത്തുവോളം ദൂരത്തിൽ പരന്നുകിടക്കുന്നു. നദി കടന്നാൽ അവർ രക്ഷപ്പെട്ടു!

പക്ഷേ, അതെങ്ങനെ വേണമെന്ന് അവർക്ക് ഒരെത്തും പിടിയും കിട്ടിയില്ല. കുറേ ആലോചിച്ച ശേഷം വൈക്കോൽ മനുഷ്യൻ പറഞ്ഞു:

"നമുക്ക് ഒരു ചങ്ങാടമുണ്ടാക്കാം."

തകരമനുഷ്യൻ തന്റെ കോടാലിയുമായി ഉടനടി മരം വെട്ടാൻ പോയി. അന്നത്തെ ദിവസം മുഴുവൻ അവർ ചങ്ങാടമുണ്ടാക്കുന്നതിൽ വ്യാപൃതരായിരുന്നു. പക്ഷേ, അന്നുകൊണ്ട് പണി തീർന്നില്ല. അതുകൊണ്ട് മരങ്ങളുടെ കീഴിൽതന്നെ രാത്രി കഴിച്ചുകൂട്ടാൻ അവർ തീരുമാനിച്ചു.

മരതകനഗരത്തേയും നല്ലവനായ ഓസ് മാന്ത്രികനേയും സ്വപ്നം കണ്ടുകൊണ്ട് ഡോറത്തി ഉറങ്ങി.

# 8. വിഷപ്പൂക്കളുടെ ചതി

പിറ്റേന്ന് അതിരാവിലെതന്നെ നമ്മുടെ സഞ്ചാരികൾ യാത്രയ്ക്ക് തയ്യാറായി. ഇന്ന് എല്ലാവരും നല്ല ഉത്സാഹത്തിലാണ്. കാടിന്റെ ഇരുട്ടും തണുപ്പും കഴിഞ്ഞ് തെളിഞ്ഞ വെയിലും പുഞ്ചിരിക്കുന്ന പ്രകൃതിയുമുള്ള ഈ സ്ഥലത്തെത്തിയപ്പോൾ തങ്ങളുടെ എല്ലാ പ്രശ്നങ്ങളുമവസാനിച്ചുവെന്ന് അവർ കരുതി.

ചങ്ങാടത്തിന്റെ പണി ഏറെക്കുറെ അവസാനിച്ചിരുന്നു. അൽപസമയം കൊണ്ട് അവർ അതിനെ നദിയിലിറക്കി. അക്കരെ എത്താനായി തുഴഞ്ഞു തുടങ്ങി.

പക്ഷേ അതിശക്തമായ ഒഴുക്കുമൂലം ചങ്ങാടം പടിഞ്ഞാട്ടൊഴുകാൻ തുടങ്ങി. മഞ്ഞപാത അകന്നകന്നു പോകുന്നത് അവർ ചങ്ങാടത്തിലിരുന്നു കണ്ടു.

'കഷ്ടമായല്ലോ' തകരമനുഷ്യൻ പറഞ്ഞു. ഇനി കുറച്ചുകൂടി പോയാൽ നാം പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയുടെ രാജ്യത്തു ചെല്ലും. അവൾ നമ്മെ അടിമകളാക്കും.'

'അയ്യോ എന്തു ചെയ്യും!' ഡോറത്തി ആകെ വിഷമിച്ചു.

'എങ്ങനെ മരതകനഗരത്തിലെത്തണം.' വൈക്കോൽ മനുഷ്യൻ പറഞ്ഞു. അയാൾ ഗഹനമായി ചിന്തിക്കുകയായിരുന്നു. മുളകൊണ്ടുള്ള തന്റെ തുഴ എടുത്ത് അയാൾ ആഞ്ഞൊന്ന് കുത്തി. കഷ്ടമെന്നേ പറയേണ്ടൂ! മുള ചെളിയിൽ ആണ്ടുപോയി! ഒഴുക്കിൽപ്പെട്ട് ചങ്ങാടം അതിവേഗം ഒഴുകിപ്പോയി! പാവം വൈക്കോൽ മനുഷ്യൻ മുളയിൽ തൂങ്ങിപ്പിടിച്ച് അങ്ങനെ കിടക്കുകയാണ്!

'പോയ്‌വരൂ' അയാൾ അവിടെ കിടന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. പാവം

തകരമനുഷ്യൻ കരയാൻ തുടങ്ങി. പക്ഷേ അതുകൊണ്ടുള്ള ആപത്ത് ഓർമ വന്നപ്പോൾ അയാൾ ഡോറത്തിയുടെ ഉടുപ്പിന്റെ അറ്റംകൊണ്ട് കണ്ണൊപ്പി.

ഇത് വൈക്കോൽ മനുഷ്യന് വല്ലാത്ത പറ്റായിപ്പോയി. “ശ്ശെടാ എന്തൊരു ഗതികേട്! നോക്കുകുത്തിയായി സേവനം നടത്തിയിരുന്നപ്പോൾ എന്തേലും ഉപകാരം ഉണ്ടായിരുന്നു എന്നെക്കൊണ്ട്! ഇപ്പം അതും ഇല്ലല്ലോ ശിവനേ!”

‘ഒള്ളതും പോയെന്റെ ഉണ്ണിയമ്മേ’ എന്ന മട്ടിലായി അയാൾ.

ചങ്ങാടം വളരെദൂരെ എത്തിക്കഴിഞ്ഞു. സിംഹം പറഞ്ഞു: എന്തെങ്കിലും ചെയ്തേ പറ്റൂ. ഒരുകാര്യം ചെയ്യാം. ഞാൻ വെള്ളത്തിലിറങ്ങി അക്കരയ്ക്കു നീന്താം. എന്റെ വാലിൽ പിടിച്ചു കിടന്നാൽ മതി. നിങ്ങളെ ഞാൻ അക്കരെയെത്തിക്കാം.”

സിംഹത്തിന്റെ പ്ലാൻ ഫലിച്ചു. വളരെ പണിപ്പെട്ടാണെങ്കിലും അവർ അക്കരെയെത്തി. ഡോറത്തി സിംഹത്തെ ‘ചക്കരക്കുട്ടാ’ എന്നു വിളിച്ച് ഉമ്മ വച്ചു. സിംഹത്തിന് നാണം വന്നു.

എല്ലാവരും നന്നെ ക്ഷീണിച്ചിരുന്നു. എന്നാലും മഞ്ഞപ്പാത കാണുന്നതുവരെ തിരിച്ചു നടക്കാമെന്ന് തീരുമാനിച്ചു. വിശ്രമത്തിനു ശേഷം അവർ നടക്കാൻ തുടങ്ങി. വൈക്കോൽ മനുഷ്യന്റെ അകാലമായ വേർപാട് എല്ലാവരെയും ശോകമൂകരാക്കിയിരുന്നു. കുറെ ദൂരം നടന്നപ്പോൾ അതാ നദിയുടെ ഒത്ത നടുക്ക് ഒരു മുളങ്കമ്പിൽ തൂങ്ങിക്കിടക്കുന്നു വൈക്കോൽ മനുഷ്യൻ. അവൻ അവിടെക്കിടന്ന് വിഷണ്ണനായി അവരെ നോക്കി.

‘എന്തെങ്കിലും ചെയ്തേ പറ്റൂ’ നിറകണ്ണുകളോടെ ഡോറത്തി പറഞ്ഞു. സിംഹവും തകരമനുഷ്യനും എന്തു ചെയ്യണമെന്നറിയാതെ നിശ്ശബ്ദരായി ഇരുന്നു.

കുറെക്കഴിഞ്ഞപ്പോൾ ആ വഴി ഒരു വലിയ വെളുത്ത കൊറ്റി പറന്നുവന്നു. കുറെ പുതുമുഖങ്ങളെ കണ്ടപ്പോൾ കൊറ്റിയമ്മയ്ക്ക് താൽപര്യമായി.

‘അല്ലേ! നിങ്ങളാരാ?’ അവർ മുകളിൽ നിന്ന് വിളിച്ചു ചോദിച്ചു.

‘ഞാൻ ഡോറത്തി; ആ കിടക്കുന്നത് വൈക്കോൽ മനുഷ്യൻ; ഇത് തകരമനുഷ്യൻ; ഇയാൾ പേടിത്തൊണ്ടൻ സിംഹം. ഞങ്ങൾ മരതകനഗരത്തിലേക്ക് പോവുകയാണ്.

‘എന്നാൽ നിങ്ങൾക്ക് വഴിതെറ്റി.’

‘എനിക്കറിയാം.’ ഡോറത്തി പറഞ്ഞു. ‘പക്ഷേ, വൈക്കോൽ മനുഷ്യൻ നദിയുടെ നടുവിൽ കുടുങ്ങിപ്പോയി.’

‘ഇത്രയും തടിയനല്ലായിരുന്നെങ്കിൽ ഞാൻ അയാളെ തൂക്കിയെടുത്ത് ഇങ്ങു കൊണ്ടിടാമായിരുന്നു.’

‘ഏയ് അയാൾക്കു ഭാരമേയില്ല. അയാൾ വെറും വൈക്കോൽ മനുഷ്യനാ.’

‘എന്തായാലും നോക്കാം.’ കൊറ്റിയമ്മ പറഞ്ഞു.

കൊറ്റിയമ്മ ചിറകുവിരിച്ച് പറന്നു. ഒറ്റക്കൊത്തിന് വൈക്കോൽ മനുഷ്യനെ കൊക്കിലെടുത്തു തിരിച്ചു പോന്നു.

എല്ലാവരും സന്തോഷംകൊണ്ട് തുള്ളിച്ചാടി. വൈക്കോൽ മനുഷ്യൻ എല്ലാവരേയും കെട്ടിപ്പിടിച്ചു കരഞ്ഞു.

"ഞാൻ ശരിക്കും പേടിച്ചൂട്ടോ. എന്തായാലും കൊറ്റിയമ്മേടെ ഈ ഉപകാരം മറക്കില്ല. ട്ടോ."

"അതൊന്നും സാരമില്ല.' കൊറ്റിയമ്മ പറഞ്ഞു. 'ഞാനിനി പോട്ടെ. വീട്ടിൽ കുട്ടികൾ തനിച്ചാണ്. അവർ പറന്നുപോയി.

അവർ നിറയെ പൂക്കൾ വിരിഞ്ഞുനിൽക്കുന്ന പുൽമേടുകളിലൂടെ നടന്നുനീങ്ങി. ഇത്ര വളരെ പൂക്കൾ ലോകത്തുണ്ടോ! എന്തൊക്കെ നിറങ്ങൾ! ഡോറത്തിയുടെ തല കറങ്ങി. നീലയും വെള്ളയും മഞ്ഞയും ചുവപ്പും വയലറ്റും! കടും ചുവപ്പു നിറത്തിലെ പോപ്പി പുഷ്പങ്ങളാണ് ഡോറത്തിയ്ക്ക് ഏറ്റവും ഇഷ്ടമായത്. 'എത്ര സുന്ദരമാണ് അല്ലേ?' പോപ്പിയുടെ തീക്ഷ്ണ ഗന്ധം ശ്വസിച്ചുകൊണ്ട് ഡോറത്തി ചോദിച്ചു.

'എനിക്കൊരു ഹൃദയമുണ്ടായിരുന്നെങ്കിൽ ഞാനവയെ സ്നേഹിച്ചുപോയേനെ. തകരമനുഷ്യൻ പറഞ്ഞു.

കുറെദൂരം നടന്നുകഴിഞ്ഞപ്പോൾ ചുവന്ന പോപ്പികൾ മാത്രമുള്ള ഒരു വലിയ പുൽമേട് കാണുകയായി. തലയ്ക്ക് മത്തുപിടിപ്പിക്കുന്ന ഒരുതരം ഗന്ധം അവിടമാകെ നിറഞ്ഞുനിന്നു. പോപ്പി പുഷ്പങ്ങളുടെ ഒരു പ്രത്യേകതയാണിത്. അതിന്റെ മണമേറ്റാൽ ഉറക്കം വരും. പക്ഷേ ഡോറത്തിയ്ക്ക് ഇതറിയില്ലായിരുന്നു. അവൾ പോപ്പി പുഷ്പങ്ങൾ പറിച്ച് കീശകളിൽ നിറച്ചുകൊണ്ടേയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അവൾ ഉറക്കം തൂങ്ങാൻ തുടങ്ങി.

വൈക്കോൽ മനുഷ്യന് അപകടം പിടികിട്ടി.

'വേഗം നടന്ന് നമുക്ക് മഞ്ഞപ്പാതയിലെത്താം.' അയാൾ പറഞ്ഞു. പക്ഷേ, കുറച്ചു കഴിഞ്ഞപ്പോൾ ഡോറത്തിയ്ക്ക് കണ്ണുകൾ തുറക്കാൻ പോലും വയ്യാതായി. അവൾ പോപ്പി പുഷ്പങ്ങൾക്കിടയിൽ കിടന്നുറങ്ങി.

'എന്തു ചെയ്യും.' തകരമനുഷ്യൻ ചോദിച്ചു.

'നമുക്ക് എത്രയും വേഗം സ്ഥലം വിടാം.' സിംഹം പരിഭ്രാന്തമായ സ്വരത്തിൽ പറഞ്ഞു. ഈ പൂക്കൾ നമ്മളെക്കൊല്ലും. എനിക്കും വല്ലാതെ ഉറക്കം വരുന്നു. ടോട്ടോ അതാ ഉറങ്ങിക്കഴിഞ്ഞു.

ശരിയാണ്. ടോട്ടോയും മയങ്ങി വീണുകഴിഞ്ഞിരുന്നു. ചോരയും നീരുമുള്ള ശരീരമില്ലാത്തതുകൊണ്ട് വൈക്കോൽ മനുഷ്യനും തകരമനുഷ്യനും കുഴപ്പമില്ലായിരുന്നു.

നീ ആവുന്നത്ര വേഗത്തിൽ ഓടിക്കോ. വൈക്കോൽ മനുഷ്യൻ സിംഹ



ത്തോട് പറഞ്ഞു. ഡോറത്തിയെ ഞങ്ങൾ തൂക്കിയെടുത്തുകൊണ്ടു വരാം. നീ ഉറങ്ങിപ്പോയാൽ നിന്നെ പൊക്കാൻ ഞങ്ങൾക്കു കഴിയില്ല.' സിംഹം വേഗം ഓടിപ്പോയി. വൈക്കോൽ മനുഷ്യനും തകരമനുഷ്യനും ഡോറത്തി യേയും ടോട്ടോയെയും തൂക്കിയെടുത്തുകൊണ്ട് പുറകെ നടന്നു.

എത്ര ദൂരം നടന്നിട്ടും പുൽമേട് അവസാനിക്കുന്നില്ലെന്ന് അവർക്ക് തോന്നി. കുറെ കഴിഞ്ഞപ്പോൾ അങ്ങുദൂരെ ഒരു ചെറിയ മല പോലെ എന്തോ വീണുകിടക്കുന്നു! അടുത്തുചെന്നു നോക്കിയപ്പോൾ പിടികിട്ടി. അതു നമ്മുടെ സിംഹമായിരുന്നു! പാവം! അൽപദൂരം കൂടി ഓടാൻ കഴിഞ്ഞെങ്കിൽ അവൻ പുൽമേടിനപ്പുറം എത്തിപ്പോയേനെ!

തകരമനുഷ്യനും വൈക്കോൽ മനുഷ്യനും ആകെ വിഷണ്ണരായി.

'പേടിത്തൊണ്ടനായിരുന്നെങ്കിലും അവൻ നല്ല ഉപകാരിയായിരുന്നു.' തക രമനുഷ്യൻ പറഞ്ഞു. പക്ഷേ അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ദുഃഖി തരായി അവർ നടന്നുപോയി. അവർ ഡോറത്തിയെ നദിക്കരയിലേക്ക് ചുമ ന്നുകൊണ്ടുപോയി. മുഖത്തു വെള്ളം തളിച്ചു. അവൾ ഉണരാൻ വേണ്ടി കാത്തിരിപ്പായി.

# 9. എലിറാണിയുടെ സഹായം

"മഞ്ഞപ്പാതയിലേക്ക് ഇനി അധികദൂരമില്ല." വൈക്കോൽ മനുഷ്യൻ പറഞ്ഞു.

അവർ ഡോറത്തിയെ പുല്ലിൽ കിടത്തിയ ശേഷം അവൾ ഉണരാൻ വേണ്ടി കാത്തിരിക്കുകയായിരുന്നു.

'പാവം സിംഹത്താൻ' തകരമനുഷ്യൻ വിഷാദത്തോടെ പറഞ്ഞു.

പെട്ടെന്ന് അവരുടെ പിന്നിലായി പുല്ല് ഉലയുന്ന ശബ്ദം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ ഒരു ചെറുജീവി ജീവനും കൊണ്ട് പായുന്നു. പുറകെ മറ്റൊരു വികൃതജീവി അതിനെ പിടിക്കാൻ ഓടി വരുന്നു. തകരമനുഷ്യൻ പിന്നെ മറ്റൊന്നും നോക്കിയില്ല. കോടാലി ഉയർത്തി ഒരൊറ്റ വെട്ട്! തടിയൻ ജീവി രണ്ടു തുണ്ട്! അതൊരു കാട്ടുപൂച്ചയായിരുന്നു. പുല്ലിനിടയിൽ ഭയന്നുവിറച്ച് പമ്മിയിരിക്കുന്നു ഒരു ചുണ്ടെലി! ഹൃദയമില്ലെങ്കിലും ഇത്ര ചെറിയ ജീവിയെ ആക്രമിച്ചത് ശരിയായില്ലെന്ന് തകരമനുഷ്യന് അറിയാമായിരുന്നു.

'കീ കീ' ഒച്ചയിൽ ചുണ്ടെലി തകരമനുഷ്യനോട് നന്ദി പറഞ്ഞു. 'നമ്മെ സഹായിച്ചതിനു നന്ദി!'

'ഓ അതു സാരമില്ല' തകരമനുഷ്യൻ പറഞ്ഞു.

'ഹൃദയമില്ലാത്തവനാണെങ്കിലും നിസ്സഹായരായ ചെറുജീവികളെ ഞാൻ തീർച്ചയായും സഹായിക്കും.'

'ചെറുജീവിയോ! എലിയ്ക്കു പിടിച്ചില്ല. 'നാം റാണിയാണ്! എലികളുടെ റാണി!'

'അതെയോ! ഞാനറിഞ്ഞില്ല' തകരമനുഷ്യൻ അവളെ വണങ്ങി.

'അതുകൊണ്ട് നമ്മുടെ ജീവൻ രക്ഷിച്ചതുവഴി നിങ്ങൾ മഹത്തായ ഒരു കൃത്യം ചെയ്തിരിക്കുന്നു.'

അപ്പോഴേയ്ക്കും എലികളുടെ വലിയൊരു കൂട്ടം തന്നെ അവിടെ കൂടി. 'ഹാവൂ! തിരുമനസ്സേ! താങ്കൾ മടങ്ങില്ലെന്ന് ഞങ്ങൾ ഭയപ്പെട്ടു. പൂച്ചയിൽ നിന്ന് എങ്ങനെയാണ് രക്ഷപ്പെട്ടത്?'

ഇത്രയും പറഞ്ഞ ശേഷം അവയെല്ലാം തലകുത്തിനിന്ന് തങ്ങളുടെ റാണിയെ വണങ്ങി.

'ഇയാൾ' റാണി തകരമനുഷ്യനെ ചൂണ്ടിക്കാണിച്ചു. 'എന്റെ ജീവൻ രക്ഷിച്ചു. ഇനി മുതൽ ഇയാൾ എന്തു പറഞ്ഞാലും നിങ്ങൾ അനുസരിക്കണം.'

'ഉത്തരവ്!' എലികൾ വിളിച്ചു പറഞ്ഞു.

അപ്പോഴേക്കും ടോട്ടോ മയക്കത്തിൽ നിന്നുണർന്ന് കുരയ്ക്കാൻ തുടങ്ങി. അവനെ കണ്ടപാടെ എലികളെല്ലാം ഓടിയൊളിച്ചു. കാൻസാസിൽ ഇത് അവന്റെ ഒരു മുഖ്യ വിനോദമായിരുന്നു.

പക്ഷേ, തകരമനുഷ്യൻ അവനെ പിടികൂടി. 'തിരിച്ചുവരൂ!' ടോട്ടോ നിങ്ങളെ ഉപദ്രവിക്കില്ല!'

ഇതുകേട്ട് എലികളുടെ രാജ്ഞി പുല്ലുകൾക്കിടയിലൂടെ തല പുറത്തിട്ട് വിറയ്ക്കുന്ന സ്വരത്തിൽ ചോദിച്ചു.

'അവൻ ഞങ്ങളെ കടിയ്ക്കില്ലെ?'

'കടിയ്ക്കാതെ ഞാൻ നോക്കിക്കൊള്ളാം' തകരമനുഷ്യൻ പറഞ്ഞു. 'പേടിയ്ക്കാതെ.'

ഒന്നൊന്നായി എലികളെല്ലാവരും ഒത്തുകൂടി. ഒരു എലി മൂപ്പൻ ചോദിച്ചു.

'ഞങ്ങൾ എന്തു ചെയ്യണം?'

"പ്രത്യേകിച്ചൊന്നുമില്ല." തകരമനുഷ്യൻ പറഞ്ഞു. പക്ഷേ വൈക്കോൽ മനുഷ്യൻ തലപുകഞ്ഞു ചിന്തിക്കാൻ തുടങ്ങി.

"നിൽക്കൂ, നിൽക്കൂ! നിങ്ങൾക്ക് ഞങ്ങളുടെ സുഹൃത്തായ പേടിത്തൊണ്ടൻ സിംഹത്തെ പോപ്പിക്കാട്ടിൽ നിന്ന് രക്ഷിക്കാമോ? അയാൾ ചോദിച്ചു.

'സിംഹമോ! അയ്യോ! അവൻ ഞങ്ങളെ വിഴുങ്ങിയാലോ?' റാണിക്കു പേടിയായി.

'അതു സാരമില്ല.' വൈക്കോൽ മനുഷ്യൻ പറഞ്ഞു.


'അവൻ ഒരു പേടിത്തൊണ്ടനാണ്.'

'സത്യമാണോ?' എലികൾക്ക് ചിരിവന്നു.

'അവൻതന്നെ പറഞ്ഞതാണ്. ഞങ്ങൾക്ക് അവനെ നന്നായി അറിയാം. അവൻ ഒന്നും ചെയ്യില്ല."

"ഒരു കാര്യം ചെയ്യൂ. നിങ്ങൾ പ്രജകളെ എല്ലാരേം വിളിച്ചുകൂട്ടൂ. ഓരോ കഷണം നൂല് കൂടെ കൊണ്ടുവരാൻ പറയണം."

റാണി തന്റെ പരിവാരങ്ങളോട് ആ നാട്ടിലെ എല്ലാ എലികളേയും വിളിച്ചുകൂട്ടാൻ ആജ്ഞാപിച്ചു.



അതിനുശേഷം വൈക്കോൽ മനുഷ്യൻ തകരമനുഷ്യനെ അടുത്തുവിളിച്ചിട്ട് നാലുചക്രം ഘടിപ്പിച്ച ഒരു വണ്ടിയുണ്ടാക്കാൻ പറഞ്ഞു. ഒരു നിമിഷം പോലും കളയാതെ അയാൾ പണിതുടങ്ങി. നല്ല ഉറപ്പുള്ള തടിക്കഷണങ്ങൾ വെട്ടി കാട്ടുവള്ളികൾ കൊണ്ട് വരിഞ്ഞുകെട്ടി അതിനുശേഷം തടികൊണ്ടു തന്നെ നാലു ചക്രം തീർത്തു. വളരെവേഗം തന്നെ ഒരു ഒന്നാംതരം ഉന്തുവണ്ടി തയ്യാർ!

അൽപനേരത്തിനുള്ളിൽ പലതരം എലികൾ ഓരോ നീണ്ട കഷണം നൂലും വഹിച്ച് അവിടെയെത്തി. അമ്മ എലികൾ, അപ്പനെലികൾ, കുഞ്ഞനെലികൾ, പെരുച്ചാഴികൾ, ചുണ്ടെലികൾ, തുരപ്പന്മാർ! അവിടം മുഴുവൻ എലികളെക്കൊണ്ട് നിറഞ്ഞു. ആ സമയത്താണ് ഡോറത്തി ഉണർന്നത്. അവളുടെ അമ്പരപ്പ് ഊഹിക്കാവുന്നതല്ലേയുള്ളൂ! വൈക്കോൽ മനുഷ്യൻ അവളോട് നടന്നതെല്ലാം പറഞ്ഞു. അവൾ എലിറാണിയെ താണു വണങ്ങി.

ഒന്നൊന്നായി അവൻ നൂലുകൊണ്ട് എലികളെ ഉന്തുവണ്ടിയിൽ കെട്ടാൻ തുടങ്ങി. ഒരറ്റം എലികളുടെ കഴുത്തിനുചുറ്റും മറ്റേയറ്റം വണ്ടിയുടെ ഒരറ്റ

ത്തും. ചുരുക്കിപ്പറഞ്ഞാൽ വണ്ടി വലിക്കുന്നത് എലികൾ. അതും കൊണ്ട് അവർ സിംഹം മയങ്ങിക്കിടന്ന സ്ഥലത്തേക്ക് പോയി.

വളരെ അധ്വാനിച്ചതിനു ശേഷം അവർ സിംഹത്തെ ഒരുവിധം വണ്ടിയിലേക്ക് എടുത്തു കിടത്തി. എലികൾ വണ്ടി വലിക്കാൻ തുടങ്ങി. വൈക്കോൽ മനുഷ്യനും തകരമനുഷ്യനും പുറകുവശത്തുനിന്ന് തള്ളി. അങ്ങനെ സിംഹത്തെ ഒരുവിധം പോപ്പിത്തോട്ടത്തിൽ നിന്ന് രക്ഷപ്പെടുത്തി.

ഡോറത്തി എലിറാണിയോട് വീണ്ടും വീണ്ടും നന്ദി പറഞ്ഞു. തടിയൻ സിംഹത്തെ അവൾക്ക് അത്ര ഇഷ്ടമായിക്കഴിഞ്ഞിരുന്നു.

അതുകഴിഞ്ഞ് എല്ലാ എലികളേയും അവർ അഴിച്ചുവിട്ടു. അവരെല്ലാവരും തിരികെ സ്വന്തം വീടുകളിലേക്ക് മടങ്ങി.

അവസാനം പോയത് റാണിയാണ്.

"എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞങ്ങളെ വിളിക്കാൻ മടിക്കണ്ട." അവർ പറഞ്ഞു.

"ശരി! നിങ്ങൾക്ക് നല്ലതു വരട്ടെ!" ഡോറത്തി പറഞ്ഞു.

എലിറാണി പരിവാരസമേതം കൊട്ടാരത്തിലേക്ക് മടങ്ങി.

നമ്മുടെ സഞ്ചാരികൾ ആ പുല്ലിൽത്തന്നെയിരുന്നു. സിംഹം ഉണരുന്നതുവരെ അവർ അവിടെത്തന്നെ ഇരിക്കാൻ തീരുമാനിച്ചു.

# 10. മരതക നഗരകവാടത്തിൽ

സിംഹം കുറേനേരം കൂടി അങ്ങനെത്തന്നെയുറങ്ങിക്കിടന്നു. പിന്നീട് മെല്ലെ കണ്ണുതുറന്നു.

'ഞാൻ എനിക്കാവുന്നത്ര വേഗത്തിൽ ഓടിയതാണ്. പക്ഷേ, പൂക്കൾ എന്നെ പറ്റിച്ചുകളഞ്ഞു.'

അവർ നടന്ന കഥയത്രയും സിംഹത്തോടു പറഞ്ഞു. അവൻ വളരെ നേരം ചിന്തയിലാണ്ടു. എന്നിട്ട് വളരെ ഗൗരവത്തോടെ പറഞ്ഞു:

'ലോകത്തിലെ ഏറ്റവും ശക്തനും പരാക്രമിയുമായ ജീവി ഞാനാണെന്നായിരുന്നു എന്റെ വിചാരം. പക്ഷേ, ഇന്ന് എന്റെ അഹങ്കാരം തീർന്നു. പൂക്കളെപ്പോലെ നിസ്സാരമായ സാധനങ്ങൾ എന്നെ കൊന്നുകളഞ്ഞേനെ! എലികളെപ്പോലെ വെറും ദുർബലരായ ജീവികളാണ് എന്റെ ജീവൻ രക്ഷിച്ചത്. എത്ര വിചിത്രം. അല്ലേ?'

'എന്തായാലും ഇനി വൈകണ്ട. നമുക്ക് യാത്ര തുടരാം. ഡോറത്തി പറഞ്ഞു.

അവർ വീണ്ടും നടന്നു. അധികതാമസം കൂടാതെ അവർ മഞ്ഞപ്പാതയിൽ എത്തിച്ചേർന്നു. റോഡ് ഇപ്പോൾ കൂടുതൽ സുഗമമായിരിക്കുന്നു. വീണ്ടും പാടശേഖരങ്ങളും വീടുകളും പഴത്തോട്ടങ്ങളും കണ്ടുതുടങ്ങി. റോഡ് ജനനിബിഡമാകാൻ തുടങ്ങി. ഇക്കൂട്ടർക്കെല്ലാം പച്ചനിറത്തോടാണ് പ്രിയം. തൊപ്പി പച്ച, കോട്ട് പച്ച, കളസം പച്ച, പാപ്പാസ് പച്ച! പക്ഷേ സിംഹം കൂടെയുള്ളതുകൊണ്ട് എല്ലാവർക്കും അവരെ പേടിയായിരുന്നു.

"ഇതായിരിക്കും ഓസിന്റെ രാജ്യം." ഡോറത്തി അഭിപ്രായപ്പെട്ടു. "നാം മരതകനഗരത്തിന്റെ സമീപമെത്തിയെന്ന് തോന്നുന്നു."

"അതെ" തകരമനുഷ്യൻ പറഞ്ഞു.

"ഹൊ! എന്തൊരു വിശപ്പ്! എനിക്കാണെങ്കിൽ ആപ്പിളും ഓറഞ്ചും മാങ്ങയും തിന്നു മടുത്തു! പാവം ടോട്ടോ പട്ടിണിയാണ്!

നടന്നുനടന്ന് അവർ ഒരു വലിയ കർഷക ഭവനത്തിന്റെ അടുത്തെത്തി. രാത്രി അവിടെ കഴിച്ചുകൂട്ടിക്കളയാമെന്ന് കരുതിക്കൊണ്ട് അവർ കതകിൽ മുട്ടി.

ഒരു സ്ത്രീയാണ് വാതിൽ തുറന്നത്. ഡോറത്തിയോട് അവർ ചോദിച്ചു: "നിനക്കെന്തുവേണം കുഞ്ഞേ? എന്തിനാണ് നീ ഈ സിംഹത്തെ കൂടെക്കൊണ്ടു നടക്കുന്നത്."

"ഞങ്ങൾ മരതകനഗരത്തിലേക്ക് പോവുകയാണ് അമ്മായീ. ഈ സിംഹം എന്റെ അടുത്ത കൂട്ടുകാരനാണ്. അവൻ മനുഷ്യരെ ഉപദ്രവിക്കാറില്ല.'

"ഓഹോ അവൻ വളർത്തുമൃഗമാണോ?'

'അതെ. അവൻ വലിയ പേടിത്തൊണ്ടനുമാണ്. നിങ്ങൾ ഒന്നു കണ്ണുരുട്ടിയാൽ അവൻ പേടിച്ച് എന്റെ പാവാടയ്ക്ക് പിന്നിലൊളിക്കും.'

ഓഹാ. എന്നാൽ അകത്തേക്കു പോന്നോളൂ. ഞാൻ നിങ്ങൾക്ക് അത്താഴവും കിടപ്പാടവും ശരിയാക്കാം.

അവർ അകത്തു കടന്നു. മുറിയ്ക്കുള്ളിൽ രണ്ടു കുട്ടികളും ഒരു പുരുഷനുമുണ്ടായിരുന്നു. കാലിന് ഒടിവു പറ്റിയതുകൊണ്ട് അയാൾ ഒരു മൂലയിൽ ഇട്ടിരുന്ന കട്ടിലിൽ കിടന്ന് വിശ്രമിക്കുകയായിരുന്നു. ഈ വിചിത്രസംഘത്തെ കണ്ട് അവർ തെല്ലൊന്നമ്പരന്നു.

"നിങ്ങൾ എങ്ങോട്ടാ?" പുരുഷൻ ചോദിച്ചു.

"മരതക നഗരത്തിലേക്ക്."

"ഓഹോ, ഓസിനെ കാണാനാവും അല്ലേ! പക്ഷേ അദ്ദേഹം നിങ്ങളെ കാണുമോ?"

"അതെന്താ?"

"അല്ല, സാധാരണ ഗതിയിൽ അദ്ദേഹം ആരെയും ഒറ്റയ്ക്ക് കാണാറില്ല. ഞാൻ പലതവണ ഓസിൽ പോയിട്ടുണ്ട്. അതിസുന്ദരമായ നഗരമാണ്. കേട്ടോ! പക്ഷേ ഇന്നേദിവസം വരെ ഞാൻ മായാവിയെ കണ്ടിട്ടില്ല!"

"അദ്ദേഹം പുറത്തുപോകാറില്ലേ?" വൈക്കോൽ മനുഷ്യൻ ചോദിച്ചു.

"ഇല്ല. അദ്ദേഹം തന്റെ കൊട്ടാരത്തിലുള്ള സുവർണ സിംഹാസനത്തിൽനിന്ന് താഴെ ഇറങ്ങാറുപോലുമില്ലെന്നാണ് ആളുകൾ പറയുന്നത്. അദ്ദേഹത്തിന്റെ വാല്യക്കാർ പോലും അദ്ദേഹത്തെ ഇന്നുവരെ കണ്ടിട്ടില്ലത്രെ?"

"അദ്ദേഹത്തെ കണ്ടാലെങ്ങനിരിക്കും?" ഡോറത്തിയുടെ ജിജ്ഞാസ വർധിച്ചു.

"പറയാൻ പറ്റില്ല." പുരുഷൻ പറഞ്ഞു. ഓരോ സമയത്ത് ഓരോ രൂപമാണ് അദ്ദേഹത്തിന്. മഹാമാന്ത്രികനല്ലേ! ചിലർ പറയുന്നു അദ്ദേഹത്തിന്

ആനയുടെ രൂപമാണെന്ന്; മറ്റു ചിലർ പറയുന്നു അദ്ദേഹത്തെ കണ്ടാൽ പൂച്ചയെപ്പോലെയാണെന്ന്; സുന്ദരിയായ സ്ത്രീയുടെ രൂപമാണെന്ന് മറ്റു ചിലർ പറയുന്നു. അദ്ദേഹത്തിന്റെ യഥാർഥ രൂപം ആരും കണ്ടിട്ടില്ല."

"വിചിത്രം തന്നെ." ഡോറത്തി പറഞ്ഞു. "എന്തായാലും ഞങ്ങൾ എങ്ങനെയെങ്കിലും അദ്ദേഹത്തെ കാണും. കണ്ടേ പറ്റൂ."

"എന്താണ് കാര്യം." അയാൾ ചോദിച്ചു.

"എനിക്ക് കുറെ തലച്ചോർ വേണം." വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"ഓ. അത് ഓസിന് നിഷ്പ്രയാസം സാധിക്കും." പുരുഷൻ പറഞ്ഞു.

"ആവശ്യത്തിലധികം തലച്ചോറ് ഇപ്പോൾത്തന്നെ അദ്ദേഹത്തിനുണ്ട്."

"എനിക്ക് ഒരു ഹൃദയമാണ് വേണ്ടത്." തകരമനുഷ്യൻ പറഞ്ഞു.

"അതും വലിയ പ്രശ്നമൊന്നുമല്ല. അദ്ദേഹത്തിന്റെ കൈയിൽ പല വലുപ്പത്തിലും തരത്തിലുമുള്ള അസംഖ്യം ഹൃദയങ്ങളുടെ ഒരു ശേഖരം തന്നെയുണ്ടെന്നാണ് കേട്ടിട്ടുള്ളത്.

"എനിക്ക് സ്വല്പം ധൈര്യം കിട്ടിയാൽ കൊള്ളാം." സിംഹം പറഞ്ഞു.

"ഓസിന്റെ കൊട്ടാരത്തിൽ ഒരു വലിയ കലം നിറയെ ധൈര്യം സൂക്ഷിച്ചിട്ടുണ്ട്. അതിൽ നിന്ന് ഒരു ഗ്ലാസെങ്കിലും നിനക്ക് അദ്ദേഹം തരും. തീർച്ച!"

"എനിക്ക് എങ്ങനെയെങ്കിലും കാൻസാസിലേക്ക് മടങ്ങണം." ഡോറത്തി പറഞ്ഞു.

"കാൻസാസ് എവിടെയാണ്?" പുരുഷൻ ചോദിച്ചു.

"എനിക്കറിയില്ല." ദുഃഖസ്വരത്തിൽ ഡോറത്തി പറഞ്ഞു.

"എന്റെ വീട് അവിടെയാണ്. അവിടേക്ക് എനിക്ക് മടങ്ങണം."

"ഓസിന് അതും സാധിക്കുമായിരിക്കും." ശുഭാപ്തിവിശ്വാസത്തോടെ അയാൾ പറഞ്ഞു. "ആട്ടെ നിനക്കെന്താ വേണ്ടത്?" ടോട്ടോയോട് ആയിരുന്നു ചോദ്യം. അവൻ വാലാട്ടിയതേയുള്ളൂ. അത്ഭുതമെന്നേ പറയേണ്ടൂ– അവനുമാത്രം സംസാരിക്കാനറിയില്ലായിരുന്നു!

അവർ നല്ല ചൂടുകഞ്ഞി പുഴുക്കും ചുട്ട പപ്പടവും ചമ്മന്തിയും കൂട്ടി കുടിച്ചു. അതിനുശേഷം ഒരു നേന്ത്രപ്പഴവും അകത്താക്കി. സിംഹം സ്വൽപം കഞ്ഞി രുചിച്ചുനോക്കി. വല്ല പശുവിനോ ആടിനോ മാത്രമേ അത് രസിക്കൂ എന്നു പറഞ്ഞുകൊണ്ട് വളരെവേഗം മതിയാക്കി. രാത്രി സുഖമായി കഴിഞ്ഞു.

പിറ്റേന്ന് കാലത്ത് അവർ യാത്ര പുനരാരംഭിച്ചു. അങ്ങുദൂരെ, ചക്രവാളത്തിന്റെ അറ്റത്ത് പച്ചനിറത്തിലുള്ള ഒരു പ്രകാശം അവർക്ക് കാണാമായിരുന്നു.

"അതായിരിക്കും മരതകനഗരം" ഡോറത്തി പറഞ്ഞു. നടക്കുംതോറും ആ പ്രകാശം കൂടുതൽ കൂടുതൽ ശക്തമായി.

ഉച്ചയോടടുത്തപ്പോൾ നമ്മുടെ സംഘം അവരുടെ ലക്ഷ്യസ്ഥാനത്തെത്തി– മരതകനഗരത്തിന്റെ പ്രധാന കവാടത്തിൽ.

ആ പടുകൂറ്റൻ കോട്ടവാതിലുകളുടെ സൗന്ദര്യം കണ്ട് അവർ ശ്വാസമടക്കിപ്പിടിച്ചു നിന്നുപോയി. മരതകങ്ങൾ പതിച്ച രണ്ട് സുവർണ വാതിലുകൾ! സൂര്യപ്രകാശമേറ്റ് അവ വെട്ടിത്തിളങ്ങുന്നു. വൈക്കോൽ മനുഷ്യന്റെ കണ്ണുകൾ പോലും മഞ്ഞളിച്ചുപോയി.

കോട്ടവാതിലിനു സമീപം ഒരു സ്വിച്ചുണ്ടായിരുന്നു. ഡോറത്തി അമർത്തിയപ്പോൾ വെള്ളിമണി കിലുങ്ങുന്നതുപോലെ ഒരു ശബ്ദം കേട്ടു. കോട്ടവാതിലുകൾ സാവധാനം തുറന്നു. അവർ അകത്തേക്കു നടന്നു.

വിശാലമായ ഒരു സ്വീകരണമുറിയിലേക്കാണ് അവർ പ്രവേശിച്ചത്. ചുറ്റും മരതകങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം. ഒത്ത നടുക്കായി ഒരു സുവർണ മേശയ്ക്കു സമീപം തല മുതൽ കാലുവരെ നീണ്ടുകിടക്കുന്ന പച്ചപ്പട്ടു കുപ്പായം ധരിച്ച ഒരു ചെറിയ മനുഷ്യൻ ഇരുന്നെഴുതുന്നു. മേശപ്പുറത്ത് പച്ച നിറത്തിലുള്ള ഒരു പെട്ടി വെച്ചിട്ടുണ്ട്. ഡോറത്തിയോടും കൂട്ടുകാരോടും അയാൾ ഇരിക്കാൻ പറഞ്ഞു. മരതകങ്ങളും പുഷ്യരാഗങ്ങളും പതിച്ച ഒരു സ്വർണകസേരയിൽ ഡോറത്തി ഇരുന്നു.

“എന്താണ് വന്നത്” അയാൾ ചോദിച്ചു.

“ഞങ്ങൾ മഹാമാന്ത്രികനായ ഓസിനെ നേരിൽ കാണാൻ വന്നതാണ്.” അവൾ പറഞ്ഞു.



ഈ ഉത്തരം അയാളെ അമ്പരപ്പിച്ചെന്നു തോന്നി.

"എന്നോട് ഇങ്ങനെ ആരും ഇന്നേവരെ ആവശ്യപ്പെട്ടിട്ടില്ല. ഓസ് മഹാ മാന്ത്രികനാണെന്ന് മറക്കരുത്. എന്തെങ്കിലും കുസൃതി കാട്ടാനാണ് ഭാവമെങ്കിൽ അതിന്റെ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്ന് അറിയാമല്ലോ?"

"കുസൃതി കാട്ടാനൊന്നും വന്നതല്ല ഞങ്ങൾ! ഓസ് ഒരു നല്ല മാന്ത്രികനാണെന്ന് അറിഞ്ഞതുകൊണ്ടാണ് ഞങ്ങൾ ഇങ്ങോട്ടുവന്നത്." വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"ശരി നിങ്ങളുടെ ഇഷ്ടം പോലെ." അയാൾ പറഞ്ഞു.

"ഓസിന്റെ അടുക്കലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടു പോകുന്ന ജോലി മാത്രമേ എനിക്കുള്ളൂ. പക്ഷെ, ആദ്യം നിങ്ങൾ ഈ പച്ചക്കണ്ണട വയ്ക്കണം."

"അതെന്തിനാ?" ഡോറത്തി ചോദിച്ചു.

"കാരണം മരതകനഗരത്തിലെ ചുവരുകൾ മുഴുവൻ രത്നങ്ങൾ പതിപ്പിച്ചിട്ടുണ്ട്. അവയുടെ പ്രകാശം നേരിട്ട് കണ്ണിൽ തട്ടിയാൽ കണ്ണ് പൊട്ടിപ്പോകും. നഗരവാസികൾ പോലും കണ്ണടവെച്ചുകൊണ്ടേ നടക്കാറുള്ളൂ."

അയാൾ ആ പെട്ടി തുറന്ന് ഡോറത്തിയ്ക്കും വൈക്കോൽ മനുഷ്യനും തകരമനുഷ്യനും കണ്ണടകളെടുത്തുകൊടുത്തു. സിംഹത്തിന്റെ പാകത്തിന് ഒരു കണ്ണട കിട്ടാൻ സ്വല്പമൊന്ന് വിഷമിച്ചെങ്കിലും ഒടുവിൽ ഒരുവിധം അതും സാധിച്ചു. ടോട്ടോയ്ക്കും കിട്ടി ഒരു കുഞ്ഞിക്കണ്ണട. പിന്നീട് അയാൾ സ്വന്തം കണ്ണട എടുത്തുവച്ചു. എന്നിട്ട് മതിലിൽ തൂക്കിയിട്ടിരുന്ന ഒരു വലിയ സുവർണ താക്കോലെടുത്തു മറ്റൊരു ചെറിയ കവാടം തുറന്നു.

അതിലൂടെ അവർ മരതകനഗരത്തിനുള്ളിലെത്തി.

# 11. മരതകനഗരം

പച്ചക്കണ്ണടയണിഞ്ഞിട്ടുപോലും മരതകനഗരത്തിന്റെ വിസ്മയകരമായ പ്രകാശമേറ്റ് ഡോറത്തിയുടെയും കൂട്ടുകാരുടെയും കണ്ണഞ്ചിച്ചുപോയി. റോഡിന്റെ ഇരുവശവും മാർബിൾകൊണ്ട് പണിത അതിമനോഹരങ്ങളായ മണിമാളികകൾ തലയുയർത്തി നിൽക്കുന്നു. കണ്ണടയിലൂടെ നോക്കുമ്പോൾ എല്ലാത്തിനും ഒരു പച്ചനിറം തോന്നിയിരുന്നു. റോഡിന്റെ രണ്ടു വശത്തുമുള്ള നടപ്പാത ഒരുതരം തിളങ്ങുന്ന പച്ച മാർബിൾ കൊണ്ടാണ് പണിതിരുന്നത്. അതിന്റെ അരികുകളിൽ മരതകങ്ങൾ പതിച്ചിരുന്നു. മാളികകളുടെ സ്ഫടികജനാലകൾ സൂര്യപ്രകാശമേറ്റ് വെട്ടിത്തിളങ്ങി. എന്തിനും അതീവ ഹൃദ്യമായ ഒരു ഹരിതവർണമായിരുന്നു– സൂര്യപ്രകാശത്തിനു പോലും.

വഴിവക്കിലും കടകളിലും ഭക്ഷണ ശാലകളിലും ധാരാളം ജനങ്ങൾ തിങ്ങി നിൽക്കുന്നത് അവർ കണ്ടു. അവരും പച്ചയും വെള്ളയും കൂടികലർന്ന പട്ടുവസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. അവർ നമ്മുടെ സംഘത്തെ നോക്കി വാ പൊളിച്ചുനിന്നു. പക്ഷേ, സിംഹത്തെ പേടിച്ച് ആരും അവരുടെ അടുത്തേക്കു പോലും വന്നില്ല. കൊച്ചുകുട്ടികൾ പേടിച്ചു വിരണ്ട് മുതിർന്നവരുടെ മുണ്ടിന്റെയും സാരിയുടെയും പിന്നിൽ അഭയം തേടി. വലിയ ഒരു ചന്തയിലൂടെയാണ് അവർ നടന്നിരുന്നത്. വിവിധതരം സാധനങ്ങൾ വിൽക്കുന്ന കടകളാണ് ചുറ്റും. വാഹനങ്ങൾ ഇല്ലേയില്ലെന്നു തന്നെ പറയാം. എല്ലാവരും സ്വയം ഉന്തിക്കൊണ്ടുവരുന്ന ഉന്തുവണ്ടികളിലാണ് സാധനങ്ങൾ കൊണ്ടുവന്നിരുന്നത്. എല്ലാവരും വളരെ സന്തുഷ്ടരും സംതൃപ്തരുമാണെന്ന് ഡോറത്തിയ്ക്കു തോന്നി.


കുറച്ചുദൂരം നടന്നപ്പോൾ അവർ ഒരു കൂറ്റൻ കൊട്ടാരത്തിന്റെ മുന്നിലെത്തി. അതാണത്രെ ഓസിന്റെ കൊട്ടാരം. മുത്തുകളും മരതകങ്ങളും പതിച്ച

കവാടത്തിനു സമീപം പച്ച യൂണിഫോം ധരിച്ച ഒരു കൊമ്പൻ മീശക്കാരൻ പട്ടാളക്കാരൻ നിൽപുണ്ടായിരുന്നു. അയാളുടെ മീശയ്ക്കുപോലും പച്ചനിറമായിരുന്നു.

"ഓസിനെ കാണാനെത്തിയവരാണ് ഇവർ" ദ്വാരപാലകൻ പട്ടാളക്കാരനോട് പറഞ്ഞു.

"അകത്തേക്ക് വരൂ! ഞാൻ ഈ വിവരം തിരുമനസ്സിനെ അറിയിക്കാം."

അവർ അകത്തു കടന്നു. വിചിത്ര പുഷ്പങ്ങളുടെ വശ്യമായ സുഗന്ധം നിറഞ്ഞുനിന്ന ഒരു പൂന്തോട്ടത്തിനപ്പുറമായിരുന്നു സ്വീകരണമുറി. അത് രാജോചിതമായി അലങ്കരിച്ചിരുന്നു. തറ അതിസുന്ദരവും മൃദുലവുമായ ഒരു പച്ച പേഴ്സ്യൻ പരവതാനികൊണ്ട് മൂടിയിരുന്നു. വിശേഷപ്പെട്ട സ്ഫടികം കൊണ്ടുതീർത്ത വൻ വിളക്കുകൾ എങ്ങും സുഖകരമായ പ്രകാശം പരത്തി. മുറിക്കുള്ളിൽ നിരത്തിയിരുന്ന കസേരകളും മേശകളും സ്വർണത്തിൽ തീർത്തവയായിരുന്നു. അവയിൽ മരതകങ്ങളും മറ്റു രത്നങ്ങളുംകൊണ്ട് വിചിത്ര രീതികളിലുള്ള ചിത്രപ്പണികൾ നടത്തിയിട്ടുണ്ട്. മേശപ്പുറത്ത് പച്ച



പൂപാത്രങ്ങളിൽ വിശിഷ്ട ഗന്ധത്തിലുള്ള പുഷ്പങ്ങൾ ഒരുക്കിയിരുന്നു. ഒരു പച്ച ചവിട്ടു മെത്തയിൽ ചവിട്ടിയശേഷം അവർ ഉള്ളിലേക്കു കടന്നു.

വളരെനേരം അവർക്ക് അവിടെ കാത്തിരിക്കേണ്ടിവന്നു. ഒടുവിൽ അയാൾ മടങ്ങിവന്നു.

"ഓസിനെ കണ്ടോ?" ഡോറത്തി ചോദിച്ചു.

"അയ്യോ ഇല്ല. അദ്ദേഹത്തെ ഇന്നുവരെ ആരും കണ്ടിട്ടില്ല." പട്ടാളക്കാരൻ പറഞ്ഞു.

"നിങ്ങളെ ഓരോരുത്തരേയും ഒറ്റക്കൊറ്റക്ക് കാണാമെന്ന് അദ്ദേഹം ഏറ്റിട്ടുണ്ട്. പക്ഷേ, അതിനായി നിങ്ങൾ സ്വല്പം കാത്തിരിക്കേണ്ടിവരും. സാരമില്ല. നിങ്ങൾക്ക് ഇവിടെ സുഖമായി താമസിക്കാം." "വളരെ നന്ദി." ഡോറത്തിക്ക് ആശ്വാസമായി. "അദ്ദേഹം ദയാലുവാണ്."

പട്ടാളക്കാരൻ ഒരു പച്ച വിസിൽ എടുത്ത് ഊതി. ഉടനടി പച്ചപ്പട്ടു പാവാടയും ബ്ലൗസും ധരിച്ച ഒരു പെൺകുട്ടി അവിടേക്കു വന്നു. അവളുടെ കണ്ണുകൾക്കും തലമുടിക്കും പച്ചനിറമായിരുന്നു. അവൾ ഡോറത്തിയോടു പറഞ്ഞു: "വരൂ ഞാൻ നിങ്ങളുടെ മുറിയിലേക്ക് കൊണ്ടുപോകാം."

മറ്റെല്ലാവരോടും അപ്പോഴത്തേക്ക് യാത്ര പറഞ്ഞിട്ട് അവൾ ടോട്ടോയെ കയ്യിലെടുത്തുകൊണ്ട് പച്ചയുടുപ്പുകാരിയുടെ പിന്നാലെ പോയി. അവർ ഏഴ് ഇടവഴികളും മൂന്ന് പടികളും കടന്ന് കൊട്ടാരത്തിന്റെ മുൻവശത്തുള്ള ഒരു മുറിയിലെത്തി. ഇത്രയും മനോഹരമായി അലങ്കരിച്ച മുറി ഡോറത്തി സ്വപ്നത്തിൽ പോലും കണ്ടിട്ടില്ല! ഒരുവശത്ത് പട്ടുവിരിപ്പുകൾ വിരിച്ച പതുപതുപ്പുള്ള കിടക്ക. വെള്ളപ്പട്ടുകൊണ്ടുള്ള തലയിണകളാണ് കിടക്കയുടെ തലക്കൽ. മുറിയുടെ മധ്യഭാഗത്തായി ചെറിയ മൂളലോടെ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്ന ഒരു മാർബിൾ ജലധാരായന്ത്രം. വിശേഷപ്പെട്ട സ്ഫടികം കൊണ്ട് തീർത്ത ജനാലകളാണ് നാലുചുറ്റും. പട്ടുശീലകൾ തൂക്കി അവ മറച്ചിരിക്കുന്നു. മുറിയുടെ മറ്റൊരു കോണിൽ ഒരു ചെറിയ സ്വർണ അലമാര നിറയെ സ്വർണപുറംചട്ടയുള്ള പുസ്തകങ്ങൾ. അതിനു മുമ്പിലായി അതീവ സുന്ദരങ്ങളായ കൊത്തുപണികളോടുകൂടിയ മേശയും കസേരകളും. മേശപ്പുറത്ത് അപൂർവ സുന്ദരങ്ങളായ പുഷ്പങ്ങൾ. വസ്ത്രങ്ങൾക്ക് മാത്രമായി ഒരു അലമാര. ഡോറത്തിക്ക് സന്തോഷമായെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അലമാരയ്ക്കുള്ളിൽ ഡോറത്തിയുടെ പാകത്തിലുള്ള നിരവധി ഉടുപ്പുകളും!

"സ്വന്തം വീടാണെന്ന് കരുതിക്കൊള്ളൂ" പെൺകുട്ടി പറഞ്ഞു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഈ മണി അടിച്ചാൽ മതി. ഓസ് നിങ്ങളെ നാളെ രാവിലെത്തന്നെ കാണും."

അവൾ ഡോറത്തിയെ അവിടെ ഇരുത്തിയ ശേഷം മറ്റുള്ളവരുടെ അടു

ക്കലേക്ക് മടങ്ങി. അവർക്കും രാജോചിതമായ സൽക്കാരമാണ് ലഭിച്ചത്. പക്ഷേ എന്തുഫലം! വൈക്കോൽ മനുഷ്യന് വിശ്രമം ആവശ്യമില്ലായിരുന്ന തുകൊണ്ട് കൊട്ടാരജീവിതത്തിന്റെ സുഖമറിയാൻ സാധിച്ചില്ല. അങ്ങനെ ത്തന്നെ തകരമനുഷ്യന്റെ കാര്യവും. നമ്മുടെ സിംഹത്തിന് കരിയിലകൾ കൊണ്ട് തീർത്ത കിടക്കയായിരുന്നു കൂടുതൽ പ്രിയം. അതുപോലെ ഒരു മുറിയിൽ അടച്ചിടുന്ന സമ്പ്രദായം അവന് ഒട്ടും ഇഷ്ടപ്പെട്ടില്ല. പക്ഷേ, പരാതി പറയാനുള്ള സമയമല്ല ഇതെന്ന് അവന് പിടികിട്ടി. ഒരു പൂച്ചയെപ്പോലെ പട്ടുമെത്തയിൽ ചാടിക്കയറി ചുരുണ്ടുകിടന്ന് മൂളിക്കൊണ്ട് ഉറങ്ങി.

പിറ്റേന്ന് അവർ പ്രഭാതഭക്ഷണം കഴിഞ്ഞ് ഓസിനെ കാണാൻ തയ്യാറെ ടുത്തു. ഡോറത്തി ഏറ്റവും ഭംഗിയുള്ള ഒരു പട്ടുകുപ്പായമെടുത്തണിഞ്ഞു. ടോട്ടോയുടെ കഴുത്തിനു ചുറ്റും അവൾ ഒരു പച്ച റിബ്ബൺ കെട്ടി. ഓസിന്റെ സിംഹാസന മുറിയിലേക്ക് പോകുവാനായി അവൾ തയ്യാറായി നിന്നു. വൈക്കോൽ മനുഷ്യനേയും തകര മനുഷ്യനേയും സിംഹത്തെയും കൂട്ടി പച്ചമീശക്കാരൻ അൽപനേരത്തിനുള്ളിൽ ഡോറത്തിയുടെ മുറിയിലെത്തി. അവർ കൊട്ടാരത്തിന്റെ ഇടനാഴികളിലൂടെ നടന്നു നടന്ന് ഒരു വലിയ ഹാളി ലെത്തി. അത് പ്രഭുക്കന്മാരെയും പ്രഭ്വികളെയും കൊണ്ട് നിറഞ്ഞിരുന്നു. കസവുകുപ്പായങ്ങളുമിട്ട് വെടിയും പറഞ്ഞ് വിഡ്ഢികളെപ്പോൽ സമയം കളയാനല്ലാതെ ഇക്കൂട്ടർക്ക് മറ്റൊന്നും തന്നെ അറിയില്ലായിരുന്നു. അവർ ഡോറത്തിയുടെ നേരെ ജിജ്ഞാസയോടെ നോക്കി. അമ്പടി! നീയാണോ ഓസിനെ കാണാൻ വന്നവൾ?" അവൾ അസൂയയോടെ ചോദിച്ചു. അവ രാരും ഇന്നേവരെ ഓസിനെ നേരിൽ കണ്ടിട്ടില്ല.

"അതെ" ഡോറത്തി വിനയത്തോടെ പറഞ്ഞു. "അതെയതേ" പട്ടാള ക്കാരൻ കൂട്ടിച്ചേർത്തു. "അദ്ദേഹത്തിന് പൊതുവെ സന്ദർശകരെ ഇഷ്ടമ ല്ല. പിന്നെ ഈ കുട്ടിയുടെ നെറ്റിയിലെ വെള്ളിപ്പാടിനെപ്പറ്റി പറഞ്ഞപ്പോ ഴാണ് അദ്ദേഹം കാണാമെന്ന് ഏറ്റത്."

അപ്പോൾ ഒരു മണി അടിക്കുന്ന ശബ്ദം കേട്ടു. പട്ടാളക്കാരൻ ഒരു വാതിൽ തുറന്ന് ആ വഴി അകത്തേക്ക് കടന്നോളാൻ ഡോറത്തിയോട് പറ ഞ്ഞു. ധൈര്യം സംഭരിച്ചുകൊണ്ട് അവൾ ഉള്ളിലേക്ക് കടന്നു.

# 12. ഓസ്

ആ കൊട്ടാരത്തിലെ ഏറ്റവും സുന്ദരവും വിസ്തൃതവുമായ മുറിയിലാണ് ഡോറത്തി നിന്നത്. അതിന്റെ സൗന്ദര്യം അവർണനീയമായിരുന്നു. തല യ്ക്കുമുകളിൽ തൂക്കിയിട്ടിരുന്ന ഭീമൻ റാന്തൽ വിളക്കിന്റെ വെളിച്ചം തട്ടി ചുവരുകളിൽ ചിത്രങ്ങളിൽ പതിച്ച രത്നങ്ങൾ വെട്ടിത്തിളങ്ങി. മുറിയുടെ ഒരറ്റത്ത് ഒരു  ഉയർന്ന പീഠം സ്ഥാപിച്ചിട്ടുണ്ട്.

ഡോറത്തിക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. പീഠത്തിൽ ഇരി ക്കുന്നത് ഒരു മനുഷ്യരൂപമല്ല! ഭീമാകാരമായ ഒരു കഷണ്ടിത്തല! അതിന് ശരീരമോ കൈയോ കാലോ ഇല്ല. വെറ്റിലക്കറപോലെ ചുവന്ന കണ്ണുകൾ ഡോറത്തിയെ തുറിച്ചു നോക്കുന്നു. നീണ്ട കൊമ്പൻ മീശ വളർന്നു നിൽക്കു ന്നതുകൊണ്ട് ചുണ്ടുകൾ കാണാൻ തന്നെയില്ല. ഡോറത്തി വിറച്ചുകൊണ്ട് ആ രൂപത്തെത്തന്നെ നോക്കി നിന്നു. തലയുടെ ചുണ്ടുകൾ അനങ്ങി. "ഞാനാണ് പരാക്രമിയായ ഓസ്. നീ എന്നെ തേടി വന്നതിന്റെ കാരണം?"

പ്രതീക്ഷിച്ചത്ര ബീഭത്സമായിരുന്നില്ല ഓസിന്റെ സ്വരം. ഡോറത്തി ധൈര്യം വീണ്ടെടുത്തു.

"എന്റെ പേര് ഡോറത്തിയെന്നാണ്. നിങ്ങളുടെ സഹായം തേടി ഇവിടെ വന്നതാണ്."

കണ്ണുകൾ  അവളെ സൂക്ഷിച്ചു നോക്കി.

"ഈ വെള്ളിച്ചെരുപ്പുകൾ നിനക്കെവിടെനിന്നു കിട്ടി?"

"എന്റെ വീട് പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയുടെ മേൽ വീണപ്പോൾ അവർ മരിച്ചുപോയി. അതിനുശേഷം അവരുടേതായി രുന്ന ഈ ചെരുപ്പുകൾ എന്റെ കൈവശമായി."

"നിന്റെ  നെറ്റിയിലെ മുദ്രയോ?"

ഉത്തരദേശത്തെ മന്ത്രവാദിനി യാത്രചോദിക്കാൻ നേരത്ത് എന്നെ ചുംബിച്ചു. ആ സ്ഥാനത്താണ് വെള്ളി നിറത്തിലുള്ള പാട്."

കണ്ണുകൾ അവളെ സശ്രദ്ധം നോക്കിക്കൊണ്ടേയിരുന്നു. ''ശരി ഞാനെന്തു ചെയ്യണം?"

"എന്നെ ഹെൻറിയമ്മാവനും എമ്മാ അമ്മായിയുമുള്ള കാൻസാസിലേക്ക് മടക്കി അയക്കണം. ഞാനെവിടെ പോയെന്നറിയാതെ അവർ വിഷമിക്കുന്നുണ്ടാവണം."

കണ്ണുകൾ മെല്ലെ ചിമ്മി. കുറച്ചുകഴിഞ്ഞ് അവ വീണ്ടും ഡോറത്തിയുടെ മേൽ പതിച്ചു.


"ഞാൻ നിങ്ങളെ എന്തിനു സഹായിക്കണം?"

ഡോറത്തിക്ക് ആ ചോദ്യം ഇഷ്ടപ്പെട്ടില്ല. അവൾ തലയുയർത്തിക്കൊണ്ട് ഉറച്ച ശബ്ദത്തിൽ മറുപടി പറഞ്ഞു:

"നിങ്ങൾ അതിശക്തനാണ്. ഞാൻ അശക്തയും. ശക്തന്മാർ ദുർബലരെ സഹായിക്കുകയാണ് വേണ്ടത്."

"പക്ഷേ, പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ കൊല്ലാനുള്ള ശക്തി നിനക്കെവിടെനിന്നു കിട്ടി? ഓസ് ചോദിച്ചു.

"അത് യാദൃച്ഛികമായി സംഭവിച്ചതാണ്. ഞാൻ സ്വമേധയാ ചെയ്തതല്ല. ഡോറത്തി പറഞ്ഞു.



അൽപനേരം ചിന്തിച്ച ശേഷം ഓസ് പറഞ്ഞു. “ശരി, ഒരു കാര്യം ചെയ്യൂ. ഞാൻ പ്രത്യുപകാരമില്ലാതെ ആർക്കും ഒന്നും ചെയ്തുകൊടുക്കാറില്ല. എനിക്കുവേണ്ടി നീ ഒരു ജോലി ചെയ്താൽ ഞാൻ നിന്നെ സഹായിക്കാം.

“എന്താണ് ഞാൻ ചെയ്യേണ്ടത്?” ഡോറത്തി ആകാംക്ഷയോടെ ചോദിച്ചു.

“പാശ്ചാത്യ ദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെക്കൂടി നീ നശിപ്പിച്ചു തരണം.”

ഡോറത്തി ഞെട്ടിവിറച്ചു. “അയ്യോ! അതെനിക്ക് എങ്ങനെ സാധിക്കും?” അവൾ ദയനീയമായി ചോദിച്ചു.

“അതൊന്നും എനിക്കറിയണ്ട” ഓസ് പറഞ്ഞു. നീ പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ കൊന്നവളാണ്. നിന്റെ പക്കൽ അവരുടെ വെള്ളിച്ചെരുപ്പുകളുമുണ്ട്. അതുകൊണ്ട് മനസ്സിരുത്തിയാൽ നിനക്ക് ഇത് സാധിക്കും.”

ഡോറത്തി വിമ്മിവിമ്മിക്കരഞ്ഞു. പക്ഷേ, ഓസിന് ഒരു കുലുക്കവുമുണ്ടായില്ല.

“ഓർത്തോളൂ! നീ ഞാൻ പറഞ്ഞ ജോലി ചെയ്യാമെങ്കിൽ നിന്നെ ഞാൻ സഹായിക്കും!”

ഡോറത്തി ആകെ വിഷണ്ണയായി തന്റെ കൂട്ടുകാരുടെയടുത്തേക്ക് മടങ്ങി. അവരോട് നടന്നതെല്ലാം വിവരിച്ച ശേഷം തന്റെ മുറിയിലേക്കു പോയി കരഞ്ഞുകരഞ്ഞുറങ്ങി.

അടുത്ത ഊഴം വൈക്കോൽ മനുഷ്യന്റേതായിരുന്നു. ആയാൾ അകത്തു ചെന്നപ്പോൾ സിംഹാസനത്തിൽ ഇരിക്കുന്നു അതിസുന്ദരിയായ ഒരു സ്ത്രീ! അവർക്ക് ചിറകുകൾ ഉണ്ടായിരുന്നതുകൊണ്ട് ഒരു മാലാഖയായിരിക്കുമെന്ന് വൈക്കോൽ മനുഷ്യൻ ധരിച്ചു.

വൈക്കോൽ മനുഷ്യൻ അവരെ താണുവണങ്ങി.

“ഞാനാണ് അതിശക്തനായ ഓസ്, നിങ്ങൾ എന്നെ തേടിവന്നത് എന്തിനാണ്?”

ഡോറത്തിയുടെ വിവരണം കേട്ടിരുന്ന വൈക്കോൽ മനുഷ്യൻ അമ്പരന്ന് നിൽക്കുകയായിരുന്നു. പക്ഷേ, ഒട്ടും പതറാതെ തന്നെ അയാൾ കാര്യം പറഞ്ഞു.

“ഞാൻ വെറുമൊരു വൈക്കോൽ മനുഷ്യനാണ്. എന്റെ തലയ്ക്കകത്ത് വെറും കച്ചി മാത്രമേ ഉള്ളൂ. മനുഷ്യരെപ്പോലെ എനിക്കും കുറച്ചു തലച്ചോറു തരണമെന്ന് പറയാനാണ് ഇവിടെ വന്നത്.”

“പക്ഷേ, ഞാൻ എന്തിന് നിങ്ങളെ സഹായിക്കുന്നു?”

“കാരണം നിങ്ങൾ അതിശക്തനും ദയാലുവുമാണ്. നിങ്ങൾക്കല്ലാതെ

മറ്റാർക്കും എന്നെ സഹായിക്കാനാവില്ല."

"പക്ഷേ, അതിനായി നിങ്ങൾ എനിക്കുവേണ്ടി ഒരു ജോലി ചെയ്തുതരണം. നിങ്ങൾ പോയി പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ കൊന്നുവരൂ. നിങ്ങളുടെ ഇഷ്ടം സാധിക്കും."

"അത് ഡോറത്തിയുടെ ജോലിയല്ലേ" മടിച്ചുമടിച്ച് വൈക്കോൽ മനുഷ്യൻ ചോദിച്ചു.

"ങ്ങാ, ഞാൻ അത് അവളോട് പറഞ്ഞിരുന്നു. മന്ത്രവാദിനിയെ ആരു കൊന്നാലും എനിക്ക് ഒരുപോലെ തന്നേയുള്ളൂ. നിങ്ങൾ ഒത്തു പൊയ്ക്കോളൂ."

വൈക്കോൽ മനുഷ്യനും വിഷണ്ണനായി മടങ്ങി. ഓസ് ഒരു കഷണ്ടിത്തലയല്ല. സുന്ദരിയായ സ്ത്രീയാണെന്ന് അറിഞ്ഞപ്പോൾ ഡോറത്തി അമ്പരന്നു.

തകരമനുഷ്യന്റെ ഊഴം പിറ്റേന്നാണ് വന്നത്. ഓസ് ഏതുരൂപത്തിലായിരിക്കും തന്റെ മുന്നിൽ വരുന്നതെന്ന് അറിയാൻ അയാൾക്ക് ധൃതിയായി. 'സുന്ദരിയായ സ്ത്രീയായിരിക്കണമേ' എന്നായിരുന്നു അയാളുടെ രഹസ്യമായി ആഗ്രഹം. 'കഷണ്ടിത്തലകൾക്ക് ഹൃദയമില്ലാത്തതുകൊണ്ട് അതിന്റെ വേദന അവർക്കറിയില്ല. പക്ഷേ, സുന്ദരികളായ സ്ത്രീകൾക്ക് എന്നോട് ദയ തോന്നും. തീർച്ച! സ്ത്രീകൾ പൊതുവെ ഹൃദയാലുക്കളാണ്.

പക്ഷേ, തകരമനുഷ്യൻ സിംഹാസനത്തിനു മുന്നിലെത്തിയപ്പോൾ കണ്ടത് കഷണ്ടിത്തലയെയോ സുന്ദരിയായ സ്ത്രീയെയോ അല്ല. സിംഹാസനത്തിന്റെ മേൽ കയറിയിരിക്കുന്നത് ഭീകരരൂപിയായ ഒരു സത്വം. ആനയുടെ ശരീരം! കാണ്ടാമൃഗത്തിന്റെ തല! അഞ്ച് ചോരക്കണ്ണുകൾ! തടിച്ചുവീർത്ത കൈകൾ! മെലിഞ്ഞുനീണ്ട കാലുകൾ! തകരംകൊണ്ടുള്ള ശരീരമായതിനാൽ ഈ ജന്തു തന്നെ എന്തുചെയ്താലും യാതൊരു കുഴപ്പവുമില്ല എന്ന് അറിയാമായിരുന്നതുകൊണ്ട് തകരമനുഷ്യന് ഒട്ടും ഭയം തോന്നിയില്ല. എന്നാൽ അയാളുടെ പ്രതീക്ഷയ്ക്ക് മങ്ങലേറ്റു.

"ഞാനാണ് അതിശക്തനായ ഓസ്" സത്വം അലറി. "നിങ്ങൾക്ക് എന്നെ കണ്ടിട്ട് എന്താണ് കാര്യം?"

"ഞാൻ ഒരു തകരമനുഷ്യനാണ്. എനിക്ക് മറ്റു മനുഷ്യരെപ്പോലെ ഒരു ഹൃദയമില്ല. നിങ്ങളോട് ചോദിച്ചാൽ ഒരെണ്ണം എനിക്ക് കിട്ടുമല്ലോ എന്ന മോഹത്തോടെയാണ് ഇവിടെ വന്നത്."

"ഞാൻ നിങ്ങളെ സഹായിക്കണമെന്ന് എന്താ നിർബന്ധം?"

"ഒരു നിർബന്ധവുമില്ല. പിന്നെ കൂടുതൽ കഴിവുള്ളവർ അത്ര വളരെ കഴിവില്ലാത്തവരെ സഹായിക്കണമെന്നാണ് നാട്ടുനടപ്പ്."

"ങ്ും, നിനക്ക് ഒരു ഹൃദയം വേണമെങ്കിൽ അതിനുവേണ്ടി അൽപം

ബുദ്ധിമുട്ടേണ്ടിവരും."

"എങ്ങനെ?"

"പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ നശിപ്പിക്കാൻ നീ ഡോറത്തിയെ സഹായിക്കണം." തകരമനുഷ്യനും നിരാശനായി സംഘത്തിന്റെയടുത്തേക്ക് മടങ്ങി. ഓസിന്റെ മായാജാലങ്ങളെക്കുറിച്ചോർത്ത് അവരെല്ലാം ആശ്ചര്യം കൊണ്ടു.

സിംഹം പറഞ്ഞു: "നിങ്ങൾ ഒട്ടും വിഷമിക്കേണ്ട. ഈ കശ്മലനെ അങ്ങനെയങ്ങ് വിട്ടുകൂടാ. ഞാൻ അവനെ കാണാൻ ചെല്ലുമ്പോൾ അവൻ ജന്തുവിന്റെ രൂപത്തിലാണെങ്കിൽ അവനെക്കാളുച്ചത്തിൽ അലറി ഞാനവനെ പേടിപ്പിക്കാം. അതല്ല സുന്ദരിയായ സ്ത്രീയുടെ രൂപത്തിലാണെങ്കിൽ അവളുടെ നേരെ കുതിച്ചു ചാടാം. പേടിച്ച് അയാൾ നമ്മുടെ ഇഷ്ടം സാധിച്ചുതരും. കഷണ്ടിത്തലയുടെ രൂപത്തിലാണെങ്കിൽ പിന്നെ പ്രശ്നവുമില്ല! നമ്മുടെ ആഗ്രഹം സാധിച്ചുതരുന്നതുവരെ അതിനെ മുറിയിലിട്ട് ഞാൻ അങ്ങോട്ടുമിങ്ങോട്ടും ഉരുട്ടും!!

പിറ്റേന്ന് രാവിലെ സിംഹം ഓസിനെ മുഖം കാണിക്കാൻ പോയി. അത്ഭുതമെന്നേ പറയേണ്ടൂ! അതാ പീഠത്തിന്മേലിരിക്കുന്നത് ജ്വലിക്കുന്ന ഒരു ഭീമൻ അഗ്നിഗോളം! ഓസിന്റെ താടിക്കോ മറ്റോ തീപിടിച്ചെന്നാണ് സിംഹം ആദ്യം കരുതിയത്. എന്നാൽ രക്ഷപ്പെടുത്തിക്കളയാമെന്ന് കരുതി അടുത്തു ചെന്നപ്പോൾ അസഹ്യമായ ചൂടുകൊണ്ട് സിംഹത്തിന്റെ മീശ ചെറുതായി കരിഞ്ഞുപോയി! സിംഹം പെട്ടെന്ന് പിന്നോക്കം നീങ്ങി. അഗ്നിഗോളം ശബ്ദിച്ചു.

"ഞാനാണ് അതിശക്തനായ ഓസ്. നീ ആരാണ്? എന്നെ എന്തിന് തേടുന്നു?"

"ഞാനാണ് പേടിത്തൊണ്ടൻ സിംഹം. എനിക്ക് അൽപം ധൈര്യം താങ്കളുടെ പക്കൽ നിന്ന് ലഭിച്ചാൽ കൊള്ളാം."

"പക്ഷേ നിനക്ക് ധൈര്യം തരാൻ എനിക്ക് എന്താണ് ബാധ്യത?"

എല്ലാ മന്ത്രവാദിനികളെക്കാളും ശക്തനും സമർഥനുമാണ് നിങ്ങൾ. എന്റെ ആഗ്രഹം സാധിച്ചുതരാൻ നിങ്ങൾക്കേ കഴിയൂ."

അഗ്നിഗോളം കുറച്ചുനേരം നിശ്ശബ്ദമായി. പിന്നീടു പറഞ്ഞു: "പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനി മരിച്ചെന്ന് തെളിവ് കൊണ്ടുവരൂ. നിന്റെ ആഗ്രഹം സാധിക്കും."

സിംഹം കുറച്ചുനേരം അവിടെ മിണ്ടാതെ നിന്നു. അതിനുശേഷം അവിടെനിന്ന് വാലും പൊക്കി ഓടിപ്പോന്നു. അവൻ സംഘത്തിലെ മറ്റുള്ളവരോട് നടന്നതെല്ലാം വിവരിച്ചു.

"നമ്മളിനി എന്തു ചെയ്യും?" ഡോറത്തി നിസ്സഹായസ്വരത്തിൽ ചോദിച്ചു.

“ഒന്നേ ചെയ്യാനുള്ളൂ” സിംഹം പറഞ്ഞു

“വിൻകികളുടെ നാട്ടിൽപോയി പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ നശിപ്പിക്കണം. അത് നമുക്ക് സാധിച്ചില്ലെങ്കിലോ?”

എല്ലാവരും നിശ്ശബ്ദരായി.

“മറ്റൊരു മാർഗവുമില്ല” ഡോറത്തി പറഞ്ഞു.

“എമ്മാ അമ്മായിയുടെ അടുക്കലേക്ക് തിരിച്ചുപോകാമെങ്കിൽ പോലും എനിക്ക് ആരെയും കൊല്ലുന്നതിഷ്ടമല്ല.”

“ഞാനും നിന്നോടൊപ്പം വരുന്നു.” വൈക്കോൽ മനുഷ്യൻ പറഞ്ഞു. “എന്നെക്കൊണ്ട് വലിയ പ്രയോജനമൊന്നും കാണില്ല. ഞാനൊരു വിഡ്ഢിയല്ലേ?”

“ഞാനുമുണ്ട്. സിംഹം പറഞ്ഞു. മന്ത്രവാദിനിയെ കൊല്ലാനുള്ള ധൈര്യമൊന്നുമില്ലെങ്കിലും.”

“എന്നാൽ ഞാനും വരാം.” തകരമനുഷ്യൻ പറഞ്ഞു: “മന്ത്രവാദിനി ദുഷ്ടയാണെങ്കിലും അവരെ കൊന്നുകളയുന്നത് വളരെ കഷ്ടമാണെന്ന് എനിക്കു തോന്നുന്നു.”

പിറ്റേന്ന് യാത്ര തിരിക്കാൻ അവർ തീരുമാനിച്ചു. തകരമനുഷ്യൻ തന്റെ കോടാലി മൂർച്ചപ്പെടുത്തി; എല്ലാ സന്ധികളിലും എണ്ണയൊഴിച്ചു. വൈക്കോൽ മനുഷ്യൻ പുതിയ വൈക്കോൽ കൊണ്ടുവന്ന് തന്റെ കൈയിലും കാലിലുമൊക്കെ നിറച്ചു. ഡോറത്തി അയാളുടെ കണ്ണുകൾ നല്ല പുതിയ പെയിന്റുകൊണ്ട് തെളിച്ചു വരച്ചു. അയാൾക്കിപ്പോൾ കൂടുതൽ നന്നായി കാണാമെന്നായി. ഡോറത്തി കൂട നിറയെ ഭക്ഷണസാമാനങ്ങൾ നിറച്ചു. ടോട്ടോയുടെ കഴുത്തിൽ ഒരു വെള്ളിമണി കെട്ടി.

പിറ്റേന്ന് വെളുപ്പിന് ഒരു പച്ചക്കോഴി കൂവുന്നത് കേട്ട് അവർ ഉണർന്നു.

# 13. മന്ത്രവാദിനിയുമായുള്ള ഏറ്റുമുട്ടൽ

പച്ചമീശക്കാരൻ പട്ടാളക്കാരൻ അവരെ കോട്ടവാതിൽക്കലേക്ക് നയിച്ചു. ദ്വാരപാലകൻ അവരുടെ പച്ചക്കണ്ണടകൾ ഊരിവാങ്ങി.

“വിൻകികളുടെ ദേശത്തേയ്ക്കുള്ള റോഡ് ഏതാണ്?” ഡോറത്തി അയാളോട് ചോദിച്ചു.

“അങ്ങോട്ട് റോഡില്ല– ആരും അങ്ങോട്ട് പോകാറില്ല.”

“പിന്നെ ഞങ്ങൾ മന്ത്രവാദിനിയെ എങ്ങനെ കണ്ടുപിടിക്കും.”

“ഓ അതെളുപ്പമല്ലേ?” അയാൾ മറുപടി പറഞ്ഞു. “നിങ്ങൾ അവരുടെ ദേശത്തു ചെല്ലുമ്പോൾ അവർ നിങ്ങളെ തിരക്കിവന്നോളും. പുതിയ പുതിയ അടിമകളെ ഉണ്ടാക്കുന്നത് അവരുടെ ഒരു വിനോദമാണ്.”

“അതിനു സാധ്യതയില്ല.” വൈക്കോൽ മനുഷ്യൻ പറഞ്ഞു.

“ഞങ്ങളവരെ കൊല്ലാനാണ് ഉദ്ദേശിക്കുന്നത്.”

“ഓ, അങ്ങനെയാണോ” ദ്വാരപാലകൻ പറഞ്ഞു.

“ഇന്നേവരെ അതിന് ആരും ശ്രമിച്ചിട്ടില്ല. അതുകൊണ്ട് നിങ്ങൾ സൂക്ഷിക്കണം. അവൾക്ക് അത് അത്ര ഇഷ്ടമാകാൻ വഴിയില്ല.”

അവർ അയാളോട് നന്ദി പറഞ്ഞശേഷം പടിഞ്ഞാറുദിക്കു നോക്കി നടന്നു. അത്ഭുതം തന്നെ! ഡോറത്തിയുടെ പച്ചയുടുപ്പ് വെളുത്ത നിറമായി തീർന്നിരുന്നു.

മൃദുവായ പുൽത്തകിടികളിലൂടെ അവർ യാത്ര തുടങ്ങി. മരതകനഗരം ചക്രവാളത്തിൽ നിന്ന് അപ്രത്യക്ഷമായി. നടക്കുന്തോറും വഴിനിറയെ കുണ്ടും കുഴിയും നിറയുന്നതായി അവർ കണ്ടു.

ഉച്ചയോടടുത്തപ്പോൾ ചൂടും വെയിലും അസഹ്യമായി. അതുകൊണ്ട് ഡോറത്തിയും ടോട്ടോയും വല്ലാതെ ക്ഷീണിച്ചുപോയി. രാത്രിയാകും മുമ്പു

തന്നെ ഡോറത്തിയും ടോട്ടോയും പുല്ലിൽ കിടന്നുറക്കമായി. തകരമനുഷ്യനും വൈക്കോൽ മനുഷ്യനും അവർക്കു കാവലിരുന്നു.

ഇതേ സമയത്ത് പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനി തന്റെ കോട്ടയുടെ ഏറ്റവും മുകളിലത്തെ മുറിയിൽ കയറിനിന്നുകൊണ്ട് നാലുചുറ്റും വീക്ഷിക്കുകയായിരുന്നു.

അവൾ ഒറ്റക്കണ്ണിയായിരുന്നു. പക്ഷേ, ഒരു ദൂരദർശിനിയേക്കാൾ കാഴ്ചശേഷിയുള്ള കണ്ണായിരുന്നു അത്. അതുകൊണ്ട് ജനലിലൂടെ പുറത്തേയ്ക്ക് നോക്കിയപ്പോൾ നമ്മുടെ സംഘത്തെ കണ്ടു. തള്ളയ്ക്ക് മൂക്കത്താണ് ശുണ്ഠി.

"ങേ! എന്റെ ദേശത്ത് നുഴഞ്ഞുകയറ്റക്കാരോ?"


പാറപ്പുറത്ത് ചിരട്ടയുരയ്ക്കുന്നതുപോലെയുള്ള ശബ്ദമാണ് മന്ത്രവാദിനിത്തള്ളയുടേത്. അവൾ കീശയിൽ നിന്ന് ഒരു പീപ്പിയെടുത്ത് ഊതി. ഉടനടി ചെന്നായ്ക്കളുടെ ഒരു വലിയകൂട്ടം അവിടേയ്ക്ക് പാഞ്ഞുവന്നു.

ചോരക്കണ്ണുകളും അമ്പിളിക്കലപോലെ വളഞ്ഞ പല്ലുകളുമുള്ള ഈ ജന്തുക്കൾ തള്ളയുടെ വളർത്തുമൃഗങ്ങളായിരുന്നു.

"പോയി അവരെ കടിച്ചുകീറി വാ." തള്ള ആജ്ഞാപിച്ചു.

"നിങ്ങൾക്ക് അവരെ അടിമകളായി വേണ്ടേ" ചെന്നായ്ക്കളുടെ നേതാവ് ചോദിച്ചു.

തള്ള കണ്ണുതിരുമ്മി ഒന്നുകൂടി നോക്കി.



“ഏയ് നല്ല ഉരുക്കളാണെന്ന് തോന്നുന്നില്ല. ഒന്ന് തകരംകൊണ്ടാണ്, മറ്റേത് വൈക്കോൽ മനുഷ്യനാണ്. പിന്നെ ഉള്ളത് ഒരു കൊച്ചുപെണ്ണ്. ആർക്കുവേണം?”

“ശരി.” ചെന്നായ് നേതാവ് പറഞ്ഞു. “പോകാം.” അവ നമ്മുടെ സംഘ ത്തെ ലക്ഷ്യമാക്കി പാഞ്ഞു. തകരമനുഷ്യനും വൈക്കോൽ മനുഷ്യനും ഉണർന്നിരുന്നത് ഡോറത്തിയുടെ ഭാഗ്യം! ദൂരെനിന്നുള്ള ഇരമ്പൽ അവർ കേട്ടു.

“ഇത് എന്റെ പോരാട്ടമാണ്. നീ എന്റെ പുറകിലേക്ക് നീങ്ങിനിന്നോ” തകരമനുഷ്യൻ തന്റെ കോടാലി കൈയിലെടുത്തു.

ചെന്നായ്ക്കൾ അടുത്തടുത്തുവന്നു. തകരമനുഷ്യൻ തന്റെ കോടാലി ആഞ്ഞുവീശി. ആദ്യത്തെ വെട്ട് നേതാവിന്റെ കൊങ്ങയ്ക്ക്! ശരീരം തുണ്ടു തുണ്ടായി. അങ്ങനെ ഓരോ ചെന്നായയേയും നുറുക്കി നുറുക്കി ഇറച്ചിയാ ക്കി. അൽപനേരത്തിനുള്ളിൽ നാൽപതു ചെന്നായ്ക്കളുടെ ഇറച്ചിക്കൂമ്പാരം തയ്യാർ!

തകരമനുഷ്യൻ കോടാലി താഴെവച്ചു. വൈക്കോൽ മനുഷ്യൻ അയാളെ കെട്ടിപ്പിടിച്ച് അനുമോദിച്ചു. ഡോറത്തിയും ടോട്ടോയും സിംഹവും ബഹളം കേട്ട് ഉണർന്നു. അവർ തകരമനുഷ്യന്റെ പ്രകടനം കണ്ട് ആശ്ചര്യപ്പെട്ടു പോയി.

ഇതേ സമയത്ത് തള്ള വീണ്ടും ജനലിലൂടെ പുറത്തേയ്ക്ക് നോക്കി. അവർ സത്യത്തിൽ അന്തംവിട്ടുപോയി! തന്റെ ഓമനമകളായ ചെന്നായ്ക്കൾ ഇറച്ചിക്കൂമ്പാരമായിത്തീർന്നിരിക്കുന്നു.

തള്ള ഞെട്ടിവിറച്ചു. മൂക്കത്തല്ലേ ശുണ്ഠി? തള്ളയ്ക്ക് വാശികൂടി. പീപ്പി യെടുത്ത് അവൾ രണ്ടുതവണ ഊതി.

ഉടനടി ഒരു സംഘം തടിയൻ കാക്കകൾ പറന്നടുത്തു. അവരുടെ ചിറ കുകൾകൊണ്ട് ആകാശം ഇരുണ്ടു. രാജാകാക്കയോട് തള്ള പറഞ്ഞു: “ആ കാണുന്ന മനുഷ്യരെച്ചെന്ന് കൊത്തിപ്പറച്ച് കൊന്നിട്ടു വാ.”

കാക്കകൾ വലിയൊരു കൂട്ടമായി നമ്മുടെ കൂട്ടർക്കുനേരെ പറന്നടുത്തു. അവയെ കണ്ടയുടൻ വൈക്കോൽ മനുഷ്യൻ പറഞ്ഞു: “ഇതെന്റെ പോരാ ട്ടമാണ്. നിങ്ങൾ നിലത്ത് കമിഴ്ന്നു കിടന്നോളൂ.”

വൈക്കോൽ മനുഷ്യൻ തന്റെ കൈകൾ വിടർത്തി നീണ്ടുനിവർന്നു നിന്നു. കാക്കകളല്ലേ? അവയ്ക്ക് നോക്കുകുത്തികളെ പേടിയാണ്. വൈക്കോൽ മനുഷ്യനെ കണ്ടയുടൻ പകുതിയിലധികം കാക്കകളും തിരിച്ചു പറക്കാൻ തുടങ്ങി. പക്ഷേ രാജാകാക്ക വിളിച്ചു പറഞ്ഞു.

“ഇത് വെറും വൈക്കോൽ മനുഷ്യനാണ് പേടിക്കണ്ട.”വൈക്കോൽ മനു ഷ്യൻ അനങ്ങിയില്ല. തടിപോലെ നിന്നു. രാജാകാക്ക അടുത്തുവന്നപ്പോൾ

അവന്റെ കൊങ്ങയ്ക്ക് ഒറ്റപ്പിടുത്തം! അതോടെ അവന്റെ കഥ കഴിഞ്ഞു.

അങ്ങനെ ഒന്നൊന്നായി നാൽപതു കാക്കകളേയും കൊന്നു. അൽപസമയം കൊണ്ട് അവിടെ നാൽപതു കാക്കകളുടെ ഒരു തൂവൽക്കൂമ്പാരം തയ്യാർ.

ദുഷ്ടത്തിത്തള്ളക്ക് കോപവും സങ്കടവും സഹിക്കാനായില്ല. അവർ തന്റെ പീപ്പിയെടുത്ത് മൂന്നുതവണ ഊതി. ഉടനടി ഒരുകൂട്ടം കരിവണ്ടുകൾ അവിടേയ്ക്ക് പറന്നുവന്നു.

"പോകൂ" തള്ള അലറി. "പോയി ആ മനുഷ്യരെ കുത്തിക്കൊല്ലൂ!"

നാലു വശത്തുനിന്നും വണ്ടുകൾ നമ്മുടെ കൂട്ടരെ പൊതിയാൻ തുടങ്ങി. എന്തുചെയ്യണമെന്ന് അവർക്ക് ഒരു പിടിയും കിട്ടിയില്ല. ഒടുവിൽ വൈക്കോൽ മനുഷ്യന് ഒരു ബുദ്ധിതോന്നി.

എന്റെ ശരീരത്തിൽ നിന്ന് ഒരു കച്ചിയെടുത്ത് ഡോറത്തിയേയും ടോട്ടോയേയും സിംഹത്തേയും പുതപ്പിക്കൂ. അപ്പോൾ വണ്ടുകൾ അവരെ കാണില്ല.

നിമിഷനേരം കൊണ്ട് ഡോറത്തിയും ടോട്ടോയും സിംഹവും കച്ചിക്കടിയിലായി. വണ്ടുകൾ നിസ്സഹായരായി. അവർ സർവശക്തിയുമുപയോഗിച്ച് തകരമനുഷ്യനെ കുത്തി. തകരമല്ലേ! എല്ലാത്തിന്റേയും കൊമ്പൊടിഞ്ഞുപോയി.

കൊമ്പൊടിഞ്ഞ വണ്ടുകളെല്ലാം ചത്തു. അങ്ങനെ ഒന്നൊന്നായി നാല്പത് വണ്ടുകളും ചത്തു. അൽപനേരത്തിനുള്ളിൽ കരിവണ്ടുകളുടെ ഒരു കൂമ്പാരം തയ്യാർ!

അവർ വൈക്കോൽ മനുഷ്യനെ പഴയ രൂപത്തിലാക്കി യാത്ര തുടർന്നു. തള്ളയുടെ മോന്ത ദേഷ്യംകൊണ്ട് ചെമ്പരത്തിപ്പൂ പോലെ ചുവന്നു. അവൾ പല്ലിറുമ്മിക്കൊണ്ട് തന്റെ അടിമകളെ വിളിച്ചു. നല്ല മൂർച്ചയുള്ള കുന്തങ്ങൾ കൊടുത്തിട്ട് നമ്മുടെ സംഘത്തെ കൊന്നൊടുക്കാൻ ആജ്ഞാപിച്ചു.

ഈ അടിമകൾ വിൻകി വർഗക്കാരാണ്. തനി ഭീരുക്കൾ. അവർ ഡോറത്തിയേയും കൂട്ടുകാരേയും ആക്രമിക്കാനായി ഓടിയടുത്തു. അപ്പോൾ സിംഹം അത്യുച്ചത്തിൽ അലറി. വിൻകികൾ കുന്തവും വടിയുമെല്ലാം കാട്ടിലെറിഞ്ഞ് പമ്പകടന്നു. അവർ തിരിച്ച് കോട്ടയിലെത്തിയപ്പോൾ മന്ത്രവാദിനി അവരെ ചാട്ടകൊണ്ടടിച്ചു.

തന്റെ എല്ലാ സൂത്രങ്ങളും പൊളിഞ്ഞെന്ന് അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. പക്ഷേ, ഈ തള്ള ചില്ലറക്കാരിയൊന്നുമല്ലായിരുന്നു. അവളുടെ കൈയിൽ ഇനിയുമുണ്ട് സൂത്രങ്ങൾ.

അവൾ നേരെ തന്റെ കിടപ്പുമുറിയിലേക്കു പോയി. ഒരു രഹസ്യ അലമാര തുറന്ന് ഒരു സ്വർണ്ണക്കിരീടം പുറത്തെടുത്തു. ഇത് ഒരു മാന്ത്രിക കിരീ

ടമായിരുന്നു. ഇത് കൈവശംവച്ചിരിക്കുന്ന വ്യക്തിക്ക് ചിറകുള്ള കുരങ്ങന്മാരെ സഹായത്തിന് വിളിക്കാം. പക്ഷേ, വെറും മൂന്നുതവണ മാത്രം. ഈ മാന്ത്രികശക്തി തള്ള ഇപ്പോൾത്തന്നെ രണ്ടുതവണ ഉപയോഗിച്ചുകഴിഞ്ഞിരുന്നു- ആദ്യത്തെ തവണ ഉപയോഗിച്ചത് വിൻകികളെ തന്റെ അടിമകളാക്കാൻ; രണ്ടാമത്തേത് ഓസുമായുള്ള യുദ്ധം ജയിക്കാൻ.

തന്റെ എല്ലാ തന്ത്രങ്ങളും പൊളിഞ്ഞെന്നുകണ്ട തള്ള ചിറകുള്ള കുരങ്ങന്മാരെത്തന്നെ സഹായത്തിന് വിളിക്കാമെന്ന് തീരുമാനിച്ചു. കിരീടം കൈയിലെടുത്തുകൊണ്ട് അവൾ മൂന്നുതവണ മന്ത്രം ജപിച്ചു.

പെട്ടെന്ന് ആകാശമാകെ ഇരുണ്ടുകൂടി. വിദൂരത്തിൽ നിന്ന് കേൾക്കാമായിരുന്ന നേർത്ത മുഴക്കം കൂടുതൽ ഉച്ചത്തിലായി. സൂര്യൻ വീണ്ടും തെളിഞ്ഞപ്പോൾ തള്ളയ്ക്കു ചുറ്റും കുറെ വിചിത്ര ജീവികൾ കാണുമാറായി!

കുരങ്ങിന്റെ ദേഹവും കടവാതിലിന്റെ ചിറകുകളും കാട്ടുപൂച്ചയുടേതുപോലെ ക്രൂരമായ കണ്ണുകളുമുള്ള ഈ ജീവികൾ അതിശക്തരായിരുന്നു. കണ്ടാൽ ഭയം തോന്നുംവിധം വികൃതമായ മുഖങ്ങളിൽ ബീഭത്സമായ ചിരി!

“നിങ്ങൾ ഞങ്ങളെ ഒടുവിലത്തെ തവണയും വിളിച്ചിരിക്കുന്നു. എന്തു വേണം?”

“പോയി എന്റെ നാട്ടിൽ അനധികൃതമായി നുഴഞ്ഞുകയറിയിരിക്കുന്നവരെ നശിപ്പിക്കൂ. സിംഹത്തെമാത്രം ജീവനോടെ പിടികൂടണം. അവനെ മൂക്കുകയറിട്ട് ഒരു കുതിരയെപ്പോലെ ഉപയോഗിക്കാം.”

“ശരി.” ചിറകുള്ള കുരങ്ങന്മാർ പറന്നുയർന്നു.

# 14. മന്ത്രവാദിനിയുടെ അന്ത്യം

ഇത്തവണ ഡോറത്തിയ്ക്കും കൂട്ടർക്കും രക്ഷയില്ലായിരുന്നു. കൂർത്ത നഖങ്ങൾകൊണ്ട് ചിറകുള്ള കുരങ്ങന്മാർ വൈക്കോൽ മനുഷ്യനെ വായുവിലേക്ക് ഉയർത്തി. അയാളുടെ കച്ചിമുഴുവൻ വലിച്ചു പുറത്തിട്ടശേഷം ശേഷിച്ച തുണികളെ ഒരു വന്മരത്തിന്റെ ഏറ്റവും ഉയർന്ന ചില്ലയിൽ തൂക്കിയിട്ടു.

മറ്റൊരു സംഘം കുരങ്ങന്മാർ തകരമനുഷ്യനെ പൊക്കിയെടുത്തുകൊണ്ട് ദൂരേയ്ക്കു പറന്നു. അവർ അയാളെ കൂർത്ത പാറക്കെട്ടുകൾ നിറഞ്ഞ ഒരു പടുകുഴിയിലേക്ക് എറിഞ്ഞു. തകരമനുഷ്യൻ ഛിന്നഭിന്നമായിപ്പോയി.

തന്റെ പ്രിയപ്പെട്ട കൂട്ടുകാരുടെ അതീവദാരുണമായ അന്ത്യം കണ്ട് പാവം ഡോറത്തി ആകെ തകർന്നുപോയി. അവളുടെ ശരീരം സർവത്ര തകർന്നു. എതിർക്കാനുള്ള ശക്തി അവൾക്ക് നഷ്ടമായി. ടോട്ടോയെ കൈയിലെടുത്തുകൊണ്ട് എന്തുംവരട്ടെ എന്ന മട്ടിൽ മൂകയായി അവൾ നിന്നു.

ചിറകുള്ള കുരങ്ങന്മാരുടെ നേതാവ് അവളെ കൊത്തിപ്പറിയ്ക്കാനായി പറന്നടുത്തു. പെട്ടെന്നാണ് അയാൾ അവളുടെ നെറ്റിയിൽ തിളങ്ങിയ വെള്ളിമുദ്ര കണ്ടത്. അതോടെ അയാൾ തന്റെ അനുയായികളോട് ഡോറത്തിയെ ഉപദ്രവിക്കരുതെന്ന് ആജ്ഞാപിച്ചു.

“ഈ കുട്ടി നന്മയുടെ ശക്തിയാൽ സംരക്ഷിക്കപ്പെട്ടവളാണ്. നന്മയുടെ ശക്തി തിന്മയുടേതിനേക്കാൾ പ്രബലമായതിനാൽ നാം ഇവളെ ഉപദ്രവിക്കാൻ പാടില്ല. ഇവളെ നമുക്ക് പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയുടെ കോട്ടയിൽ എത്തിക്കാം.”

അവർ വളരെ സൂക്ഷിച്ച് അവളെ നഖങ്ങളിലെടുത്തു പറന്നു. തള്ളയുടെ ബാൽക്കണിയിൽ കൊണ്ടുചെന്ന് ഇരുത്തി. ഇതിനകം മറ്റൊരു സംഘം കുര

ങ്ങന്മാർ സിംഹത്തെ വരിഞ്ഞുകെട്ടി കോട്ടയിലെത്തിച്ചു കഴിഞ്ഞിരുന്നു. എന്നിട്ട് കുരങ്ങന്മാരുടെ നേതാവ് മന്ത്രവാദിനിയോട് പറഞ്ഞു:

"ഞങ്ങൾ ഞങ്ങൾക്കാവുന്നത്ര നന്നായി ഈ ജോലി നിർവഹിച്ചിരിക്കുന്നു. തകരമനുഷ്യനും വൈക്കോൽ മനുഷ്യനും മരിച്ചുകഴിഞ്ഞു. സിംഹം ബന്ധനസ്ഥനായി മുറ്റത്ത് കിടപ്പുണ്ട്. നന്മയുടെ ശക്തിയാൽ സംരക്ഷിക്കപ്പെട്ടവളായതുകൊണ്ട് ഇവളെ ഞങ്ങൾക്ക് കൊല്ലാനായില്ല. അതുകൊണ്ട് നേരെ ഇങ്ങോട്ടു കൊണ്ടുവന്നു. ഇനി നിങ്ങൾ ഞങ്ങളെ ഒരിക്കലും കാണുകയില്ല. ഞങ്ങൾ പോകട്ടെ!"

കുരങ്ങന്മാർ ചിലച്ചുകൊണ്ട് പറന്നുപോയി.

ഡോറത്തിയെ കണ്ടപ്പോൾ തള്ള നന്നായിട്ടൊന്നു പേടിച്ചു. അവളുടെ നെറ്റിയിലെ വെളുത്ത മുദ്രയും വെള്ളിച്ചെരുപ്പുകളും കണ്ടപ്പോൾ ഇവൾ അസാമാന്യയാണെന്ന് തള്ളയ്ക്കു തോന്നി.

ഇനി വല്ല മന്ത്രവാദിനിയുമാണോ? തള്ളയ്ക്ക് ആദ്യം അവിടെ നിന്ന് ഓടിക്കളഞ്ഞാൽ കൊള്ളാമെന്നുവരെ തോന്നി. പക്ഷേ, ഡോറത്തിയുടെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കിയപ്പോൾ തള്ളയ്ക്ക് മനസ്സിലായി അവൾ നിഷ്കളങ്കയായ ഒരു ബാലികയാണെന്ന്.

അതുകൊണ്ട് തള്ള മനസ്സിൽ ചിരിച്ചു. "ഇവൾക്ക് സ്വന്തം ശക്തിയറിയില്ല; ഇവളെ നല്ലതുപോലെ മുതലെടുക്കണം." അവൾ ഡോറത്തിയോട് കഠിനസ്വരത്തിൽ  പറഞ്ഞു: 'എടീ പെണ്ണേ! ഞാൻ പറയുന്നതെല്ലാം ഇനി മുതൽ അക്ഷരംപ്രതി അനുസരിച്ചുകൊള്ളണം! എന്റെ അടിമയാണ് നീ, ഓർത്തോ! ങും പിന്നെ വിളഞ്ഞാലുണ്ടല്ലോ! നിന്റെ തുടയിലെ തൊലി കാണില്ല. മറക്കേണ്ട!"

ഡോറത്തിയെ തള്ള അടുക്കളയിലേക്ക് കൊണ്ടുപോയി. അവിടെ ഒരു കുന്നു പാത്രങ്ങൾ കഴുകാതെ ഇട്ടിരുന്നു. 'ഇതെല്ലാം മര്യാദയ്ക്കിരുന്ന് വൃത്തിയാക്കിക്കോ' തള്ള ഭീഷണിപ്പെടുത്തുന്ന സ്വരത്തിൽ പറഞ്ഞു.

ഇതായിരിക്കും തന്റെ വിധിയെന്നോർത്ത് പാവം ഡോറത്തി പാത്രം കഴുകാൻ തുടങ്ങി.

തള്ള അവിടെ നിന്ന് നേരെ പോയത് സിംഹത്തിന്റെയടുക്കലേക്കാണ്. സിംഹത്തെ ഒരു കുതിരയെപ്പോലെ സ്വർണരഥത്തിൽ പൂട്ടിയിട്ടിരിക്കുകയായിരുന്നു. താൻ സവാരി ചെയ്യുന്ന തേര് വലിയ്ക്കുന്നത് ഒരു സിംഹമാണെന്ന് പറയുന്നത് എന്തോ വലിയ കാര്യമായിട്ടാണ് തള്ള കരുതിയിരുന്നത്.

പക്ഷേ, അടുത്തു ചെന്നപ്പോൾ സിംഹം ഭയങ്കരമായി അലറിക്കൊണ്ട് അവളെ കൊല്ലാനടുത്തു. തള്ള പേടിച്ചോടി. സിംഹത്തെ ഇട്ടിരുന്ന കൂട്ടിനു പുറത്തു ചാടിയപ്പോൾ തള്ള ഭീഷണിപ്പെടുത്താൻ തുടങ്ങി.

"നോക്കിക്കോ, എന്റെ തേര് വലിക്കാത്തിടത്തോളം കാലം നിനക്ക് ഭക്ഷ

ണമില്ല.”

അതിനുശേഷം തള്ള സിംഹത്തിന് ഭക്ഷണം നൽകിയില്ല. പക്ഷേ, എന്നും രാവിലെ കൂട്ടിന്നടുത്തുപോയി ‘ഇന്ന് നീ എന്റെ തേര് വലിക്കുമോ?’ എന്ന് ചോദിക്കും. അതിന് മറുപടിയായി ‘പോ തള്ളേ മറ്റു വല്ല പണിയും നോക്ക്’ എന്ന് സിംഹം പറയും.

ഡോറത്തി രാത്രിയാകുമ്പോൾ സിംഹത്തിനുള്ള ഭക്ഷണം ഒളിച്ചും പാത്തും എത്തിച്ചിരുന്നുവെന്നതാണ് സിംഹത്തിന്റെ നിശ്ചയദാർഢ്യത്തിന്റെ കാരണം.

തള്ള ഉറങ്ങിയെന്നു കണ്ടാൽ ഡോറത്തി സിംഹത്തിന്റെ കൂട്ടിലേക്ക് പോകും. വലിയ അഴികളിലൂടെ നുഴഞ്ഞ് ഉള്ളിൽ കയറി സിംഹത്തെ സാന്ത്വനിപ്പിക്കും. പക്ഷേ, ഇവിടെനിന്ന് രക്ഷപ്പെടാൻ യാതൊരു മാർഗവും അവർ കണ്ടില്ല.

പകൽസമയം മുഴുവൻ ഡോറത്തി കഠിനമായി അധ്വാനിച്ചു. തള്ള കൈയിൽ കൊണ്ടുനടക്കുന്ന കാലൻകുട കൊണ്ട് തന്നെ തല്ലുമോയെന്ന് അവൾക്ക് ഭയമായിരുന്നു. യഥാർഥത്തിൽ തള്ളയ്ക്ക് അവളെ ഒന്നും ചെയ്യാൻ കഴിയില്ലായിരുന്നു. പക്ഷേ, ഡോറത്തിക്ക് ഇതറിയില്ലല്ലോ!


ഒരുതവണ തള്ള കാലൻകുട കൊണ്ട് ടോട്ടോയ്ക്കിട്ട് ഒന്നുകൊടുത്തു. അവൻ അവരുടെ കാലിൽ കടിച്ചു. എന്നിട്ടും മുറിവിൽ നിന്ന് ചോര വന്നില്ല. ദുഷ്ടത്തരം കൊണ്ട് തള്ളയുടെ ശരീരത്തിലെ ചോരയെല്ലാം വരണ്ടുണങ്ങിപ്പോയിരുന്നു.

ഡോറത്തി അത്യധികം ദുഃഖിതയായി. എമ്മാ അമ്മായിയെ ഇനി കാണുക അസാധ്യമായിരിക്കുമെന്ന് അവൾക്ക് മനസ്സിലായി. അവൾ ചില ദിവസങ്ങളിൽ വളരെനേരം കരഞ്ഞിരുന്നു.

തള്ളയുടെ അടുത്ത ലക്ഷ്യം. ഡോറത്തിയുടെ ചെരുപ്പുകൾ കൈയടക്കുകയായിരുന്നു. ഇതുവരെ അവൾക്കുണ്ടായിരുന്ന എല്ലാ ശക്തികളും നമ്മുടെ സംഘത്തോടുള്ള ഏറ്റുമുട്ടലിൽ ക്ഷയിച്ചുപോയിരുന്നു.

പക്ഷേ, ഡോറത്തിയുടെ വെള്ളിച്ചെരുപ്പുകൾ കൈവശപ്പെടുത്തിയാൽ തനിക്ക് നഷ്ടപ്പെട്ട ശക്തി മുഴുവൻ തിരിച്ചെടുക്കാമെന്ന് തള്ളയ്ക്ക് മനസ്സിലായി. ഡോറത്തി അവ ഊരുന്ന തക്കംപാർത്ത് അവർ ഇരുന്നു. എന്നാൽ ഡോറത്തി അവ തന്റെ കാലുകളിൽ നിന്ന് ഉറങ്ങുന്ന നേരത്തും കുളിക്കുന്ന നേരത്തും മാത്രമേ ഊരിയിരുന്നുള്ളൂ.

തള്ളയ്ക്ക് ഒറ്റയ്ക്ക് ഇരുട്ടത്തുപോകാൻ പേടിയായിരുന്നതുകൊണ്ട് രാത്രി ചെന്ന് മോഷണം നടത്താൻ കഴിയില്ലായിരുന്നു. വെള്ളത്തെ പേടിയായിരുന്നതുകൊണ്ട് അവർ കുളിമുറിയുടെ അടുത്തേക്ക് പോയിരുന്നതേയില്ല. തള്ളയ്ക്ക് വെള്ളം കാണുന്നതുപോലും പേടിയായിരുന്നു.



പക്ഷേ, അവർ വലിയ സൂത്രക്കാരിയായിരുന്നു. വെള്ളിച്ചെരുപ്പുകൾ കൈവശപ്പെടുത്താൻ ഒരു പുതിയ വിദ്യ അവർ ആവിഷ്കരിച്ചു. ആദ്യം അടുക്കളയുടെ തറയ്ക്ക് കുറുകെ ഒരു ഇരുമ്പുകമ്പി വലിച്ചുകെട്ടി. എന്നിട്ട് മന്ത്രവിദ്യകൊണ്ട് അതിനെ അദൃശ്യമാക്കി. ഡോറത്തി നടന്നുവരുമ്പോൾ ഇരുമ്പുകമ്പിയിൽ തട്ടി വീഴുകയും ചെരുപ്പുകൾ അവളുടെ കാലുകളിൽ നിന്ന് ഊരിപ്പോവുകയും ചെയ്യുമെന്നായിരുന്നു തള്ളയുടെ കണക്കുകൂട്ടൽ.

എന്തായാലും ആ വിദ്യ ഫലിച്ചു. ഡോറത്തി തറ തുടയ്ക്കാനായി ഒരു വലിയ തൊട്ടി വെള്ളം കോരി വാതിൽക്കൽ വച്ചശേഷം തുണിയെടുക്കാനായി അടുക്കളയുടെ അപ്പുറത്തുള്ള മുറിയിലേക്ക് പോവുകയായിരുന്നു. കമ്പിയിൽ തട്ടി അവൾ മറിഞ്ഞുവീണു. ചെരുപ്പുകളിലൊന്ന് തെറിച്ചു പോവുകയും ചെയ്തു.

തള്ള സന്തോഷം കൊണ്ട് തുള്ളിച്ചാടി. അവർ ആ ചെരുപ്പ് കൈക്കലാക്കി. ഡോറത്തിക്ക് കഠിനമായ ദേഷ്യം വന്നു.

"എന്റെ ചെരുപ്പ് തിരിച്ചുതരൂ." അവൾ പരുഷമായ ശബ്ദത്തിൽ തള്ളയോട് പറഞ്ഞു

"തരില്ല! തരില്ല! തള്ള തുള്ളിച്ചാടി. "ഇതെന്റെയാണ് ഇനി നോക്കിക്കോ ഇതുപോലെ സൂത്രത്തിൽ ഞാൻ മറ്റേ ചെരുപ്പും തട്ടിയെടുക്കുമല്ലോ!"

"ദുഷ്ടേ! വഞ്ചകീ!" ഡോറത്തി പല്ലു ഞെരിച്ചു. "നിന്നെ കാണിച്ചു

തരാം!" അവൾ കോപം കൊണ്ട് വിറച്ചു. നേരെ വാതിൽക്കലേക്ക് ഓടി ച്ചെന്ന് കോരിവച്ചിരുന്ന വെള്ളം തള്ളയുടെ പുറത്തേയ്ക്ക് ഒഴിച്ചുകൊടുത്തു!

'അയ്യോ! നീയെന്താണ് ഈ കാണിച്ചത്?' തള്ള ഭയംകൊണ്ട് വിറയ്ക്കാൻ തുടങ്ങി. അവർ നിലവിളിച്ചു "രക്ഷിക്കണേ! രക്ഷിക്കണേ! ഞാനിതാ അലി ഞ്ഞലിഞ്ഞു പോകുന്നേ!"

കുറച്ചുനേരം കൊണ്ട് മന്ത്രവാദിനി അലിഞ്ഞലിഞ്ഞ് ഇല്ലാതായി. ഡോറത്തി ഒരുതൊട്ടി വെള്ളം കൂടി കൊണ്ടുവന്ന് അവിടം മുഴുവൻ കഴുകി തുടച്ചു. എന്നിട്ട് തന്റെ വെള്ളിച്ചെരുപ്പ് കാലിലിട്ട ശേഷം മുറ്റത്തേക്കോടി സിംഹത്തിന്റെ കൂട്ടിലേക്ക് ചെന്നു.

# 15. കൂട്ടുകാർ വീണ്ടും ഒന്നിക്കുന്നു

പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയുടെ അന്ത്യത്തെക്കുറിച്ച് കേട്ടപ്പോൾ സിംഹം സന്തോഷംകൊണ്ട് തുള്ളിച്ചാടി. ഡോറത്തി അവനെ ഉടൻതന്നെ കൂട്ടിൽ നിന്ന് മോചിപ്പിച്ചു. അവർ ആ പ്രദേശത്തെ എല്ലാ വിൻകികളേയും വിളിച്ചുകൂട്ടിയ ശേഷം നടന്നതെല്ലാം വിവരിച്ചു. ഇനിമുതൽ ആരുടെയും അടിമപ്പണി ചെയ്യരുതെന്ന് അവരെ ഉപദേശിച്ചു.

വിൻകികളുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. അവരുടെ നാട്ടിൽ ഇന്നും ആ ദിവസം ഒരു ദേശീയ ഉത്സവമാണ്.

"നമ്മുടെ കൂട്ടുകാർ കൂടി ഇന്നിവിടുണ്ടായിരുന്നെങ്കിൽ!" സിംഹം ദുഃഖത്തോടെ പറഞ്ഞു. എനിക്ക് വാസ്തവം പറഞ്ഞാൽ ഒരു സന്തോഷവും തോന്നുന്നില്ല.

"നമുക്കവരെ എങ്ങനെയെങ്കിലും രക്ഷപ്പെടുത്താൻ നോക്കിയാലോ?" ഡോറത്തി ചോദിച്ചു.

"നമുക്ക് നോക്കാം." സിംഹത്തിന്റെ ശബ്ദത്തിൽ പ്രതീക്ഷയുണ്ടായിരുന്നു."

അവർ വിൻകികളെ വിളിപ്പിച്ചു ചോദിച്ചു. അവർക്കും ഈ കാര്യത്തിൽ പൂർണസമ്മതമായിരുന്നു. തങ്ങളെ അടിമത്തത്തിൽ നിന്ന് രക്ഷപ്പെടുത്തിയ ഇവർക്കുവേണ്ടി എന്തും ചെയ്തുകൊടുക്കുവാൻ വിൻകികൾ ഒരുക്കമായിരുന്നു. തിരഞ്ഞെടുത്ത ഒരു സംഘം വിൻകികളെ കൂടെ കൂട്ടിക്കൊണ്ട് ഡോറത്തി യാത്ര തിരിച്ചു.

ആദ്യമവർ തകരമനുഷ്യൻ വീണുകിടന്നിരുന്ന ആ പടുകുഴിയിലേക്കാണ് പോയത്. തകരമനുഷ്യന്റെ പൊട്ടിപ്പൊളിഞ്ഞ ശരീരം കണ്ട് ഡോറത്തിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. തലയും കാലും കൈയും വേർപെട്ടു പോയിരു

ന്നു. തുരുമ്പിച്ചു തുരുമ്പിച്ചു തകരമനുഷ്യൻ ആകെ കറുത്തിരുന്നു. കോടാലിയുടെ പിടിയും ഒടിഞ്ഞുകിടന്നു. വളരെ പ്രയാസപ്പെട്ടാണെങ്കിലും അവർ തകരമനുഷ്യന്റെ ശരീരത്തെ പുറത്തെടുത്തു. തിരിച്ച് കോട്ടയിലേക്ക് പുറപ്പെട്ടു.

കോട്ടയിലെത്തിയ ഉടൻ ഡോറത്തി ആ നാട്ടിലെ എല്ലാ തകരപ്പണിക്കാരെയും വിളിപ്പിച്ചു. അൽപനേരത്തിനുള്ളിൽ ആ പ്രദേശത്തെ എല്ലാ തകരപ്പണിക്കാരും തങ്ങളുടെ പണിയായുധങ്ങളുമായെത്തി.

"നിങ്ങൾക്ക് തകരമനുഷ്യന്റെ ദേഹത്തെ പഴയപടിയാക്കാമോ? ഡോറത്തി അവരോടു ചോദിച്ചു.

അവർ ശ്രമിച്ചുനോക്കാൻ തന്നെ തീരുമാനിച്ചു. പിന്നെ മൂന്നു ദിവസത്തേക്ക് ഒരു ലഹള തന്നെ ആയിരുന്നു! ചുറ്റികയുടേയും ഉളിയുടെയും മറ്റും ബഹളം! എന്തായാലും മൂന്നാം ദിവസമായപ്പോഴേക്കും തകരമനുഷ്യൻ പഴയപടിയായി.

ഡോറത്തിയും സിംഹവും സന്തോഷംകൊണ്ട് കരഞ്ഞുപോയി. തകരമനുഷ്യനും അവരെ കെട്ടിപ്പിടിച്ച് കരഞ്ഞു. പക്ഷേ, തുരുമ്പെടുത്തു പോകുമെന്ന ഭയമുള്ളതുകൊണ്ട് കണ്ണുനീർ അപ്പോൾത്തന്നെ തുടച്ചുകളയാനും അയാൾ മറന്നില്ല.

ഡോറത്തി കുടുകുടെ കരഞ്ഞു. സിംഹം വാലുകൊണ്ട് കണ്ണുനീർ തുടച്ചു. ഒടുവിൽ വാലിന്റെ തുമ്പ് നനഞ്ഞുകുതിർന്നതുകൊണ്ട് വെയിലത്തു പോയി വാൽ പൊക്കിപ്പിടിച്ച് ഉണക്കേണ്ടിവന്നു.



“ഇനി നമുക്ക് എങ്ങനെയെങ്കിലും വൈക്കോൽമനുഷ്യനെക്കൂടി രക്ഷപ്പെടുത്തണം.” ഡോറത്തി പറഞ്ഞു. വിൻകികൾ തകരമനുഷ്യന്റെ കോടാലി തേച്ചുമിനുക്കി അതിന് സ്വർണംകൊണ്ടുള്ള ഒരു പിടിയും തീർത്തിരുന്നു. പിറ്റേന്നുതന്നെ അവർ വൈക്കോൽ മനുഷ്യന്റെ അവശിഷ്ടങ്ങൾ തൂങ്ങിക്കിടന്നിരുന്ന മരത്തെ ലക്ഷ്യമാക്കി പുറപ്പെട്ടു. തകരമനുഷ്യൻ ആദ്യം മരം വെട്ടാമെന്ന് പറഞ്ഞെങ്കിലും പിന്നീട് അത് വേണ്ടെന്ന് വെച്ചു.

“മരങ്ങൾ നമ്മുടെ സുഹൃത്തുക്കളാണ്. നാം അവയെ വെറുതെ ഉപദ്രവിക്കരുത്. നമ്മളിൽ ആരെങ്കിലുമൊരാൾ ആ ചില്ലയിൽ കയറിയാൽ മതിയല്ലോ.”

അങ്ങനെ അവർ വൈക്കോൽമനുഷ്യന്റെ വസ്ത്രങ്ങളെ തിരിച്ചുകൊണ്ടുപോയി. കോട്ടയിൽ ചെന്നയുടൻ നല്ല പുതിയ വൈക്കോൽ കൊണ്ടുവന്ന് അതിന്റെ കൈയും കാലും നിറച്ചു. അൽപനേരത്തിനുള്ളിൽ അതാ പൂർവാധികം സുന്ദരനായി നടന്നുവരുന്നു നമ്മുടെ വൈക്കോൽ മനുഷ്യൻ!

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം വിൻകികൾ രൂപീകരിച്ച ജനകീയ സർക്കാറിന്റെ ആതിഥ്യം സ്വീകരിച്ച് അവർ കുറച്ചുദിവസം കൂടി അവിടെ കഴിച്ചുകൂട്ടി.

“സ്വാതന്ത്ര്യത്തിന്റെ വില ഞങ്ങൾ അറിഞ്ഞു. ഇനിയൊരിക്കലും ഞങ്ങൾ അടിമകളാവുകയോ ആരേയും അടിമകളാക്കുകയോ ചെയ്യില്ല.” വിൻകികൾ അവരോടു പറഞ്ഞു.

അവർക്ക് അവിടെ യാതൊരു കുറവുമില്ലായിരുന്നു. പക്ഷേ എല്ലാവർക്കും മരതക നഗരത്തിലേക്ക് മടങ്ങിച്ചെന്ന് ഓസിനെ മുഖം കാണിക്കാൻ ധൃതിയായി.

സ്നേഹ നിർഭരമായ യാത്രയയപ്പാണ് വിൻകികൾ അവർക്ക് നൽകിയത്. അവർക്ക് നമ്മുടെ സംഘത്തെ പിരിയാൻ തീരെ മനസ്സില്ലായിരുന്നു. തങ്ങളുടെ ജനാധിപത്യ സർക്കാറിലെ പ്രസിഡന്റ് സ്ഥാനം തകരമനുഷ്യന് കൊടുക്കാമെന്നുവരെ അവർ പറഞ്ഞു.

ഒടുവിൽ യാത്രയാവുകയാണെന്ന് തീരുമാനിച്ചപ്പോൾ വിൻകികൾ അവർക്ക് വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകിയ ശേഷമേ പോകാൻ അനുവദിച്ചുള്ളൂ.

ഡോറത്തിയ്ക്ക് വൈഡൂര്യങ്ങളും മുത്തും പതിച്ച ഒരു സ്വർണപേന, വൈക്കോൽ മനുഷ്യന് സ്വർണത്തിൽ തീർത്ത ഒരു വടി, തകരമനുഷ്യന് രത്നങ്ങൾ പതിച്ച, വെള്ളിയിൽ തീർത്ത എണ്ണപ്പാത്രം, സിംഹത്തിനും ടോട്ടോയ്ക്കും രത്നത്തിൽ കൊത്തിയെടുത്ത ഓരോ വള. എല്ലാവർക്കും കൈ കൊടുത്തുകൊടുത്ത് അവരുടെ കൈകഴച്ചു.

ഡോറത്തി, തള്ളയുടെ സ്വർണകിരീടം എടുത്തു ധരിച്ചു. അവർ മരതക നഗരത്തിലേക്ക് യാത്ര തുടങ്ങി.

മരതകനഗരത്തിൽ നിന്ന് വിൻകികളുടെ നാട്ടിലേക്ക് റോഡൊന്നുമില്ലെന്നു

നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. അതുകൊണ്ട് തിരിച്ചുപോവുക അത്ര എളുപ്പമുള്ള പണിയായിരുന്നില്ല. നാലു ദിക്കിലും പൂക്കൾ നിറഞ്ഞ പുൽമേടുകൾ മാത്രമേ കാണാനുണ്ടായിരുന്നുള്ളൂ. മനുഷ്യവാസം തീരെ കുറവായിരുന്നതുകൊണ്ട് ഒരു വീടുപോലും അവിടെയെങ്ങുമില്ലായിരുന്നു.

എന്തായാലും സൂര്യനുദിക്കുന്ന ദിക്കിനെ ലക്ഷ്യമാക്കി നമ്മുടെ സുഹൃത്തുക്കൾ യാത്രയാരംഭിച്ചു.

ഉച്ചയോടെ സൂര്യൻ തലയ്ക്കുനേരെ മുകളിൽ വന്നു. അതോടെ അവർക്ക് ദിക്കേതെന്ന് പിടികിട്ടാൻ വിഷമമായിത്തുടങ്ങി. രാത്രിയോടെ അവർ യാത്ര മുടക്കി.

പിറ്റേന്ന് സൂര്യൻ മേഘങ്ങളാൽ മൂടപ്പെട്ടതിനാൽ ദിക്കേതെന്ന് അറിയാതെ അവർ വിഷമിച്ചു. എന്നിട്ടും ധൈര്യം കൈവിടാതെ നടന്നുകൊണ്ടേയിരുന്നു. അൽപം കഴിഞ്ഞപ്പോൾ അവർക്ക് മനസ്സിലായി വഴി തെറ്റിയെന്ന്.

വൈക്കോൽ മനുഷ്യൻ പറഞ്ഞു: "ഇനിയെന്തു ചെയ്യും! വഴി തെറ്റിയെന്നാണ് തോന്നുന്നത്."

നിരാശ കൊണ്ട് സിംഹം വിതുമ്പിപ്പോയി.

"എനിക്കിങ്ങനെ അധികനേരം നടക്കാനുള്ള ധൈര്യമില്ല. നമുക്കിനി രക്ഷയില്ലേ?"

ഡോറത്തി പുല്ലിൽ തളർന്നിരുന്നു. ടോട്ടോയും വല്ലാതെ തളർന്നെന്ന് അവൾക്ക് മനസ്സിലായി. ജീവിതത്തിലാദ്യമായി അവന്റെ തലയ്ക്കുമേലെക്കൂടി ഒരു ചിത്രശലഭം സ്വച്ഛന്ദമായി പറന്നുപോയി. അവന്റെ ശരീരത്തിൽ ഒരിറ്റു ശക്തിയുണ്ടായിരുന്നെങ്കിൽ അവൻ അതിനെ വെറുതെ വിടില്ലായിരുന്നു!!

"നമുക്ക് നമ്മുടെ എലി സുഹൃത്തുക്കളെ വിളിച്ചാലോ."

"അതെയതെ. ഇനി രക്ഷയില്ല" തകരമനുഷ്യൻ പറഞ്ഞു.

ഡോറത്തി കൈകൊട്ടി വിളിച്ചു.

"മാന്യരായ എലി സുഹൃത്തുക്കളെ! ഞങ്ങളിതാ ഒന്നുകൂടി നിങ്ങളുടെ സഹായം അഭ്യർഥിക്കുകയാണ്. ഞങ്ങൾക്ക് മരതകനഗരത്തിലേക്കുള്ള വഴി ദയവായി കാണിച്ചുതരണം.

"അതിനെന്താ?" പുല്ലിനടിയിൽ നിന്നു നേർത്ത സ്വരം കേൾക്കുമാറായി. "നിങ്ങളുടെ തലയിലിരിക്കുന്ന ആ സ്വർണക്കിരീടമുണ്ടല്ലോ– അതുപയോഗിച്ചാൽ മതിയല്ലോ!"

"എങ്ങനെ?" ഡോറത്തി ചോദിച്ചു.

"ആ! അത് മാന്ത്രിക ശക്തിയുള്ള കിരീടമാണ്. അതുപയോഗിച്ച് നിങ്ങൾക്ക് മൂന്നുതവണ ചിറകുള്ള കുരങ്ങന്മാരുടെ സഹായം അഭ്യർഥിക്കാം. അവർ ആകുന്നതുപോലെ നിങ്ങളെ സഹായിക്കും. തീർച്ച. കിരീടത്തിന്റെ ഉൾവശത്ത് മന്ത്രം എഴുതി വച്ചിട്ടുണ്ട്. അത് ചൊല്ലിയാൽ മതി." ശബ്ദം പറഞ്ഞു.

ഡോറത്തി ഉടനടി മന്ത്രം ചൊല്ലി. ദൂരെനിന്നു ശക്തമായ ചിറകടിയൊച്ച കേട്ടുതുടങ്ങി. കുരങ്ങന്മാരുടെ നേതാവ് ഡോറത്തിയുടെ മുമ്പിൽ തൊഴുതുനിന്നു. കുരങ്ങന്മാരുടെ നിഴൽ വീണ് ആകാശമാകെ ഇരുണ്ടുമൂടി.

"എന്താണ് ആഗ്രഹം."

"ഞങ്ങൾക്ക് മരതക നഗരത്തിലേക്ക് പോകണം. അതിനുള്ള വഴി കാട്ടിത്തരണം."

"ഞങ്ങൾ നിങ്ങളെ എടുത്തുകൊണ്ടു പോകാം." കുരങ്ങന്മാരുടെ നേതാവ് തന്റെ അനുയായികളോട് ആംഗ്യം കാണിച്ചു. രണ്ടു കുരങ്ങന്മാർ ഡോറത്തിയെ എടുത്തു പൊക്കി. ബാക്കിയെല്ലാവരേയും ഓരോ കുരങ്ങന്മാർ എടുത്ത് തോളിലിരുത്തി. ടോട്ടോയെ എടുക്കാൻ കുട്ടിക്കുരങ്ങന്മാർ തമ്മിൽ അടിപിടിയായി. ഒടുവിൽ നേതാവ് ഇടപെട്ട് പ്രശ്നം രമ്യതയിൽ അവസാനിപ്പിച്ചു. ടോട്ടോ ഒന്നിനു പുറകെ ഒന്നായി ആറു കുരങ്ങന്മാരുടെ പുറത്തുകയറി രാജകീയമായി സവാരി ചെയ്തു.

യാത്രയ്ക്കിടയിൽ കുരങ്ങന്മാരോട് ഡോറത്തി കുശലം ചോദിച്ചു.

"നിങ്ങൾക്ക് ഈ കിരീടത്തിന്റെ മന്ത്രത്തെ അനുസരിക്കേണ്ടി വന്നത് എങ്ങനെയാണ്?"

"അതൊരു നീണ്ട കഥയാണ്." കുരങ്ങന്മാരുടെ നേതാവ് പറഞ്ഞു.

"എന്തായാലും നീണ്ട യാത്രയല്ലേ? ഞാൻ ആ കഥ പറയട്ടെ?"

"ഓഹോ!" ഡോറത്തിക്ക് ഉത്സാഹമായി.

'ഒരു കാലത്ത് ഞങ്ങളും സ്വതന്ത്ര ജീവികളായിരുന്നു. വലിയ ഒരു കാട്ടിൽ കായ്കനികൾ ഭക്ഷിച്ച് ഞങ്ങൾ സന്തുഷ്ട ജീവിതം നയിച്ചിരുന്നു. ഞങ്ങൾക്ക് ആരെയും പേടിയില്ലായിരുന്നു. മാത്രമല്ല ഞങ്ങൾ വലിയ കുസൃതിക്കാരായിരുന്നു. ഇടയ്ക്കിടയ്ക്ക് ഞങ്ങൾ മറ്റു ജന്തുക്കളെ ഉപദ്രവിക്കുകയും അവരുടെ വേദനയിൽ ക്രൂരമായ ആനന്ദം കണ്ടെത്തുകയും ചെയ്തിരുന്നു. ഇതു വളരെ പണ്ടാണ്. ഓസ് ഈ നാട്ടിലേക്ക് വരുന്നതിനും മുമ്പ്.

അക്കാലത്ത് അതിസുന്ദരിയും ബുദ്ധിമതിയും നല്ലവളുമായ ഒരു മന്ത്രവാദിനിയുണ്ടായിരുന്നു. 'ഗയലറ്റ' എന്നായിരുന്നു അവളുടെ പേര്. അതിസുന്ദരിയായിരുന്നെങ്കിലും അവളുടെ വിവാഹം നടന്നിരുന്നില്ല. അതിന് കാരണവുമുണ്ടായിരുന്നു. ഗയലറ്റയെപ്പോലെ ബുദ്ധിമതിയും ആദർശശീലയും ധീരയുമായ ഒരു യുവതി ആ ദേശത്തെങ്ങുമില്ലായിരുന്നു.

സ്വാഭാവികമായും അവൾക്ക് യോജിച്ച ഒരു വരനെ കണ്ടെത്താനുള്ള വിഷമം വളരെ കൂടുതലായിരിക്കുമല്ലോ. മിക്കവാറുമെല്ലാ പുരുഷന്മാരും സ്വന്തം കാര്യം മാത്രം നോക്കുന്നവരും തങ്ങളെക്കാൾ കഴിവും ബുദ്ധിശക്തിയുമുള്ള സ്ത്രീകളെ വെറുക്കുന്നവരുമാണല്ലോ!

തന്റെ തലമുറയിലുള്ള ഒരൊറ്റ പുരുഷനും തനിക്ക് കൊള്ളില്ലെന്ന് ഗയലറ്റയ്ക്ക് ബോധ്യമായി. അവൾ ഒടുവിൽ ഒരു ആൺകുട്ടിയെ കണ്ടെത്തി. ബുദ്ധിമാനും, സൗമ്യനും പ്രായത്തിൽ കവിഞ്ഞ വിവേക ബുദ്ധിയുമുള്ളവ

നുമായ ഒരു യുവാവായി അവൻ വളർന്നുവന്നു. 'ക്വയ്ലാൽ' എന്നായിരുന്നു അവന്റെ പേര്.

'ക്വയ്ലാലും' ഗയലറ്റയും പരസ്പരം ജീവനുതുല്യം സ്നേഹിച്ചു.

ഒരു ദിവസം ക്വയ്ലാൽ തനിച്ച് കാട്ടിലൂടെ ഉലാത്തുകയായിരുന്നു. അപ്പോൾ എന്റെ മുത്തച്ഛനായിരുന്ന കുരങ്ങച്ഛന് ഒരു കുസൃതി തോന്നി. ക്വയ്ലാലിനോട് അദ്ദേഹം അങ്ങനെ ചെയ്യരുതായിരുന്നു. കാരണം പ്രകൃതിയേയും മറ്റു ജന്തുക്കളേയും അങ്ങേയറ്റം ബഹുമാനിച്ചിരുന്ന വിവേകശാലിയായ വ്യക്തിയായിരുന്നു അദ്ദേഹം.

എന്റെ മുത്തച്ഛൻ ക്വയ്ലാലിനെ പൊക്കിയെടുത്ത് നദിയുടെ ഒത്തനടുക്ക് കൊണ്ടിട്ടു. പാവം കൈകാലിട്ടടിച്ചു- ഭാരമുള്ള വസ്ത്രങ്ങൾ ധരിച്ചിരുന്നതിനാൽ അയാൾക്ക് നീന്താൻ നന്നെ പണിപ്പെടേണ്ടിവന്നു. ഒടുവിൽ അയാൾ ഒരുവിധം കരപറ്റി. മൃതപ്രായനായ ക്വയ്ലാലിനെ കണ്ട ഗയലറ്റ കോപം കൊണ്ട് വിറച്ചു. ഞങ്ങളുടെ വർഗത്തെ നല്ലൊരു പാഠം പഠിപ്പിക്കാൻ തന്നെ അവൾ തീരുമാനിച്ചു.

ഉത്തരദേശത്തിലെ ജനങ്ങളും വല്ലാതെ കോപിച്ചിരുന്നു. അവർ വലകൾ നെയ്ത് ഞങ്ങളെ കുടുക്കി. എല്ലാവരെയും പിടിച്ചുകെട്ടി ഗയലറ്റയുടെ കൊട്ടാരത്തിലെത്തിച്ചു. ക്വയ്ലാലിനെ ചെയ്തതുപോലെ ഞങ്ങളെയും ചെയ്യണമെന്നായിരുന്നു ഗയലറ്റയുടെ ആഗ്രഹം.

പക്ഷേ സൗമ്യനായ ക്വയ്ലാൽ ഞങ്ങൾക്കുവേണ്ടി ഇടപെട്ടു. ഗയലറ്റയുടെ മനസ്സലിഞ്ഞു. അവൾ ശിക്ഷയുടെ കാഠിന്യം കുറച്ചു. ക്വയ്ലാലിനുവേണ്ടി തീർത്ത സ്വർണകിരീടത്തോട് ഞങ്ങളെ മന്ത്രശക്തി വഴി ബന്ധിച്ചു. ആ കിരീടത്തിന്റെ ഉടമസ്ഥനെ മൂന്നുതവണ സഹായിക്കാൻ ഞങ്ങൾ ബാധ്യസ്ഥരായി.

ആദ്യത്തെ ഉടമസ്ഥൻ ക്വയ്ലാൽ ആയിരുന്നതുകൊണ്ട് ഞങ്ങൾക്ക് ഒരു ശല്യവുമില്ലായിരുന്നു. പ്രകൃതി സംരക്ഷണത്തിൽ തത്പരനായിരുന്ന അദ്ദേഹം ഞങ്ങളെ ഔദ്യോഗിക വനപാലകന്മാരാക്കി. അതിനൊക്കെ വളരെ പിന്നീടാണ് ഈ കിരീടം പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയുടെ കൈവശമായത്."

കുരങ്ങന്മാരുടെ നേതാവ് കഥ പറഞ്ഞവസാനിച്ചപ്പോൾ മരതകനഗരം താഴെ ഒരു പൊട്ടുപോലെ കാണാൻ തുടങ്ങി. കുരങ്ങന്മാർ താഴേയ്ക്ക് ഇറങ്ങാൻ തുടങ്ങി. അവരുടെ യാത്ര അവസാനിച്ചു കഴിഞ്ഞിരുന്നു.

കുരങ്ങന്മാർ അവരെ കോട്ടവാതിലിന് സമീപം ഇറക്കി. കുരങ്ങന്മാരോട് യാത്ര പറഞ്ഞശേഷം അവർ കോട്ടവാതിലിന് സമീപമുള്ള മണിയടിച്ച് ദ്വാരപാലകനെ വരുത്തി.

# 16. ഓസിന്റെ രഹസ്യം

ദ്വാരപാലകൻ അവരെക്കണ്ട് ശരിക്കൊന്ന് അമ്പരന്നു

"ങ്ഹേ! നിങ്ങൾ മടങ്ങി വന്നോ?" അയാൾ ആശ്ചര്യം കലർന്ന സ്വരത്തിൽ ചോദിച്ചു.

"എന്താ ഞങ്ങളെ കണ്ടിട്ട് വിശ്വാസമായില്ലേ?" ഡോറത്തി ചിരിച്ചു.

"നിങ്ങൾ പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ സന്ദർശിക്കാൻ പോകുന്നെന്നല്ലേ പറഞ്ഞത്?"

"ഉവ്വ്, ഞങ്ങൾ പോയിരുന്നു."

"എന്നിട്ടവർ നിങ്ങളെ മടങ്ങാൻ അനുവദിച്ചോ?"

"അനുവദിക്കാതെ എന്തു ചെയ്യും. അവർ ഉരുകിപ്പോയില്ലേ?"

"ങ്ഹേ!" ദ്വാരപാലകന്റെ അത്ഭുതം ഇരട്ടിയായി. ആശ്ചര്യവും സന്തോഷവും കലർന്ന സ്വരത്തിൽ അയാൾ പറഞ്ഞു: "നല്ല വർത്തമാനമാണല്ലോ! ആട്ടെ, അവരെ ഉരുക്കിയെടുത്തത് ആരാ?"

"നമ്മുടെ ഡോറത്തി!"

"എന്റമ്മോ!" അയാൾ ഡോറത്തിയെ വായും പൊളിച്ചുനോക്കി.

"കൊള്ളാമല്ലോ! കുഞ്ഞേ!!"

അയാൾ അവർക്ക് ധരിക്കാൻ പച്ചക്കണ്ണടകൾ നൽകി. പിന്നീട് നഗരത്തിലേക്കുള്ള പ്രവേശന കവാടം വഴി അവർ അകത്തുകടന്നു. പച്ചമീശക്കാരൻ പട്ടാളക്കാരൻ അവരെ കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. വഴിയിൽ കൂടിനിന്ന ജനങ്ങൾ വിവരമറിഞ്ഞപ്പോൾ അവർക്കു ചുറ്റും കൂടി. എല്ലാവർക്കും ആശ്ചര്യമായിരുന്നു. കൊട്ടാരത്തിലെത്തിയപ്പോൾ പച്ചക്കുപ്പായമണിഞ്ഞ ഒരു സ്ത്രീ അവരെ മുറികളിലേക്ക് കൊണ്ടുപോയി. എന്നിട്ട് ഓസിനെ വിവരമറിയിക്കാൻ ഓടിപ്പോയി.

ദിവസം രണ്ടുമൂന്നു കഴിഞ്ഞു. ഇതിനകം നമ്മുടെ സുഹൃത്തുക്കളുടെ സാഹസികയാത്രയുടെ കഥ നാട്ടിലാകെ പാട്ടായിക്കഴിഞ്ഞിരുന്നു. ഓസ് വിളിക്കുന്നതും കാത്ത് അവർ കൊട്ടാരത്തിൽ കഴിഞ്ഞുകൂടി. എന്നിട്ടും ഓസ് അനങ്ങിയില്ല. ഒടുവിൽ എല്ലാവർക്കും കാത്ത് കാത്ത് മടുത്തു. പക്ഷേ, എന്തു ചെയ്യണമെന്ന് ആർക്കും അറിയില്ലായിരുന്നു.

അവസാനം ബുദ്ധിയുദിച്ചത് വൈക്കോൽ മനുഷ്യനാണ്. അയാൾ പരിചാരകനെ വിളിച്ച് ഓസിന് ഒരു കുറിപ്പ് കൊടുത്തയച്ചു. മറ്റുള്ളവർക്ക് അതിന്റെ യുക്തി മനസ്സിലായില്ല. പക്ഷേ, ഒരു മണിക്കൂറിനകം ഓസിന്റെ മറുപടി എത്തി!

എല്ലാവരും അത്ഭുതപ്പെട്ടു.

"ഇവന് ഇനി കൂടുതൽ ബുദ്ധി എന്തിനാ" സിംഹം ആശ്ചര്യത്തോടെ പറഞ്ഞു. "എന്തായിരുന്നു സൂത്രം?" അവർ തിരക്കി.

"ഒരു ചെറിയ ഭീഷണി– നമ്മളെ ഇനിയും കാണാൻ തയ്യാറായില്ലെങ്കിൽ ഞാൻ നമ്മുടെ സുഹൃത്തുക്കളായ ചിറകുള്ള കുരങ്ങന്മാരെ വിളിക്കുമെന്ന് പറഞ്ഞുവിട്ടു –അത്രേയുള്ളൂ!!"

എല്ലാവരും ചിരിച്ചു. പക്ഷേ, എല്ലാവരുടേയും മനസ്സിൽ പെട്ടെന്ന് ഒരു തീ ആളി. വിചാരിക്കുന്നത്ര ശക്തിമാനല്ലേ ഈ ഓസ്?

നാലു യാത്രക്കാർക്കും അന്നുരാത്രി ഉറക്കമില്ലായിരുന്നു. എല്ലാവരും ഓസിനെ കാണാൻ ഉത്സുകരായിരുന്നു. ഡോറത്തി എമ്മാ അമ്മായിയെ സ്വപ്നം കണ്ടുകൊണ്ട് കിടന്നുറങ്ങി.

പിറ്റേന്ന് രാവിലെ ഒമ്പതുമണിക്കുതന്നെ എല്ലാവരു ഹാജരായി. താമസിയാതെ ഓസിന്റെ മുമ്പിലേക്ക് അവർക്ക് പ്രവേശനം നൽകപ്പെട്ടു. അത്ഭുതമെന്നു പറയട്ടെ മുറി തികച്ചും ശൂന്യമായിരുന്നു!! പെട്ടെന്ന് എവിടെനിന്നോ ഒരു ശബ്ദം കേട്ടു.

"ഞാനാണ് അതിശക്തനായ ഓസ്. നിങ്ങൾ എന്നെ അന്വേഷിച്ചത് എന്തിന്?"

അവർ എല്ലായിടത്തും കണ്ണോടിച്ചു. ആരെയും കണ്ടില്ല. ഒടുവിൽ ഡോറത്തി ചോദിച്ചു:

"താങ്കൾ എവിടെയാണ്?"

"ഞാൻ സർവവ്യാപിയാണ്. സാധാരണക്കാർക്ക് എന്നെ കാണാൻ കഴിയില്ല. ഞാൻ എന്റെ സിംഹാസനത്തിലിരിക്കട്ടെ. എന്നിട്ട് നമുക്ക് സംസാരിക്കാം."

ശബ്ദം ഇപ്പോൾ സിംഹാസനത്തിന്റെ സമീപത്തുനിന്നായിരുന്നു.

"ഞങ്ങൾ വന്നത് എന്തിനാണെന്ന് താങ്കൾക്ക് നല്ലവണ്ണം അറിയാമല്ലോ." ഡോറത്തി പറഞ്ഞു.

"താങ്കൾ ഞങ്ങൾക്കുതന്ന വാക്ക് ഓർക്കുന്നില്ലേ?" സിംഹം ചോദിച്ചു.

"എന്തു വാക്ക്?"

"പാശ്ചാത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിയെ നശിപ്പിച്ചാൽ എന്നെ കാൻസാസിലേയ്ക്ക് മടക്കിയയക്കാമെന്ന് താങ്കൾ പറഞ്ഞില്ലേ?" ഡോറത്തി ക്ഷുഭിതയായി ചോദിച്ചു.

"എനിക്ക് ബുദ്ധി തരാമെന്ന് പറഞ്ഞില്ലേ?" വൈക്കോൽ മനുഷ്യൻ പറഞ്ഞു.

അപ്പോൾ എനിക്ക് ഹൃദയം തരാമെന്ന് പറഞ്ഞതോ?" തകരമനുഷ്യൻ.

"എനിക്കുള്ള ധൈര്യമോ?" സിംഹം ചോദിച്ചു.

"മന്ത്രവാദിനി ചത്തോ?" ശബ്ദം സ്വല്പമൊന്ന് വിറച്ചുവെന്ന് ഡോറത്തിക്ക് തോന്നി.


"അതെ, ഞാൻ അവരെ ഒരു തൊട്ടി വെള്ളത്തിൽ അലിയിച്ചു കളഞ്ഞു."

"എന്റമ്മേ!" ഓസ് പറഞ്ഞു. "ഇത്ര വേഗമോ? എന്നാൽ.... ങും! ങാ! നാളെ വരൂ.... നമുക്ക് ആലോചിക്കാം.....

"പറ്റില്ല!!" തകരമനുഷ്യൻ തറപ്പിച്ചു പറഞ്ഞു.

"ഞങ്ങൾക്കേ ഇവിടിങ്ങനെ കുത്തിയിരിക്കാൻ നേരമില്ല. ഇതെന്താ സർക്കാരാഫീസോ മറ്റോ ആണോ?"

"ഒരൊറ്റ നിമിഷം അധികം തരാൻ പറ്റില്ല."



സിംഹം വിചാരിച്ചു: ഇതുതന്നെ തക്കം. യാതൊരു മുന്നറിയിപ്പും കൂടാതെ അവൻ സർവശക്തിയുമെടുത്ത് അത്യുച്ചത്തിൽ അലറി. ഡോറത്തിയും തകരമനുഷ്യനും വൈക്കോൽ മനുഷ്യനും ടോട്ടോയും പേടിച്ച് ചാടിപ്പോയി!! ബഹളത്തിനിടയ്ക്ക് ടോട്ടോ ഒരു തിരശ്ശീലയ്ക്ക് പിന്നിലേക്ക് ഓടിക്കയറി. അവന്റെ വാലിൽ ഡോറത്തി പിടികൂടി. പിടിയും വലിയുമായി. ഒടുവിൽ തിരശ്ശീല ഇളകി നിലത്തുവീണു. നോക്കിയപ്പോഴുണ്ട് പിന്നിൽ നിൽക്കുന്നു ഒരു മനുഷ്യൻ! വയസ്സനാണ്. മെലിഞ്ഞുവെളുത്ത് ദുർബലനായ ഒരു ചെറിയ മനുഷ്യൻ!! തലയിൽ ഒരൊറ്റ മുടിയില്ല; വായിൽ ഒരൊറ്റ പല്ലില്ല; മുഖത്താകെ വാർധക്യത്തിന്റെ ചുളിവുകൾ വീണിരിക്കുന്നു. അയാളെ കണ്ടയുടൻ തകരമനുഷ്യൻ കോടാലിയും ഉയർത്തിക്കൊണ്ട് ആക്രോശിച്ചു: "ആരാണ് നിങ്ങൾ?"

വിറയ്ക്കുന്ന ദുർബലമായ ശബ്ദത്തിൽ അയാൾ മറുപടി പറഞ്ഞു: "ഞാനാണ്... അതിശക്തനായ ഓസ്. അയ്യോ..... ദയവുചെയ്ത് എന്നെ അടിക്കല്ലേ.... ഞാനൊരു പാവമാണ്."

എല്ലാവരും അന്തംവിട്ടു. ഡോറത്തിക്ക് കണ്ണിൽ ഇരുട്ടു കയറുന്നതു പോലെ തോന്നി. അവൾ കൈയെടുത്ത് തലയിൽ വെച്ചുകൊണ്ട് നിലത്ത് കുത്തിയിരുന്നുപോയി.

"ഞാൻ വിചാരിച്ചത് ഓസ് ഒരു കഷണ്ടിത്തലയാണെന്നാണ്."

"അയ്യോ അയാള് സുന്ദരിയായ ഒരു സ്ത്രീയായിരുന്നല്ലോ?"

"പക്ഷേ, ഓസ് ഒരു ഭീകരസത്വമായിരുന്നല്ലോ?"

"കഴിഞ്ഞ തവണ ഓസ് ഒരു അഗ്നിഗോളമായിരുന്നു തീർച്ച!"

"അല്ല! അല്ല! നിങ്ങൾക്ക് തെറ്റിപ്പോയി! അയാൾ വിഷമിച്ചു പറഞ്ഞു: "ഞാൻ എല്ലാവരെയും പറ്റിക്കുകയായിരുന്നു."

"പറ്റിക്കുകയോ" ഡോറത്തി ആകെ വിഷമിച്ചുപോയി. "അപ്പോൾ.... നിങ്ങൾ.... സത്യത്തിൽ..... മന്ത്രവാദിയല്ലേ?"

"അയ്യോ കുഞ്ഞേ..... ഉറച്ചു പറഞ്ഞുകളയല്ലേ... എന്റെ ആപ്പീസ് പൂട്ടിപ്പോകും! ജനങ്ങളുടെ വിചാരം ഞാൻ ഒരു വലിയ മന്ത്രവാദിയാണെന്നാണ്!"

"അയ്യോ!..... അപ്പോൾ.....?"

"പേടിക്കേണ്ട! ഞാൻ വെറും സാധുവായ മനുഷ്യൻ!"

''അപ്പോൾ നിങ്ങൾ ഞങ്ങളോട് നുണ പറഞ്ഞതാണ്. അല്ലേ, വൈക്കോൽ മനുഷ്യൻ നിരാശയോടെ പറഞ്ഞു. "നിങ്ങൾ ഒരു പിത്തലാട്ടക്കാരനാണ്!!"

"അതുതന്നെ" കിഴവൻ സംതൃപ്തിയോടെ പറഞ്ഞു. "ഞാനൊരു പിത്തലാട്ടക്കാരനാണ്."

"ഇതൊരു വല്ലാത്ത ചതിയായിപ്പോയി." തകരമനുഷ്യൻ തളർന്ന സ്വര

ത്തിൽ പറഞ്ഞു. “എനിക്ക് ഒരു ഹൃദയം വിധിച്ചിട്ടില്ല.”

“എന്റെ തലച്ചോറ്.....”

“എന്റെ ധൈര്യം....”

എല്ലാവരും കണ്ണുനീർ തുടച്ചു.

“എന്റെ പൊന്നു മക്കളെ, നിങ്ങൾ ഈ ചെറിയ കാര്യങ്ങൾ ഓർത്ത് വിഷമിക്കാതെ, എന്റെ കാര്യമോർത്തുനോക്കൂ! ഇനി എനിക്കെന്തു സംഭവിക്കുമോ എന്തോ! എന്റെ കള്ളിയെല്ലാം പുറത്തായല്ലോ.”

“നിങ്ങളുടെ കള്ളത്തരം ആരുംപിടിച്ചിട്ടില്ല. അല്ലേ?”

“നിങ്ങൾ നാലുപേർ അല്ലാതെ ആർക്കും അറിയില്ല.” ഓസ് തലചൊറിഞ്ഞു. “എന്റെ വിചാരം ആരും എന്റെ സൂത്രം കണ്ടുപിടിക്കില്ലെന്നായിരുന്നു. നിങ്ങളെ കാണാമെന്ന് ഏറ്റതു തന്നെ അബദ്ധമായിപ്പോയെന്ന് തോന്നുന്നു. ഞാൻ ഒരു ഭയങ്കരനാണെന്നാണ് എന്റെ പ്രജകളുടെ വിചാരം.” ഓസ് ചെറിയ ശബ്ദത്തിൽ ചിരിച്ചു.

“പക്ഷേ ആ കഷണ്ടിത്തലയോ? അതെങ്ങനെ സാധിച്ചു?”

“ഓ അതൊരു സൂത്രമല്ലേ. വാ കാണിച്ചുതരാം.”

# 17. ഓസിന്റെ കഥ

ഓസ് ഒരു രഹസ്യവാതിലിലൂടെ അവരെ കൊണ്ടുപോയി. ഒരു ചെറിയ മുറിയിൽ ഒരു ഭീമൻ മുഖംമൂടിയിരിക്കുന്നു– കടലാസുകൊണ്ട് തീർത്തതാണ്.

"ഇതിനെ ഞാൻ മച്ചിൽ നിന്ന് ഒരു ചരടിൽ കെട്ടിത്തൂക്കിയിട്ടു. എന്നിട്ട് തിരശ്ശീലയ്ക്ക് പിന്നിൽ നിന്നുകൊണ്ട് കണ്ണടയ്ക്കാനും വാ തുറക്കാനുമൊക്കെ ചരടുവലിച്ചു."

"അപ്പോൾ ശബ്ദം വന്നതോ?" ഡോറത്തി ചോദിച്ചു.

"അതോ... എനിക്ക് എന്റെ ശബ്ദം കൊണ്ട് ചില വേലകളൊക്കെ കാട്ടാൻ അറിയാം. എനിക്കിഷ്ടം പോലെ എവിടെനിന്നു വേണമെങ്കിലും ശബ്ദം കേൾപ്പിക്കാൻ അറിയാം. അങ്ങനെയാണ് ഈ കടലാസു തല സംസാരിക്കുന്നതുപോലെ നിങ്ങൾക്കു തോന്നിയത്.

പിന്നീട് സുന്ദരിയായ സ്ത്രീയുടെ വേഷം കെട്ടാൻ ഉപയോഗിച്ച നീണ്ട വസ്ത്രവും പൊയ്മുഖവും അയാൾ എടുത്തു കാണിച്ചു. തകരമനുഷ്യൻ കണ്ട ഭീകരസത്വം തുകലുകൾകൊണ്ട് തുന്നിക്കൂട്ടിയെടുത്തതായിരുന്നു!! ഒരു വലിയ പഞ്ഞിക്കെട്ട് മച്ചിൽ നിന്ന് തൂക്കിയിട്ട് അതിൽ എണ്ണ കോരിയൊഴിച്ചു കത്തിച്ച് അഗ്നിഗോളം ഉണ്ടാക്കുന്ന രീതി അയാൾ വിശദീകരിച്ചു.

''എന്നാലും നിങ്ങൾ ഞങ്ങളെ ഇങ്ങനെ ചതിക്കണ്ടായിരുന്നു.'' വൈക്കോൽ മനുഷ്യൻ നിരാശയോടെ പറഞ്ഞു.

"ഞാനൊരു കള്ളനാണെന്നേ– ഞാനത് സമ്മതിച്ചില്ലേ?" വയസ്സൻ ദുഃഖത്തോടെ പറഞ്ഞു. "പക്ഷേ എനിക്ക് വേറെ വഴിയില്ലായിരുന്നു. നിങ്ങൾ എന്റെ വശംകൂടി സമാധാനമായിട്ടു കേൾക്കണം."

വയസ്സൻ സ്വന്തം കഥ പറഞ്ഞു:

"ഞാൻ ജനിച്ചത് ഒമാഹയിലാണ്......"

"ഒമാഹയോ!' ഡോറത്തി അറിയാതെ നിലവിളിച്ചുപോയി.

"അത് കാൻസാസിന്റെ അടുത്താണല്ലോ?"

"അതെ! പക്ഷേ, ഇവിടുന്ന എത്ര ദൂരെയാണെന്നോ?" അയാൾ നെടു വീർപ്പിട്ടു.

'ഞാൻ ഒരു സർക്കസ് കമ്പനിയിൽ ജോലി നോക്കിയതാണ്. എനിക്ക് ഏത് പക്ഷിയുടെ ശബ്ദം വേണമെങ്കിലും അനുകരിക്കാൻ അറിയാം. അയാൾ കുയിലിന്റെ പാട്ട് അനുകരിച്ച് കാണിച്ചു.

"അതുകഴിഞ്ഞ് ഞാൻ ഒരു ബലൂൺ സവാരിക്കാരനായി."

"അതെന്ത് വിദ്യയാണ്?" ഡോറത്തി ചോദിച്ചു.

"സർക്കസ് തുടങ്ങുംമുമ്പേ ആളുകളെ ആകർഷിക്കാൻ വേണ്ടി വലിയ ഒരു ബലൂണിൽ കയറി ഞാൻ മുകളിലേയ്ക്ക് പറക്കും. എന്നിട്ട് നോട്ടീസ് താഴേക്ക് വിതറും." അയാൾ വിശദീകരിച്ചു.

"ആങ്ങനെ ഒരു ദിവസം നോട്ടീസ് വിതരണം ചെയ്യാനായി ഞാൻ ബലൂണിൽ കയറിയതാണ്. നിർഭാഗ്യവശാൽ ബലൂണിന്റെ കയറുകൾ തമ്മിൽ കൂടിക്കുഴഞ്ഞുപോയതുകൊണ്ട് എനിക്ക് തിരിച്ച് ഭൂമിയിലിറങ്ങാൻ സാധി



ച്ചില്ല. കാറ്റിന്റെ ഗതിയനുസരിച്ച് ഞാൻ ബലൂൺ പറപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, അത് സാധിച്ചില്ല. എത്രദൂരം അങ്ങനെ സഞ്ചരിച്ചുവെന്ന് എനിക്കു തന്നെ അറിയില്ല. ഞാൻ ഉറങ്ങിപ്പോയി. ഒടുവിൽ കണ്ണുതുറന്ന് നോക്കിയപ്പോൾ ഞാൻ അതിസുന്ദരമായ ഒരു സ്ഥലത്താണ് വന്നിറങ്ങിയതെന്ന് മനസ്സിലായി.

എന്റെ ബലൂൺ ആകാശത്തു നിന്നിറങ്ങിവരുന്നത് ഇവിടുത്തെ നാട്ടുകാർ കണ്ടിരുന്നു. ഞാനേതോ മന്ത്രവാദിയാണെന്നാണ് അവർ കരുതിയത്. ഞാൻ മറിച്ചൊന്നും പറഞ്ഞില്ല. സത്യത്തിൽ എനിക്ക് അവരെ പേടിയായിരുന്നു. അവർ എന്നെ സേവിച്ചുകൊള്ളാമെന്ന് പറഞ്ഞപ്പോൾ ഞാൻ ഒന്നും പറഞ്ഞില്ല.

"അങ്ങനെ വെറുതെ ഒരു രസത്തിനാണ് ഞാൻ ഇവരോട് എനിക്കു വേണ്ടി പുതിയ ഒരു നഗരം പണിതുതരാൻ ആവശ്യപ്പെട്ടത്. അതു നടക്കുമെന്ന് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. എന്നാലും ഞാൻ സ്വപ്നം കണ്ടതിലുമൊക്കെ സുന്ദരമായ ഒരു നഗരമാണ് അവർ തീർത്തത്. ചുറ്റുമുള്ള പ്രദേശത്തിന്റെ ഹരിതഭംഗി കണ്ടപ്പോൾ അതിന് 'മരതകനഗരം' എന്ന് പേരിടാമെന്ന് ഞാൻ ഉറച്ചു. അവിടുത്തെ നിവാസികളെല്ലാം ഓരോ പച്ചക്കണ്ണട സദാസമയവും ധരിച്ചുകൊള്ളണമെന്ന് ഞാൻ ഉത്തരവിട്ടു."

"അപ്പോൾ... മരതക നഗരത്തിലെ എല്ലാ വസ്തുക്കൾക്കും യഥാർഥത്തിൽ എന്താണ് നിറം? ഡോറത്തി ഇടയ്ക്കു കയറി ചോദിച്ചു.

"വെറും വെള്ള. പച്ച കണ്ണട ഇടുന്നതുകൊണ്ട് അത് പച്ച എന്ന് തോന്നുന്നു. അത്ര തന്നെ. ഞാൻ അവരുടെ ഭരണകാര്യങ്ങളിലും മറ്റുമൊന്നും അനാവശ്യമായി ഇടപെടാറില്ല. അവർക്കും എന്നോട് വലിയ ബഹുമാനമാണ്. അതുകൊണ്ട് നഗരവാസികളുമായി അടുത്തിടപഴകാറില്ലെങ്കിലും അവരുമായി ഞാൻ സ്നേഹത്തിൽ തന്നെയാണ്.

"പക്ഷേ, സത്യം പറയട്ടെ. മന്ത്രവാദിനികളെക്കുറിച്ചുള്ള പേടി കാരണം ഞാൻ ഒറ്റ രാത്രിപോലും സ്വസ്ഥമായി ഉറങ്ങിയിട്ടില്ല. ഓസിന്റെ പൊള്ളത്തരം എങ്ങാനും പുറത്തറിഞ്ഞാൽ എന്റെ ജനങ്ങൾ വല്ലാതെ വിഷമിക്കുമെന്ന് എനിക്കറിയാമായിരുന്നു. മന്ത്രവാദിനികൾക്ക് അതറിയില്ലായിരുന്നത് എന്റെ ഭാഗ്യം!! പൗരസ്ത്യദേശത്തെ പരമദുഷ്ടയായ മന്ത്രവാദിനിത്തള്ള ചത്തു എന്നുകേട്ടപ്പോഴാണ് ഞാൻ ആദ്യമായിട്ട് സുഖമായി രാത്രിയുറങ്ങിയത്. പാശ്ചാത്യ ദേശത്തുള്ളവളേയും കൂടി നിങ്ങൾ നശിപ്പിച്ചുവെന്ന് അറിഞ്ഞപ്പോൾ എനിക്ക് വല്ലാത്ത ലജ്ജ തോന്നി. നിങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നത് അസാധ്യമാണെന്ന് പറയാൻ എനിക്ക് വിഷമം തോന്നുന്നു."

ഡോറത്തി ദേഷ്യം കടിച്ചമർത്താൻ നന്നേ വിഷമിച്ചു. "നിങ്ങൾ ഒരു ദുഷ്ട

നാണ്!!"

"അല്ല കുട്ടി! സത്യത്തിൽ ഞാൻ നല്ല മനുഷ്യനാണ്. ഒട്ടും നല്ല മന്ത്രവാദിയല്ല. അത്രയേ ഉള്ളൂ."

"എന്റെ തലച്ചോറിന്റെ കാര്യം...." വൈക്കോൽ മനുഷന്യന് കരച്ചിൽ വന്നു.

"എനിക്കു പറ്റില്ല. ഞാൻ സമ്മതിച്ചല്ലോ."

"അങ്ങനെ പറഞ്ഞാൽ പറ്റില്ല. എനിക്ക് തലച്ചോറ് കിട്ടിയേ പറ്റൂ!"

വയസ്സൻ ദീർഘമായി വിശ്വസിച്ചു.

"ശരി. നീ നാളെ രാവിലെ വരൂ. ഞാൻ നോക്കാം. പക്ഷേ, ഒരു കാര്യം നിന്നോട് പറയാം. ഒരു സുപ്രഭാതത്തിൽ നിനക്ക് ബുദ്ധി തെളിയുമെന്ന് കരുതരുത്. ലോകത്ത് എല്ലാ മനുഷ്യരും തലച്ചോറോടുകൂടിയാണ് ജനിക്കുന്നത്. പക്ഷേ പിറന്നു വീണ ചോരക്കുഞ്ഞിന് സ്വന്തം കാര്യം നോക്കാൻ അറിയില്ലല്ലോ! ലോകത്ത് എല്ലാവരും അനുഭവത്തിലൂടെ മാത്രമേ ബുദ്ധിമാന്മാരും ബുദ്ധിമതികളുമായി മാറൂ. എന്നും, ഓരോ നിമിഷവും. നാം ഓരോ പുതിയ കാര്യം പഠിക്കുന്നുണ്ട്. കണ്ണും കാതും തുറന്ന് നടക്കണമെന്ന് മാത്രം."

വൈക്കോൽ മനുഷ്യൻ പ്രസംഗം കേൾക്കാനുള്ള മട്ടിലല്ലായിരുന്നു.

"എന്തായാലും എനിക്കൽപം തലച്ചോറ് തരുമല്ലോ. ഞാൻ നാളെ വരും."

ഇതു കേട്ടപ്പോൾ സിംഹത്തിന് ആകാംക്ഷയായി.

"എന്റെ ധൈര്യത്തിന്റെ കാര്യം മറക്കില്ലല്ലോ?"

നീയും നാളെ വരൂ! പക്ഷേ, എനിക്ക് നിന്നോടും ചിലത് പറയാനുണ്ട്. നിനക്ക് ഇപ്പോൾത്തന്നെ ധാരാളം ധൈര്യമുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. ലോകത്ത് ഏതൊരു ജീവിക്കും ആപത്തിന്റെ സമയത്ത് പ്രാണഭയമുണ്ടാകും. സംശയമില്ല. ഭയപ്പെട്ടാലും ആപത്തിനെ കൂസലില്ലാതെ നേരിടാനുള്ള കഴിവാണ് യഥാർഥ ധൈര്യം. അത് നിനക്ക് ഇഷ്ടംപോലെ ഉണ്ടല്ലോ."

"ഇത് നല്ല ഉപദേശമാണ്." സിംഹം സമ്മതിച്ചു. "പക്ഷേ, നാളെ എനിക്കൽപം ധൈര്യം കിട്ടിയേ പറ്റൂ."

"എന്റെ ഹൃദയം എന്നാണ് ശരിയാവുക?" തകരമനുഷ്യൻ ചോദിച്ചു.

"ഹൃദയമോ? കുഞ്ഞേ ഇന്നത്തെ ലോകത്തിൽ ഹൃദയം കൊണ്ട് എന്തു പ്രയോജനം? അതു നിന്നെ കൂടുതൽ ദുഃഖിതനാക്കുകയേയുള്ളൂ."

"എന്നാലും എനിക്കത് കിട്ടിയേ പറ്റൂ!" തകരമനുഷ്യൻ തറപ്പിച്ചു പറഞ്ഞു.

"ശരി. നിന്റെ ഇഷ്ടം പോലെ. നാളെ കാണാം." വയസ്സൻ പറഞ്ഞു.

"ഇനി എന്നെ കാൻസാസിൽ എത്തിക്കുന്ന കാര്യം കൂടി! ഡോറത്തി

അക്ഷമയോടെ പറഞ്ഞു.

“അതാണ് ഇതിലൊക്കെ വിഷമം പിടിച്ച പണി. ആട്ടെ! എനിക്ക് ആലോചിക്കാൻ അൽപം സമയം തരണം. അതുവരെ നിങ്ങൾ ഇവിടെ താമസിച്ചുകൊള്ളൂ. ഇതിനൊക്കെ പകരമായി നിങ്ങൾ എനിക്ക് ഒരു കാര്യം ചെയ്തു തരണം– ഇവിടെ നടന്നത് രഹസ്യമായി സൂക്ഷിക്കണം.”

അവർ ഓസിന് ഒരു അവസരം കൂടി നൽകാമെന്ന് തീരുമാനിച്ചു. എല്ലാവരും സ്വന്തം മുറികളിലേക്ക് മടങ്ങി.

# 18. ബലൂൺ യാത്ര

പിറ്റേന്ന് കാലത്തുതന്നെ വൈക്കോൽ മനുഷ്യൻ ഓസിനെ കാണാൻ പുറപ്പെട്ടു. അയാൾ പതിവിലേറെ ഉന്മേഷവാനായിരുന്നു.

“നിങ്ങൾ ഒരു മണ്ടനാണെന്നൊന്നും എനിക്ക് ഒരിക്കലും തോന്നിയിരുന്നില്ല.” ഡോറത്തി പറഞ്ഞു.

“ഒരു നോക്കുകുത്തിയെപ്പറ്റി ഇത്രനല്ല അഭിപ്രായം പറഞ്ഞ നിങ്ങൾക്ക് നന്ദി.” വൈക്കോൽ മനുഷ്യൻ സന്തോഷവാനായി പറഞ്ഞു. “ഇനിമുതൽ ഞാനൊരു ബുദ്ധിജീവിയായിരിക്കും.”

“അകത്തേയ്ക്കുവരൂ” ഓസ് പറഞ്ഞു

വൈക്കോൽ മനുഷ്യൻ പറഞ്ഞു: “ഞാൻ തലച്ചോറിന് വന്നതാണ്.”

“ശരി ഇരിക്കൂ” ചിന്തയിൽ നിന്ന് ഉണർന്നുകൊണ്ട് ഓസ് പറഞ്ഞു.

“ഞാൻ നിങ്ങളുടെ തല ഇളക്കിയെടുക്കുന്നതിൽ വിരോധമില്ലല്ലോ? അതിൽ തലച്ചോറ് നിറയ്ക്കാനാണ്.

“ഏയ് സന്തോഷം! സന്തോഷം!” വൈക്കോൽ മനുഷ്യൻ ആഹ്ലാദത്തോടെ പറഞ്ഞു.

ആദ്യം ഓസ് വൈക്കോൽ മനുഷ്യന്റെ തലയിലുള്ള കച്ചി മുഴുവൻ പുറത്തെടുത്ത് കളഞ്ഞു. എന്നിട്ട് അകത്തുപോയി ഒരു വെള്ളിത്തളികയിൽ നല്ല തുമ്പപ്പൂപോലെ വെളുത്ത ചോറുകൊണ്ടുവന്നു. “ഇതാ ചോറ്. തലയിൽ നിറയ്ക്കുമ്പോൾ ഇത് തലച്ചോറാകും'' അയാൾ പറഞ്ഞു. വൈക്കോൽ മനുഷ്യന്റെ തലയിൽ അയാൾ അത് കുത്തിനിറച്ചു. ഒടുവിൽ ഒരുപിടി മൊട്ടുസൂചി കൂടി വാരിയിട്ട ശേഷം തല പഴയ സ്ഥാനത്തുവച്ച് തുന്നിപ്പിടിപ്പിച്ചു. “ഇനി മുതൽ താങ്കൾ ഒരു വലിയ ബുദ്ധിജീവിയാണ്.” ഓസ് സംതൃപ്തിയോടെ പറഞ്ഞു. വൈക്കോൽ മനുഷ്യൻ അയാളെ കെട്ടി

പ്പിടിച്ച് നന്ദി പറഞ്ഞു.

“എങ്ങനെയുണ്ട്?” വൈക്കോൽ മനുഷ്യനോട് ഡോറത്തി ചോദിച്ചു.

“ഞാനൊരു ബുദ്ധിമാനായെന്ന് തോന്നുന്നു!!” അയാൾ തുള്ളിച്ചാടി.

“നിങ്ങളുടെ തലയിൽ മൊട്ടുസൂചികൂടി ഇട്ടത് എന്തിനായിരിക്കും?”

തകരമനുഷ്യന് സംശയം.

“അയാളുടേത് കൂർമബുദ്ധിയാണെന്ന് കാണിക്കാനായിരിക്കും.” സിംഹം അഭിപ്രായപ്പെട്ടു.

രണ്ടാമത് പോയത് തകരമനുഷ്യനാണ്.

“നിങ്ങളുടെ നെഞ്ചിൽ നിന്ന് ഒരു തകരകഷണം മുറിച്ച് മാറ്റട്ടെ? ഓസ് ചോദിച്ചു.

തകരമനുഷ്യൻ സന്തോഷപൂർവം സമ്മതിച്ചു.

ഓസ് അയാളുടെ നെഞ്ചിൽ നിന്ന് ഒരു കഷണം തകരം മുറിച്ചെടുത്തു. എന്നിട്ട് തന്റെ മേശവലിപ്പിൽ നിന്ന് കടലാസും പട്ടുതുണിയും കൊണ്ട് നിർമിച്ച അതിസുന്ദരമായ ഒരു ഹൃദയം പുറത്തെടുത്തു. അതിനെ തകരമനുഷ്യന്റെ നെഞ്ചിനുള്ളിൽ ഘടിപ്പിച്ച ശേഷം തകരക്കഷണം കൊണ്ട് അവിടം അടച്ചു. തകരമനുഷ്യന് സന്തോഷം വിവരിക്കാൻ വാക്കുകളില്ലായിരുന്നു.

“നല്ല സ്നേഹമുള്ള ഹൃദയമാണല്ലോ, അല്ലേ?’ അയാൾ ചോദിച്ചു.

“പിന്നല്ലാതെ! ഓസ് പറഞ്ഞു: ഇത്രയും ദയയും സ്നേഹവുമുള്ള ഹൃദയം ലോകത്ത് കാണില്ല.”

“തകരമനുഷ്യൻ ആഹ്ലാദം കൊണ്ട് മതിമറന്ന അവസ്ഥയിൽ സുഹൃത്തുക്കളുടെ അടുക്കലേക്ക് മടങ്ങി. ഒടുവിൽ സിംഹത്തിന്റെ ഊഴം വന്നു. ഓസ് അവന് കുടിക്കാനായി ഒരു പ്രത്യേകതരം പായസം തയ്യാറാക്കിയിരുന്നു.

“ഇതാണ് ധൈര്യപ്പായസം” ഓസ് പറഞ്ഞു. “നിനക്കറിയാമല്ലോ, ധൈര്യം എപ്പോഴും ഒരാളുടെ മനസ്സിലായിരിക്കുമെന്ന്? ഈ പായസം കുടിച്ചാൽ അത് നിന്റെ ഉള്ളിലെത്തും. പിന്നെ എക്കാലവും നിന്റെ ഉള്ളിൽ ധൈര്യം ഉണ്ടാവും. മനസ്സിലായോ?”

സിംഹം പിന്നെ മുമ്പും പിമ്പും നോക്കിയില്ല. ഒറ്റവലിക്ക് പായസം അകത്താക്കി.

“എന്തു തോന്നുന്നു?” ഓസ് ചോദിച്ചു.

“എനിക്കിപ്പോൾ നല്ല ധൈര്യം തോന്നുന്നു.” സിംഹം ഈ വാർത്ത തന്റെ സുഹൃത്തുക്കളെ അറിയിക്കാൻ ഓടിപ്പോയി.

തനിച്ചായപ്പോൾ ഓസ് മന്ദഹസിച്ചു. എത്ര സാധുക്കളാണിവർ! എത്ര എളുപ്പത്തിൽ അവരെ തൃപ്തിപ്പെടുത്താൻ തനിക്ക് കഴിഞ്ഞു! ഞാനെന്തു

ചെയ്യും?" അയാൾ സ്വയം പറഞ്ഞു. "എന്നെക്കൊണ്ട് സാധിക്കാത്ത കാര്യങ്ങൾ ഞാൻ ചെയ്തേ പറ്റൂ എന്ന് എല്ലാവർക്കും നിർബന്ധമാണ്! പക്ഷേ, ഡോറത്തിയുടെ ആഗ്രഹം സാധിക്കാൻ ഇതൊന്നും പോര!"

മൂന്നു ദിവസത്തേക്ക് ഓസിന്റെ യാതൊരു വിവരവും ഇല്ലായിരുന്നു. ഡോറത്തിയ്ക്ക് തന്റെ സുഹൃത്തുക്കളുടെ ആഹ്ലാദത്തിൽ പങ്കുചേരാൻ കഴിഞ്ഞില്ല. വൈക്കോൽ മനുഷ്യൻ തന്റെ പുതിയ തലച്ചോറിന്റെ മാഹാത്മ്യം പ്രസംഗിച്ചു നടക്കുകയായിരുന്നു. തകരമനുഷ്യനാകട്ടെ തന്റെ പുതിയ ഹൃദയത്തിന്റെ കഥകൾ പറയാനേ നേരമുള്ളൂ! ഇനി കാളിഠന്മാരല്ല, സാക്ഷാൽ ഭസ്മാസുരനെത്തന്നെ തവിടുപൊടിയാക്കാനുള്ള ധൈര്യം തനിക്കുണ്ടെന്ന് സിംഹം പ്രസ്താവിച്ചു. ഇതിനിടയിൽ പാവം ഡോറത്തി ഒറ്റപ്പെട്ടുപോയി. അവൾ കാൻസാസിലേക്ക് മടങ്ങിപ്പോകുന്ന ദിവസവും സ്വപ്നം കണ്ട് കഴിഞ്ഞു. നാലാമത്തെ ദിവസം അവൾക്ക് ഓസിന്റെ മുമ്പിൽ ഹാജരാകാനുള്ള അനുവാദം കിട്ടി. അവൾ പിറ്റേന്ന് അതിരാവിലെതന്നെ സിംഹാസനത്തിനു മുമ്പിൽ എത്തി. ഇത്തവണ ഓസ് ഒരു വേലകളും കാട്ടിയില്ല. "നിന്നെ ഈ നാട്ടിൽ നിന്ന് കയറ്റിവിടാൻ ഞാൻ ഒരു വഴി ആലോചിച്ചു വച്ചിട്ടുണ്ട്."

"കാൻസാസിലേക്ക് എന്നെ മടക്കിയയക്കാൻ കഴിയുമോ? ഡോറത്തി ചോദിച്ചു.

"കാൻസാസ് ഏതു ദിക്കിലാണെന്ന് എനിക്ക് യാതൊരു പിടിയുമില്ല. എന്തായാലും ആദ്യത്തെ പടി മരുഭൂമി കടക്കുകയാണ്. അതു കഴിഞ്ഞാൽ എങ്ങനെയെങ്കിലും വീട്ടിലെത്താം."

"ഞാനെങ്ങനെ മരുഭൂമി കടക്കും?" ഡോറത്തി ആകെ കുഴങ്ങി.

"ഞാനെന്റെ ആശയം പറയാം. നമ്മൾ രണ്ടാളും ഈ നാട്ടിലെത്തിയത്. വായു മാർഗമാണ്. മരുഭൂമി കടക്കാനുള്ള ഏക മാർഗം അതാണെന്ന് തോന്നുന്നു. അതുകൊണ്ട് നമുക്ക് ഒരു വലിയ ബലൂൺ ഉണ്ടാക്കിയെടുക്കണം. അതെങ്ങനെ വേണമെന്ന് എനിക്കറിയാം."

"ഒരു ബലൂൺ ഉണ്ടാക്കാൻ നമുക്ക് കുറെ പട്ടുതുണി വേണ്ടിവരും. അതുകൊണ്ട് ഒരു ഭീമൻ ബലൂൺ ആദ്യം തന്നെ തുന്നിയെടുക്കണം. എന്നിട്ട് അതിന്റെ പുറത്ത് പശതേച്ച് തുണിയ്ക്ക് ബലം വരുത്തണം. അതിനു ശേഷം അതിൽ വാതകം നിറച്ച് വായ കെട്ടണം. ഒരു ചെറിയ കുഴപ്പമുണ്ട്. ഈ രാജ്യത്തെങ്ങും ബലൂൺ പറപ്പിക്കാൻ വേണ്ട വാതകം കിട്ടാനില്ല."

"അപ്പോൾ അതുകൊണ്ടും ഫലമില്ലെന്നർഥം!" ഡോറത്തി നിരാശയോടെ പറഞ്ഞു: "ഇവിടെ വാതകം കിട്ടാനില്ലല്ലോ?"

"ശരി തന്നെ. ഓസ് പറഞ്ഞു. പക്ഷേ മറ്റൊരു വഴികൂടിയുണ്ട്. വാതകത്തിനു പകരം നമുക്ക് അതിൽ ചൂടുവായു നിറയ്ക്കാം. ചൂടുവായു നിറയ്ക്കുമ്പോൾ ബലൂൺ പൊങ്ങിപ്പറക്കും. എന്നാൽ മരുഭൂമിയിലെങ്ങാനും

മഞ്ഞും തണുപ്പും വന്നാൽ നമ്മുടെ കാര്യം പിന്നെ നോക്കേണ്ട! മരുഭൂമിയിൽ കിടന്ന് ചാകാനെ കഴിയൂ."

"നമ്മളോ!" ഡോറത്തി അതിശയത്തോടെ പറഞ്ഞു."


"അപ്പോൾ..... നിങ്ങളും വരുന്നുണ്ടോ?"

"ഓ... എനിക്കും ഈ കള്ളക്കളിയൊക്കെ മടുത്തു! ഞാൻ ഈ കൊട്ടാരം വിട്ട് പുറത്തിറങ്ങിയാൽ എന്റെ പൊള്ളത്തരം ജനങ്ങൾ അറിയും. അവർ എനിക്ക് കഠിനമായ ശിക്ഷ തരികയും ചെയ്യും. ഇതിന്റെയകത്ത് അടച്ചുപൂട്ടിയിരുന്ന് ഇത്രയും കാലം കഴിച്ചു. ഇനി വയ്യ! ഞാനും നിന്റൊപ്പം നാട്ടിലേക്കു മടങ്ങുന്നുണ്ട്. എത്ര നാളായി കഞ്ഞിയും ചക്ക എരിശ്ശേരിയും മാങ്ങാക്കറിയുമൊക്കെ കൂട്ടി ഉണ്ടിട്ട്!!"

"നിങ്ങളെ കൂടെ കൂട്ടാൻ എനിക്ക് സന്തോഷമേ ഉള്ളൂ." ഡോറത്തി പറഞ്ഞു.

"ശരി, എന്നാൽ നമുക്ക് ജോലി തുടങ്ങാം. ഞാൻ ഈ പട്ടുതുണിയെ നീണ്ട കഷണങ്ങളായി മുറിച്ചെടുക്കാം. നീ ഇവയെ ഗോളാകൃതിയിൽ തുന്നിയെടുക്കണം."

മൂന്നു ദിവസം അവർ കഠിനമായി അധ്വാനിച്ചു. മൂന്നാം ദിവസം കഴി



ഞ്ഞപ്പോൾ ഇരുപതടിയോളം നീളം വരുന്ന ഒരു കൂറ്റൻ ബലൂൺ അവർ തുന്നിയെടുത്തു കഴിഞ്ഞു.

അതിനുശേഷം ഓസ് അതിന്റെ പുറത്തുമുഴുവൻ പശതേച്ചു പിടിപ്പിച്ചു. വായു പുറത്തുപോകാതിരിക്കാനായിരുന്നു അത്.

“ഇനി നമുക്ക് സവാരി ചെയ്യാൻ ഒരു വലിയ കുട്ടകൂടി ശരിയാക്കണം.” അയാൾ പച്ചമീശക്കാരൻ പട്ടാളക്കാരനെ വിളിപ്പിച്ചു. ഒരു വലിയ തുണിക്കൂട കൊണ്ടുവരാൻ പറഞ്ഞു. എന്നിട്ട് നല്ല ബലമുള്ള വടംകൊണ്ട് അതിനെ ബലൂണിനോട് ചേർത്തു കെട്ടി.

എല്ലാം തയ്യാറായി കഴിഞ്ഞപ്പോൾ തന്റെ നാട്ടിലുള്ള എല്ലാവരെയും വിളിച്ചുകൂട്ടിക്കൊണ്ട് ആകാശത്ത് ജീവിക്കുന്ന തന്റെ ജ്യേഷ്ഠസഹോദരന്റെ കൂടെ താൻ കുറച്ചുനാൾ കഴിയാൻ പോകുകയാണെന്ന് പ്രസ്താവിച്ചു. ആ മഹത്തായ സംഭവം കാണാനായി ആയിരക്കണക്കിനു ജനങ്ങൾ മരതകനഗരത്തിൽ തടിച്ചുകൂടി.

അങ്ങനെ നല്ല തെളിഞ്ഞ ആകാശമുള്ള ഒരു ദിവസം ഓസ് ബലൂണിനെ കൊട്ടാരത്തിന്റെ മുറ്റത്തേക്ക് ചുമന്നുകൊണ്ടുപോകാൻ തന്റെ പരിചാരകരോട് ആജ്ഞാപിച്ചു. തകരമനുഷ്യൻ കുറെ വിറകുവെട്ടി വലിയൊരു തീ കൂട്ടി. തീയിൽ നിന്നുയർന്ന ചൂടുവായു ബലൂണിൽ നിറഞ്ഞുകൊണ്ടേയിരുന്നു. നല്ലതുപോലെ നിറഞ്ഞ് ഗോളാകൃതിയായപ്പോൾ ഓസ് അതിന്റെ വായ് മൂടിക്കെട്ടി. എന്നിട്ട് കുട്ടയിലേക്ക് ചാടിക്കയറി. ഈ സമയമായപ്പോഴേക്കും ബലൂൺ മുകളിലേക്ക് ഉയരാൻ തുടങ്ങിയിരുന്നു. അതിനെ ഭൂമിയുമായി ബന്ധപ്പെടുത്തിയ വടം വലിയാൻ തുടങ്ങി.

“വേഗം വരൂ! ഡോറത്തി! വേഗം! വേഗം! ഓസ് വിളിച്ചുപറഞ്ഞു.

“ഒരു മിനിട്ട്! ഞാൻ ടോട്ടോയെ ഒന്നെടുത്തോട്ടെ! ഡോറത്തി ടോട്ടോയെ നോക്കാൻ ഓടി. പക്ഷേ, അവൻ അവിടെങ്ങുമില്ലായിരുന്നു.

“വരൂ ഡോറത്തി! വേഗമാകട്ടെ! ഓസ് വീണ്ടും വിളിച്ചു.

ഡോറത്തി ചുറ്റും കൂടിനിന്ന ജനക്കൂട്ടത്തെ തള്ളിമാറ്റി ടോട്ടോയുടെ പിന്നാലെ ഓടി. അവൻ ഒരു പൂച്ചക്കുട്ടിയുടെ പുറകെ കുരച്ചുകൊണ്ട് ഓടുകയായിരുന്നു. അവനെ ഒരുവിധം പിടികൂടിക്കൊണ്ട് ഡോറത്തി ബലൂണിന്റെ അടുക്കലേയ്ക്ക് തിരിച്ചോടി. പക്ഷേ, രണ്ടുമൂന്നടി ഓടിയപ്പോൾ നിർഭാഗ്യവശാൽ ബലൂണിന്റെ വടം പൊട്ടി. ഠേ! ബലൂൺ മുകളിലേക്ക് അതിവേഗം ഉയരുവാൻ തുടങ്ങി.

“ഡോറത്തി! ഓടിവരൂ! പെട്ടെന്ന്! പെട്ടെന്ന്!” ഓസ് കൈ പുറത്തേക്കിട്ടു. പക്ഷേ, അവളെ പിടിച്ചകത്തേക്കു കയറ്റാൻ അയാൾക്കു സാധിച്ചില്ല.

“തിരിച്ചുവരൂ! തിരിച്ചുവരൂ!” ഡോറത്തി നിലവിളിച്ചു. “അയ്യോ ഇനിയെന്തു ചെയ്യും!”

“എനിക്കത് സാധിക്കില്ല” ഓസ് അപ്പോഴേയ്ക്കും വളരെ മുകളിലെത്തിക്കഴിഞ്ഞു. “ഞാൻ പോകട്ടെ!” അയാൾ വിളിച്ചുപറഞ്ഞു.

“പോയി വരൂ! താഴെനിന്ന് ജനക്കൂട്ടം ഒറ്റശബ്ദത്തിൽ വിളിച്ചു പറഞ്ഞു. ഓസിന്റെ ബലൂൺ കാറ്റിന്റെ ഗതിയനുസരിച്ച് അതിവേഗം നീങ്ങിക്കൊണ്ടേയിരുന്നു.

മരതകനഗരവാസികൾ തങ്ങളുടെ പ്രിയങ്കരനായ മായാവിയെ പിന്നെ കണ്ടിട്ടേയില്ല. പക്ഷേ, അദ്ദേഹം ആപത്തൊന്നും കൂടാതെ ഒമാഹായിലെത്തിയെന്ന് ഡോറത്തി പിന്നീടറിഞ്ഞു. എന്തായാലും മരതകനഗരവാസികളെ സംബന്ധിച്ചിടത്തോളം ഓസിന്റെ വേർപാട് വളരെയധികം ദുഃഖജനകമായിരുന്നു. ഓസിന്റെ നിർദേശമനുസരിച്ച് അവർ വൈക്കോൽ മനുഷ്യനെ തങ്ങളുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കാൻ തീരുമാനിച്ചു.

എന്നാൽ നല്ലവനായ ഓസിന്റെ ഓർമ അവർ വരുംകാല തലമുറകൾക്കായി കാത്തുസൂക്ഷിച്ചു. ഇപ്പോഴും ആ നാട്ടിലെ കുഞ്ഞുങ്ങൾ മറ്റുള്ളവരെ വേദനിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്താൽ നിന്നെ ഓസിന്റെയടുത്തേക്ക് പറഞ്ഞുവിടുമെന്ന് അമ്മമാർ ശാസിക്കാറുണ്ട്.

# 19. ദക്ഷിണദേശത്തേക്കുള്ള യാത്ര

കാൻസാസിലേക്ക് ഇനി മടങ്ങിപോകാൻ കഴിയില്ലെന്ന് ബോധ്യമായി ക്കഴിഞ്ഞപ്പോൾ ഡോറത്തി വളരെ നേരം കിടന്നു കരഞ്ഞു. പക്ഷേ, തന്റെ സുഹൃത്തുക്കളെ പിരിയാനും അവൾക്ക് മനസ്സില്ലായിരുന്നു. പിന്നീട് ബലൂൺ യാത്രയുടെ അപകടത്തെക്കുറിച്ചോർത്തപ്പോൾ പോകാത്തത് നന്നായെന്ന് അവൾക്കുതോന്നി. എല്ലാവർക്കും ഓസിന്റെ വേർപാടിൽ ദുഃഖം തോന്നി.

തകരമനുഷ്യൻ പറഞ്ഞു: എനിക്കിത്ര സുന്ദരമായ ഒരു ഹൃദയം തന്ന യാളിനുവേണ്ടി അല്പമെങ്കിലും കരയണമെന്ന് മോഹമുണ്ട്. നീയെന്റെ കണ്ണുനീർ തുടച്ചുകളയുമോ?"

"തീർച്ചയായും!" ഡോറത്തി പറഞ്ഞു. എന്നിട്ട് വളരെ സൂക്ഷ്മതയോടെ അവൾ തകരമനുഷ്യന്റെ കണ്ണുനീർ ഒപ്പിയെടുത്തു. അതിനുശേഷം അയാ ളുടെ സന്ധികൾ തുരുമ്പെടുക്കാതിരിക്കാൻ വേണ്ടി അവൾ എണ്ണയൊഴിച്ച് തുടച്ചുകൊടുത്തു.

വൈക്കോൽ മനുഷ്യൻ മരതകനഗരത്തിന്റെ പ്രസിഡന്റായി. വലിയ മന്ത്ര വാദിയല്ലെങ്കിലും മരതകനഗരക്കാർക്ക് തങ്ങളുടെ പുതിയ പ്രസിഡന്റിനെ ഇഷ്ടമായി. "ഇനി എന്തൊക്കെപ്പറഞ്ഞാലും ശരി ലോകത്തെ മറ്റൊരു നഗ രത്തിലും ഒരു വൈക്കോൽ മനുഷ്യൻ പ്രസിഡന്റായിട്ടില്ലല്ലോ?" അവർ അഭി മാനത്തോടെ പറഞ്ഞു. കണ്ടിടത്തോളം അവരുടെ അഭിപ്രായം ശരിയാണു താനും!

ഓസ് യാത്ര തിരിച്ചതിന്റെ പിറ്റേന്ന് നമ്മുടെ നാലു സുഹൃത്തുക്കളും ഭാവി പരിപാടികൾ ചർച്ച ചെയ്യാനായി ഒത്തുകൂടി. പാവം ഡോറത്തി! അവ ളൊഴിച്ച് ബാക്കിയെല്ലാവരും വളരെ സംതൃപ്തരായിരുന്നു.

"ഡോറത്തി കൂടി മരതകനഗരത്തിൽ തന്നെ താമസിക്കാമെന്നേറ്റാൽ അവ

രുടെ സന്തോഷം പരിപൂർണമായി." വൈക്കോൽ മനുഷ്യൻ പറഞ്ഞു

"അയ്യയ്യോ! എനിക്ക് കാൻസാസിൽ എമ്മാ അമ്മായിയുടെ അടുക്കലേക്ക് പോകണം." ഡോറത്തി നിർബന്ധം പിടിച്ചു. എത്ര പറഞ്ഞിട്ടും അവൾ ഈ തീരുമാനം മാറ്റാൻ തയ്യാറായില്ല.

"എന്നാൽ ശരി നമുക്ക് ഇക്കാര്യത്തിൽ എന്തു ചെയ്യാം?" സിംഹം ചോദിച്ചു.

വൈക്കോൽ മനുഷ്യൻ തന്റെ കൂർമബുദ്ധിയുപയോഗിച്ച് ചിന്തിക്കാൻ തുടങ്ങി. ഒടുവിൽ അയാൾ പറഞ്ഞു: ചിറകുള്ള കുരങ്ങന്മാരെ വിളിച്ചാലോ?

ഡോറത്തിയും ആ ആശയത്തോട് യോജിച്ചു. അവൾ മാന്ത്രിക കിരീടം പുറത്തെടുത്ത് ജപിച്ചു. ഉടനടി ചിറകടിയൊച്ച കേൾക്കുകയും ചിറകുള്ള കുരങ്ങന്മാരുടെ നേതാവ് ഹാജരാവുകയും ചെയ്തു. "നിങ്ങൾ രണ്ടാമത്തെ തവണയും ഞങ്ങളെ വിളിച്ചിരിക്കുന്നു." അയാൾ ഡോറത്തിയെ വണങ്ങിക്കൊണ്ട് പറഞ്ഞു. "എന്താണ് വേണ്ടത്?"

"നിങ്ങൾ എന്നെ കാൻസാസിൽ എത്തിച്ചുതരണം." ഡോറത്തി പറഞ്ഞു.

നേതാവ് നിഷേധഭാവത്തിൽ തലയാട്ടി.

"അത് ഞങ്ങളെക്കൊണ്ട് സാധിക്കുന്ന കാര്യമല്ല. ഞങ്ങൾക്ക് ഈ രാജ്യത്തു മാത്രമെ സഞ്ചരിക്കാനാകൂ. കാരണം മറ്റെല്ലാ രാജ്യങ്ങളിലും ലാഭക്കൊതിയന്മാരായ മനുഷ്യർ ഞങ്ങളെ നശിപ്പിച്ചുകളഞ്ഞു: ഞങ്ങളുടെ വാസസ്ഥലങ്ങളെല്ലാം വെട്ടിനശിപ്പിച്ചു. അതുകൊണ്ട് ഞങ്ങൾ ഈ നാട് വിട്ടുപോവില്ല. ചിറകുള്ള കുരങ്ങന്മാർ പറന്നുപോയി."

ഡോറത്തി നിരാശകൊണ്ട് കരഞ്ഞുപോയി.

ഭയങ്കരമായിപ്പോയി! തകരമനുഷ്യൻ പറഞ്ഞു. വൈക്കോൽ മനുഷ്യൻ വീണ്ടും ചിന്തയിലാണ്ടു. ചിന്തിച്ചു ചിന്തിച്ച് അയാളുടെ തല പൊട്ടിപ്പോകുമോയെന്നുപോലും ഡോറത്തിയ്ക്കു ഭയം തോന്നി. നമുക്ക് പച്ചമീശക്കാരൻ പട്ടാളക്കാരന്റെ ഉപദേശം തേടാം. ഒടുവിൽ അയാൾ പറഞ്ഞു. പച്ചമീശക്കാരൻ ഉടനടി അവരുടെ മുന്നിലേക്ക് വന്നു. മടിച്ചുമടിച്ചാണ് വന്നത്. ഓസിന്റെ കാലത്ത് അയാൾ ആ മുറിയുടെ വാതിൽപ്പടിയ്ക്കപ്പുറം കണ്ടിട്ടില്ലായിരുന്നു. വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"ഈ പെൺകുട്ടിക്ക് മരുഭൂമി കടന്ന് അവളുടെ സ്വന്തം നാട്ടിലേക്ക് മടങ്ങണം. അതിനുള്ള വഴി കാണിച്ചുകൊടുക്കൂ!"

പട്ടാളക്കാരൻ പറഞ്ഞു: എനിക്കറിയില്ല. ഓസിനൊഴിച്ച് മറ്റാർക്കും ആ രഹസ്യം അറിയില്ല. പക്ഷേ, ഒരു സ്ത്രീയുണ്ട്. അവർ വിചാരിച്ചാൽ മതി.–ഗ്ലിൻഡ!"

'ഗ്ലിൻഡയോ? അതാരാണ്? വൈക്കോൽ മനുഷ്യൻ ചോദിച്ചു.

ദക്ഷിണദേശത്ത് വാഴുന്ന മന്ത്രവാദിനിയാണവർ ലോകത്തെ മറ്റെല്ലാ

മന്ത്രവാദിനികളേയും പിന്നിലാക്കാനുള്ള മന്ത്രശക്തി അവൾക്കുണ്ട്. അവൾ ക്വാഡ്ലിങ്ങ് വംശജരുടെ നേതാവാണ്. മാത്രമല്ല, മരുഭൂമിയുടെ വളരെയടുത്താണ് അവരുടെ കോട്ട. അതുകൊണ്ട് ഒരുപക്ഷേ, അത് കടക്കാനുള്ള വഴി അവർക്ക് അറിയാൻ സാധ്യതയുണ്ട്."

"ഗ്ലിൻട നല്ല മന്ത്രവാദിനിയാണെന്ന് ഉറപ്പാണോ?"

"അവർ വളരെ ദയാലുവാണെന്നാണ് ക്വാഡ്ലിങ്ങുകൾ പറയുന്നത്. അവരെ അവൾ വളരെ നന്നായി ഭരിക്കുന്നു."

ഡോറത്തിയ്ക്ക് മറ്റൊന്നും അറിയേണ്ടിയിരുന്നില്ല. അവൾ ചാടി എഴുന്നേറ്റു. "ദക്ഷിണദേശത്തേയ്ക്കുള്ള വഴി ഏതാണ്?"

"റോഡ് നേരെ തെക്കോട്ട് വെട്ടിയിട്ടുണ്ട്. പക്ഷേ, അത് വളരെ അപകടം പിടിച്ചതാണ്. പോകുന്ന വഴിയിലെ കാടുകളിൽ ധാരാളം ഹിംസ്രജന്തുക്കളുണ്ട്. അതുപോലെ അന്യരെ ഇഷ്ടപ്പെടാത്ത ഒരുതരം മനുഷ്യരും അവിടെ ജീവിക്കുന്നുണ്ട്. അതുകൊണ്ടാണ് മരതകനഗരത്തിൽ ക്വാഡ്ലിങ്ങുകളെ ഒരിക്കലും കാണാത്തത്." അയാൾ പറഞ്ഞുനിർത്തി.

അയാൾക്ക് പൊയ്ക്കൊള്ളാൻ അനുമതി നൽകിയ ശേഷം വൈക്കോൽ മനുഷ്യൻ പറഞ്ഞു:

'ഡോറത്തിയെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ലത് ദക്ഷിണദേശ



ത്തേയ്ക്ക് യാത്ര തിരിക്കുന്നതാണ്."

"ശരിയാണ്" തകരമനുഷ്യൻ പറഞ്ഞു.

"എന്നാൽ ഞാൻ ഡോറത്തിയ്ക്ക് കൂട്ടുപോകാം." സിംഹം പറഞ്ഞു.

"എനിക്ക് നിങ്ങളുടെ നഗരമൊക്കെ മടുത്തു! നിങ്ങൾക്കറിയാമല്ലോ? ഞാൻ സത്യത്തിൽ വന്യമൃഗമാണ്. എനിക്ക് വനത്തിൽ ജീവിച്ചേ പറ്റൂ. മാത്ര മല്ല ഡോറത്തിയ്ക്ക് ഞാൻ ഒരു കൂട്ടുമാകുമല്ലോ."

"അതുതന്നെ" തകരമനുഷ്യനും യോജിപ്പായി. "ഞാനുമുണ്ട് യാത്രയ്ക്ക്. ഞാൻ ഡോറത്തിയ്ക്ക് ഒരപകടവും വരാതെ നോക്കിക്കൊള്ളാം."

"എന്നാണ് നമുക്ക് യാത്ര തിരിക്കേണ്ടത്?" വൈക്കോൽ മനുഷ്യൻ ചോദി ച്ചു.

"ങാഹാ! അപ്പോൾ നിങ്ങളും വരുന്നുണ്ടോ?" എല്ലാവർക്കും അത്ഭുത മായി.

"പിന്നെയില്ലേ! ഡോറത്തിയോട് എനിക്കുള്ളത് ചില്ലറ കടപ്പാടോ മറ്റോ ആണോ? എന്നെ ഒരു ബുദ്ധിയുള്ള മനുഷ്യനാക്കിയത് ഡോറത്തിയാണ്. അതുകൊണ്ട് അവളെ സഹായിക്കാൻ ഞാൻ എന്നും ഉണ്ടാവും.

വൈക്കോൽ മനുഷ്യന്റെ ഈ പ്രഖ്യാപനം കേട്ട് ഡോറത്തി കോരിത്ത രിച്ചുപോയി. അവൾ പറഞ്ഞു: നിങ്ങൾക്ക് എങ്ങനെ നന്ദി പറയണമെന്ന് എനിക്കുതന്നെ അറിയില്ല. പക്ഷേ, നമുക്ക് കഴിയുന്നത്ര വേഗത്തിൽത്തന്നെ പോകണം."

"ശരി!" വൈക്കോൽ മനുഷ്യൻ പറഞ്ഞു. "നമുക്ക് നാളെത്തന്നെ യാത്ര തുടങ്ങാം."

# 20. മരങ്ങൾ ആക്രമിക്കുന്നു!

പിറ്റേന്ന് ഡോറത്തിയും കൂട്ടുകാരും മരതകനഗരത്തോട് വിട പറഞ്ഞു. അവർക്ക് യാത്രാമംഗളങ്ങൾ നേരാൻ നഗരവാസികളെല്ലാം കോട്ടവാതിൽക്കൽ എത്തിയിരുന്നു. തങ്ങളുടെ പുതിയ പ്രസിഡന്റിനെ ഇത്തരമൊരു സാഹസികയാത്രയ്ക്കയക്കാൻ അവർക്ക് നന്നേ വിഷമമുണ്ടായിരുന്നു.

താങ്കൾ ഞങ്ങളുടെ പുതിയ പ്രസിഡന്റാണെന്ന കാര്യം മറക്കരുത്. താങ്കൾക്ക് അധികദിവസം അവധി തരാൻ നിവൃത്തിയില്ല. അതുകൊണ്ട് വൈകാതെ തന്നെ മടങ്ങുമല്ലോ?" അവർ വൈക്കോൽ മനുഷ്യനോടു പറഞ്ഞു.

തീർച്ചയായും. പക്ഷേ, ഡോറത്തിയെ എങ്ങനെയെങ്കിലും വീട്ടിലെത്തിച്ചശേഷമേ ഞാൻ ഇവിടുത്തെ ഭരണകാര്യങ്ങളിൽ പങ്കുചേരൂ. വൈക്കോൽ മനുഷ്യൻ പറഞ്ഞു.

അവർ തെക്കോട്ടുള്ള വഴിയെ നടന്നു തുടങ്ങി. എല്ലാവർക്കും സന്തോഷമായിരുന്നു. വൈക്കോൽ മനുഷ്യനും തകരമനുഷ്യനും ഡോറത്തിയും സംസാരിച്ചും ചിരിച്ചും സമയം കളയുന്നുവെന്നായിരുന്നു സിംഹത്തിന്റെ പരാതി!! അവന് നല്ല തുറസ്സായ സ്ഥലം കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം! ഒരു കുസൃതിപ്പൂച്ചയെപ്പോലെ അവൻ പുല്ലിൽ കിടന്ന് ഉരുണ്ടു കളിക്കുകയും ചിത്രശലഭങ്ങൾക്ക് പിന്നാലെ ഓടി അവയെ വല്ലാതെ അത്ഭുതപ്പെടുത്തുകയും ചെയ്തു. തങ്ങളുടെ പുറകെ നടക്കുന്നത് വെറും പൂച്ചയോ നായയോ അല്ല. മൃഗരാജൻ സാക്ഷാൽ സിംഹം! ചിത്രശലഭങ്ങൾക്ക് പറഞ്ഞുനടക്കാൻ ഒരു കഥയായി!!

"എനിക്ക് നഗരജീവിതം തീരെ ഇഷ്ടമല്ല" സിംഹം പറഞ്ഞു. "അവിടത്തെ താമസത്തിനിടയിൽ ഞാൻ വളരെ ശോഷിച്ചുപോയിരിക്കുന്നു. എന്താ

യാലും ഇനി കാട്ടിലേയ്ക്ക് മടങ്ങിപ്പോയി എല്ലാവരേയും എന്റെ ധൈര്യം ഒന്നു കാണിച്ചുകൊടുത്തിട്ടേ വേറെ കാര്യമുള്ളൂ! സിംഹം ചിരിച്ചു.

അവർ തിരിഞ്ഞ് ഓസിന്റെ മായാനഗരത്തെ ഒന്നുകൂടി നോക്കി. ഉന്നതങ്ങളായ ഗോപുരങ്ങളിൽ നിന്നുള്ള പ്രകാശം ദൂരെനിന്നു കാണാം.

"ഓസ് മിടുക്കൻ തന്നെയായിരുന്നു, അല്ലേ?" തകരമനുഷ്യൻ ചോദിച്ചു. "അയാൾ എനിക്കുതന്ന ഹൃദയം നല്ല ജോറായിട്ടുണ്ട്."

"എനിക്ക് കിട്ടിയ തലച്ചോറും ഒന്നാംതരം തന്നെ." വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"ആ പായസം കുടിച്ചതിനു ശേഷം എനിക്കുവന്ന മാറ്റമോ!" സിംഹം കൂട്ടിച്ചേർത്തു.

ഡോറത്തി മാത്രം ഒന്നും പറഞ്ഞില്ല. തന്നെ സഹായിക്കാനായി ഓസ് പരമാവധി ശ്രമിച്ചുവെന്ന് അവൾക്കറിയാമായിരുന്നു. സ്വന്തം നോട്ടക്കുറവുകൊണ്ട് വീട്ടിലെത്താനുള്ള ഒരവസരം നഷ്ടമായി. സാരമില്ല! എന്തായാലും ഗ്ലിൻഡ ജീവനോടുകൂടിത്തന്നെയുണ്ടല്ലോ!

ആദ്യ ദിവസത്തെ യാത്ര അവസാനിക്കുമ്പോൾ അവർ തുറസ്സായ പുൽമേടുകളിലൂടെ നടക്കുകയായിരുന്നു. രാത്രി അവർ അവിടെത്തന്നെ വിശ്രമിച്ചു.

പിറ്റേന്നു രാവിലെ അവർ വീണ്ടും യാത്ര ആരംഭിച്ചു. വളരെ താമസിയാതെ തന്നെ അതാ, കുറച്ചകലെ, ഒരു കൊടുംകാട് കാണുകയായി. ഇടതൂർന്ന് വളർന്നു നിൽക്കുന്ന കൂറ്റൻ മരങ്ങൾ. നട്ടുച്ചയ്ക്കുപോലും ഒരുതുള്ളി



വെളിച്ചം ഉള്ളിൽ കടക്കില്ല. കരിംപച്ച നിറത്തിലുള്ള ഇലകൾ കണ്ടാൽ നല്ല പട്ടുതുണിയാണെന്നേ തോന്നൂ.

“കൊള്ളാമല്ലോ” സിംഹം പറഞ്ഞു. കാടായാൽ ഇങ്ങനെ വേണം. അകത്തേയ്ക്കു കടന്നാൽ നോക്കിക്കൊള്ളൂ. നല്ല കുളിരായിരിക്കും.

പക്ഷേ, കാട്ടിനിടയിലൂടെ വഴിയൊന്നും അവർ കണ്ടില്ല. കടന്നുപോകാതെ മറ്റുമാർഗമില്ലെന്ന് അറിയാവുന്നതുകൊണ്ട് അവർ അകത്തേക്കു ചെല്ലാൻ എന്തെങ്കിലും വഴിയുണ്ടോയെന്ന് തിരക്കി.

വൈക്കോൽ മനുഷ്യനാണ് മുമ്പിൽ നടന്നത്. അയാൾ ഒരു വലിയ മരത്തിന്റെ കീഴെകൂടി വെട്ടിയിട്ടിരിക്കുന്ന ഒരു ചെറുപാത കണ്ടു. എന്നാൽ ആ വഴി തന്നെയാകട്ടെ എന്ന് അവർ തീരുമാനിച്ചു. പക്ഷേ, മരച്ചില്ലകൾക്കിടയിലൂടെ നുഴഞ്ഞ് ഉള്ളിലേക്ക് കടക്കാൻ ശ്രമിച്ച വൈക്കോൽ മനുഷ്യനെ മരം പൊക്കിയെടുത്ത് ദൂരേയ്ക്ക് വലിച്ചൊരേറ്! വൈക്കോൽ മനുഷ്യന് കേടൊന്നും പറ്റിയില്ല. ഭാഗ്യം!

“ഇതെന്തപ്പാ” എന്ന മട്ടിൽ സംഘത്തിലെ ബാക്കി അംഗങ്ങൾ വായും പൊളിച്ച് നിൽപായി.

രണ്ടാമത് ശ്രമിച്ചത് തകരമനുഷ്യനാണ്. അയാളെയും വൻമരം പൊക്കിയെടുത്ത് ദൂരെയെറിഞ്ഞു. പക്ഷേ, തകരമനുഷ്യൻ വിട്ടുകൊടുത്തില്ല. അയാൾ തിരികെച്ചെന്ന് മരക്കൊമ്പ് കോടാലികൊണ്ട് വെട്ടിമാറ്റി. അപ്പോൾ “അയ്യോ! അമ്മേ! എന്ന് മരം ഉച്ചത്തിൽ നിലവിളിക്കുകയും വേദനകൊണ്ട് പുളയുകയും ചെയ്തു. എല്ലാവരും ഉള്ളിൽ കടന്നു. പക്ഷേ, കാട്ടിനുള്ളിലെ മരങ്ങൾ അവരെ ഒന്നും ചെയ്തില്ല. അപ്പഴല്ലെ സംഗതി പിടികിട്ടിയത്! അതൊരു മാന്ത്രികവനമായിരുന്നു. ലാഭക്കൊതിയന്മാർ കള്ളത്തടി വെട്ടിക്കൊണ്ട് പോകാതിരിക്കാൻ വേണ്ടി മരങ്ങൾ തന്നെ ഉണ്ടാക്കിയ ഒരു ‘പോലീസ്’ വിഭാഗം കാടിന്റെ നാലുചുറ്റും ഉണ്ടായിരുന്നു! കള്ളന്മാരെ ഉള്ളിൽ കടത്താതിരിക്കാനും ഉള്ളിൽ കടക്കുന്നവരെ എടുത്ത് പുറത്തുകളയാനും ഈ ‘പോലീസ്’ മരങ്ങൾക്ക് കഴിയുമായിരുന്നു! ഒരു കിളി പറഞ്ഞാണ് നമ്മുടെ സുഹൃത്തുക്കൾ ഈ വിവരം അറിഞ്ഞത്! കിളിയുടെ ശുപാർശപ്രകാരം കാടിന്റെ തെക്കേ അതിർത്തിയിലെ പോലീസ് മരങ്ങൾ അവരെ ഉപദ്രവിച്ചില്ല.

‘എത്ര നല്ലത്!’ ഡോറത്തി പറഞ്ഞു. ‘ഞങ്ങളുടെ നാട്ടിലും ഇതുപോലെ ‘പോലീസ്’ മരങ്ങൾ ഉണ്ടായിരുന്നെങ്കിൽ എത്ര നല്ലതായിരുന്നേനെ! മരങ്ങളെ നശിപ്പിക്കുന്ന ദുഷ്ടന്മാരെ പൊക്കിയെടുത്ത് ദൂരെ എറിയുകതന്നെ വേണം.

കാട് അവസാനിച്ചിടത്ത് വീണ്ടും ഒരുപാത കണ്ടു. അവർ ആ വഴിയെ യാത്ര തുടർന്നു. പെട്ടെന്നാണ് അൽപദൂരം മുന്നിലായി അവർ ഒരു വെളുത്ത മതിൽ കണ്ടത്. നല്ല മിനുസപ്പെടുത്തിയ മൺപിഞ്ഞാണംപോലെ തൂവെള്ള നിറത്തിൽ ഒരു മതിൽ!

# 21. കളിമൺ മനുഷ്യരുടെ നാട്ടിൽ

തകരമനുഷ്യൻ കാട്ടിനുള്ളിൽ വീണുകിടന്നിരുന്ന തടിക്കഷണങ്ങൾ പെറുക്കിയെടുത്ത് ഒരു ഏണി തീർക്കാൻ തുടങ്ങി. ആ സമയത്ത് ഡോറത്തി കിടന്നുറങ്ങിപ്പോയി. നീണ്ട യാത്രയ്ക്കു ശേഷം അവൾക്ക് നല്ല ക്ഷീണമുണ്ട്.

വൈക്കോൽ മനുഷ്യൻ ഒരു പാറയുടെ മുതുകിൽ കയറി തകരമനുഷ്യനെ നോക്കിയിരുന്നു. "എനിക്കീ മതിൽ എന്തിനാണെന്ന് മനസ്സിലാകുന്നില്ല."

"സാരമില്ല. ഞാനീ ഏണി തീർത്തുകഴിഞ്ഞാൽ നമുക്ക് അപ്പുറത്തേക്ക് കടക്കാം."

ഏണിയുടെ പണി തീർന്നു. തകരമനുഷ്യൻ അതിനെ മതിലിൽ ചാരിവച്ചു. വൈക്കോൽ മനുഷ്യൻ ഡോറത്തിയെ വിളിച്ചുണർത്തി.

ആദ്യം ഏണിയുടെ മുകളിലെത്തിയത് വൈക്കോൽ മനുഷ്യനാണ്.

"എന്റമ്മോ!" അയാൾ നിലവിളിച്ചു.

"ഞാനെന്താണീ കാണുന്നത്?"

"വേഗം! വേഗം! മതിലിൽ കയറിയിരിക്കൂ!" രണ്ടാമത് കയറിയ ഡോറത്തി അക്ഷമയോടെ വിളിച്ചുപറഞ്ഞു.


പക്ഷേ അവൾ മുകളിലെത്തിയപ്പോൾ നിലവിളിച്ചുപോയി.

"എന്റമ്മോ! ഞാനെന്താണീ കാണുന്നത്?" ടോട്ടോ കുരയ്ക്കാൻ തുടങ്ങി. ഡോറത്തി അവന്റെ വായ് പൊത്തി. പിന്നാലെ വന്ന സിംഹവും തകരമനുഷ്യനും അങ്ങനെ തന്നെ വിളിച്ചുപോയി.

തൊട്ടുമുമ്പിൽ അവർ അത്ഭുതകരവും അതിസുന്ദരവുമായ ഒരു പ്രദേശമാണ് കണ്ടത്. ഡോറത്തി ശ്വാസമടക്കി നിന്നുപോയി. കളിമണ്ണുകൊണ്ട്

നിർമിക്കപ്പെട്ട ഒരു ചെറുപട്ടണം! സർവതും കളിമണ്ണുകൊണ്ടാണ്– മനുഷ്യൻ പോലും. നല്ല വെളുത്ത പിഞ്ഞാണപ്പാത്രം പോലെയാണ് റോഡുകളും തെരുവുകളും. തെരുവുകളുടെ ഇരുവശത്തും കളിമണ്ണുകൊണ്ട് തീർത്ത ചെറുവീടുകളും പീടികകളും മറ്റു കെട്ടിടങ്ങളും കാണാം! ആകപ്പാടെ പാവകളുടെ ലോകത്തിൽ എത്തിപ്പെട്ട പ്രതീതിയായിരുന്നു ഡോറത്തിക്ക്! ഏറ്റവും മനോഹരം ആ പട്ടണത്തിലെ നിവാസികളായിരുന്നു. എല്ലാവരും ജീവനുള്ള കളിമൺ പാവകളാണ്! നല്ല വെളുവെളുത്ത ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും! വീടുകൾക്ക് ഡോറത്തിയുടെ അരയോളം പൊക്കമേയുള്ളൂ. മനുഷ്യരിൽ ഏറ്റവും പൊക്കമുള്ളവർ പോലും ഡോറത്തിയുടെ മുട്ടിന്റെയത്രയേയുള്ളൂ. എന്തു പറയാൻ. ആ പട്ടണത്തിലെ പശുക്കളും ആടുകളും കോഴികളും പട്ടികളും എല്ലാം കളിമണ്ണുകൊണ്ടാണ്! ഓരോ വീടിനു ചുറ്റും കൊച്ചു മതിലുകളുണ്ടായിരുന്നു. റോഡുകളുടെ ഇരുവശത്തും കൊച്ചു മരങ്ങൾ വളർന്നു നിൽക്കുന്നു.

പട്ടണത്തിലെ ചന്ത ദിവസമായിരുന്നു അന്ന്. പാൽക്കാരികൾ നെയ്യും വെണ്ണയും പാലും വിൽക്കാനായി ചന്തയിലേക്കു പോകുന്നു. കസവു തുന്നിപ്പിടിപ്പിച്ച പട്ടുപാവാടകളാണ് അവർ ധരിച്ചിരുന്നത്. കർഷകർ കഴുതപ്പുറത്തും കുതിരപ്പുറത്തും മറ്റുമായി ധാന്യങ്ങളും പഴങ്ങളും പച്ചക്കറികളും മറ്റും കൊണ്ടുവരുന്നു. ക്രമസമാധാനം നിലനിർത്താനായി കാക്കിക്കുപ്പായമിട്ട പോലീസുകാർ റോന്തു ചുറ്റുന്നു. പെണ്ണുങ്ങൾ തലയിൽ കുട്ടകൾ ചുമന്ന്



നടന്നുപോകുന്നു. ഒരുവശത്ത് വളക്കച്ചവടക്കാരൻ പെൺകുട്ടികളുടെ കയ്യിൽ വളയിടീക്കുന്നു; മറ്റൊരുവശത്ത് കളിപ്പാട്ടക്കാരൻ കുട്ടികൾക്ക് ബലൂണും പീപ്പിയും കളിവാച്ചുകളും കൊടുക്കുന്നു. ആകെപ്പാടെ തിരക്കുതന്നെ!!

ആരും അവരെ കണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ഒരു വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന ഒരു പട്ടിക്കുട്ടി അവരെ നോക്കിക്കുരച്ചു.

'നമ്മളെങ്ങനെ താഴേക്ക് ഇറങ്ങും' ഡോറത്തി ചോദിച്ചു.

ചാടുക മാത്രമേ വഴിയുള്ളൂവെന്ന് അവർക്ക് മനസ്സിലായി. ഏണി എടുത്തുപൊക്കാൻ വയ്യ. അത്രയ്ക്ക് ഭാരമാണ്. അതുകൊണ്ട് അവർ ഓരോരുത്തരായി മതിലിനപ്പുറം ചാടി. ആദ്യം വൈക്കോൽ മനുഷ്യൻ, പിന്നെ ഡോറത്തിയും ടോട്ടോയും, പിന്നെ തകരമനുഷ്യൻ, പിന്നെ സിംഹം എന്നിങ്ങനെ.

അവർ കളിമണ്ണുകൊണ്ട് പണിത പാതയിലൂടെ കരുതലോടെ നടന്നു. ആദ്യം കണ്ടത് ഒരു കർഷക ഭവനത്തിൽ ഒരു സ്ത്രീ ഇരുന്ന് പശുവിനെ കറക്കുന്ന കാഴ്ചയായിരുന്നു. പശു അവരെ കണ്ടയുടനെ വിരണ്ടോടാൻ തുടങ്ങി. അതിന് ടോട്ടോയുടെ കാൽമുട്ടോളമേ പൊക്കം വരൂ. പിടിക്കാൻ ശ്രമിച്ച സ്ത്രീക്കിട്ട് അത് ഒറ്റ തൊഴിവെച്ചുകൊടുത്തു. സ്ത്രീയും പാൽപ്പാത്രവും പശുവും എല്ലാം നിലത്ത് 'പടപടാ' എന്ന ശബ്ദത്തോടുകൂടി വീണു. നോക്കിയപ്പോഴുണ്ട്. പശുവിന്റെ ഒരു കാൽ ഒടിഞ്ഞുപോയിരിക്കുന്നു! ഡോറത്തിയ്ക്ക് ആകെ വിഷമമായി. പക്ഷേ, അവൾ എന്തെങ്കിലും പറയുന്നതിനു മുമ്പേ തന്നെ പാൽക്കാരി വഴക്കു പറയാൻ തുടങ്ങി.

'കണ്ടോ! നിങ്ങൾ ചെയ്ത പണി! എന്റെ പശുവിന്റെ കാലും ഒടിഞ്ഞു! ഇനി അതൊന്ന് നന്നാക്കിയെടുക്കാൻ എത്ര രൂപാ ചെലവുണ്ടെന്നറിയാമോ? എന്റെ പശുവിനെ പേടിപ്പിച്ചിട്ട് നിങ്ങൾക്കെന്തു വേണം?

'അയ്യോ, ഞങ്ങൾ അറിയാതെ ചെയ്തതാണ്! ക്ഷമിക്കണേ' ഡോറത്തി കുറ്റബോധത്തോടുകൂടി പറഞ്ഞു.

പക്ഷേ, പാൽക്കാരി ക്ഷമിച്ച മട്ടില്ല. അവർ മുഖം വീർപ്പിച്ചുകൊണ്ട് പശുവിന്റെ കാൽ കുനിഞ്ഞെടുത്ത് അകത്തേക്കുപോയി.

നമ്മൾ ഈ നാട്ടിൽ വളരെ സൂക്ഷിച്ചേ നടക്കാവൂ! ഇവയെല്ലാം കളിമൺ മനുഷ്യരായതുകൊണ്ട് വളരെ സൂക്ഷിച്ചില്ലെങ്കിൽ പറ്റില്ല. തകരമനുഷ്യൻ പറഞ്ഞു.

കുറച്ചു മുന്നോട്ടു പോയപ്പോൾ അവർ ഒരു കൊച്ചു രാജകുമാരിയെ പരിചയപ്പെട്ടു. ഈ കൂറ്റന്മാരെ ആദ്യം കണ്ടപ്പോൾ പാവം പേടിച്ചുപോയി. അവൾ വേഗം തന്റെ തേരിന്റെ ഉള്ളിൽ കയറി ഒളിക്കാൻ നോക്കി. ഡോറത്തി അവളുടെ പിന്നാലെ ഓടി.

"എന്റെ പുറകെ ഓടല്ലേ! ഓടല്ലേ! കൊച്ചുരാജകുമാരി വിളിച്ചു പറഞ്ഞു.

"അതെന്താ" ഡോറത്തി ചോദിച്ചു.

"ഞാൻ എങ്ങാനും മറിഞ്ഞുവീണ് ഒടിഞ്ഞുപോയാലോ?'

'പക്ഷെ, നിന്നെ പിന്നീട് ഒട്ടിച്ചെടുത്തുകൂടെ.

'പറ്റും. പക്ഷേ, ഒട്ടിച്ചാൽ എന്റെ സൗന്ദര്യം കുറഞ്ഞുപോവില്ലേ?"

"ഏയ്! അതെങ്ങനെ?"

"ദാ നോക്കൂ! ഇവിടുത്തെ ആസ്ഥാന കോമാളി വരുന്നുണ്ട്."

ഡോറത്തി നോക്കിയപ്പോൾ അതാ റോഡിലൂടെ മൂളിപ്പാട്ടും പാടി വരുന്നു ഒരു കോമാളി.

"അവൻ ഏതു സമയവും തലകുത്തി നിൽക്കാൻ ശ്രമിച്ചോളും! എത്ര തവണയാ മറിഞ്ഞുവീണിട്ടുള്ളതെന്ന് എനിക്കറിയാൻ വയ്യ! ഒരു നൂറു സ്ഥലത്തെങ്കിലും പ്ലാസ്റ്റർ ഒട്ടിച്ചിട്ടുണ്ട്. ദാ അയാളോടുതന്നെ സംസാരിച്ചോ!'

അപ്പോഴേക്കും കോമാളി അവരുടെ അടുത്തെത്തിക്കഴിഞ്ഞു. നല്ല രസികനാണെന്ന് ഒരൊറ്റ നോട്ടത്തിൽത്തന്നെ അറിയാം. എന്നാൽ അവന്റെ ദേഹം മുഴുവൻ പൊട്ടലും പോറലുമാണ്.

രാജകുമാരിയെ കണ്ടയുടൻ കോമാളി കീശയിൽ കൈതിരുകിക്കൊണ്ട് ചൂളം വിളിക്കാൻ തുടങ്ങി. എന്നിട്ട് അവളെ നോക്കി കണ്ണിറുക്കിക്കൊണ്ട് പാടി.

'സുന്ദരിപ്പെണ്ണേ എന്തിനു നീ
പാവമാമെന്നെ വിരട്ടിടുന്നു?
ഉണ്ട വിഴുങ്ങിയ കോഴിയെപ്പോലെ നീ
കണ്ണുരുട്ടിക്കൊണ്ടു നോക്കുന്നല്ലോ.....'

'മിണ്ടാതിരിക്കൂ!' രാജകുമാരി ഇടയ്ക്കുകയറി പറഞ്ഞു. "കണ്ടില്ലേ! ഇവരൊക്കെ അന്യനാട്ടുകാരാണ്. ഇവരോട് ബഹുമാനം കാണിക്കണം.

'ഓ അടിയൻ!' കോമാളി തലകുത്തി നിന്നു.

രാജകുമാരി ഡോറത്തിയോടു പറഞ്ഞു: സാരമില്ല, അവൻ പറയുന്നതൊന്നും നിങ്ങൾ കാര്യമായിട്ടെടുക്കണ്ട! അവൻ എപ്പോഴും ഇങ്ങനെയാണ്.

'ഓ അതു സാരമില്ല' ഡോറത്തി പറഞ്ഞു.

'പക്ഷേ, എനിക്ക് നിന്നെ വല്ലാതെ ഇഷ്ടമായി. എനിക്ക് പാവക്കുട്ടികളെ വലിയ ഇഷ്ടമാണ്!! നീ എന്റെ കൂടെ എന്റെ നാട്ടിലേക്കു വരുന്നോ?"

"അതുവേണ്ട" രാജകുമാരി പറഞ്ഞു.

"ഞങ്ങളുടെ രാജ്യമാണിത്. ഇവിടെ ഞങ്ങൾ സ്വതന്ത്രരാണ്. പക്ഷേ, ഈ നാടുവിട്ട് പുറത്തുവന്നാൽ ഞങ്ങൾ ശരിക്കും കളിമൺ പാവകളായിപ്പോകും. സംസാരിക്കാനോ ചലിക്കാനോ കഴിവില്ലാതെ മേശപ്പുറത്തും അലമാരിയിലും മറ്റും അങ്ങനെ നിൽക്കേണ്ടിവരും.

ഞങ്ങൾക്ക് മാത്രമല്ല നിങ്ങൾക്കും അങ്ങനെയല്ലേ? കിളികളെ കൂട്ടിലടച്ചാൽ അവ നശിച്ചുപോവുകയേയുള്ളൂ. മനുഷ്യർക്കും അങ്ങനെതന്നെ. ഒരിക്കലും ഒരു ജീവിയേയും സ്വന്തം നാട്ടിൽ നിന്ന് അകറ്റി മറ്റെവിടെയെങ്കിലും പൂട്ടിയിടാൻ ശ്രമിക്കരുത്."

ഡോറത്തി ലജ്ജകൊണ്ട് തലതാഴ്ത്തിപ്പോയി.

"ശരിയാണ്. ഞാനത് ഓർത്തില്ല."

"സാരമില്ല." രാജകുമാരി പറഞ്ഞു.

"നമുക്ക് സുഹൃത്തുക്കളായി പിരിയാം."

അവർ നടന്നുനടന്ന് കളിമൺ മനുഷ്യരുടെ രാജ്യത്തിന്റെ തെക്കേ അതിർത്തിയിലെത്തി. കൊച്ചുമനുഷ്യർ അവർക്കുചുറ്റും തടിച്ചുകൂടി. ഇങ്ങനെയുള്ള കൂറ്റന്മാരെ അവരുണ്ടോ കണ്ടിരിക്കുന്നു!!

അവർ ഓരോരുത്തരായി സിംഹത്തിന്റെ മുതുകിൽ കയറി മതിൽ ചാടിക്കടന്നു.

ഏറ്റവും അവസാനം ചാടിയത് സിംഹമാണ്. അവന്റെ വാലുതട്ടി ഒരുകളിമൺപള്ളി തകർന്നുവീണു.

"കഷ്ടമായി!" ഡോറത്തി പറഞ്ഞു.

"ഇവർ ഇത്ര ദുർബലരാണല്ലോ."

"അതെയതെ! വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"ഞാനേ ദുർബലനാണ്. എന്നേക്കാൾ ദുർബലർ ഈ ലോകത്തുണ്ടല്ലോ.

# 22. സിംഹം രാജാവാകുന്നു

കളിമൺ മനുഷ്യരുടെ ദേശത്തിന്റെ തെക്കേ അതിർത്തിക്കപ്പുറം കൊടും കാടായിരുന്നു. ചതുപ്പുനിലങ്ങളും വളർന്നുനിൽക്കുന്ന പുല്ലും കൊണ്ട് നിറഞ്ഞതായിരുന്നു ആ വനം. ചെളിക്കുണ്ടുകളിൽ വീണുപോകാതിരിക്കാൻ അവർക്ക് നന്നേ പാടുപെടേണ്ടിവന്നു. നടക്കുംതോറും വനം കൂടുതൽ കൂടുതൽ ഇരുണ്ടതും അപകടം പിടിച്ചതുമാകുമെന്ന് അവർക്ക് തോന്നി.

"എത്ര സുന്ദരമായ സ്ഥലം" സിംഹം പറഞ്ഞു.

"ഞാനിത്ര സുന്ദരമായ കാട് ഇന്നുവരെ കണ്ടിട്ടില്ല."

"ഇരുട്ടു പിടിച്ചതാണെന്നേയുള്ളൂ" വൈക്കോൽ മനുഷ്യൻ പറഞ്ഞു.

"ഞാനിവിടെ സ്ഥിരതാമസമാക്കിയാലോ" സിംഹം ചോദിച്ചു.

"ഈ കാട്ടിൽ മറ്റു വന്യമൃഗങ്ങൾ ഉണ്ടാവുമല്ലോ?" ഡോറത്തി പറഞ്ഞു.

"ഉണ്ടാവും പക്ഷേ, ആരെയും കാണാനില്ല." സിംഹം പറഞ്ഞു.

കുറച്ചുദൂരം കൂടി നടന്നപ്പോൾ കൂറ്റാക്കൂറ്റിരുട്ടായി. ഡോറത്തിയും ടോട്ടോയും സിംഹവും കിടന്നുറങ്ങി. പകൽ കണ്ടയുടൻ അവർ യാത്ര പുനരാരംഭിച്ചു. അപ്പോഴേക്കും കാട്ടുമൃഗങ്ങളുടെ മുരളലും അലർച്ചയും മറ്റും കേൾക്കാൻ തുടങ്ങി. ടോട്ടോ പേടിച്ച് കരയാൻ തുടങ്ങി. എന്നാലും ധൈര്യം കൈവിടാതെ അവർ നടന്നുകൊണ്ടേയിരുന്നു.

അൽപദൂരം ചെന്നപ്പോൾ മുന്നിൽ ഒരു വലിയ മൈതാനം കണ്ടു. മൃഗസമ്മേളനം നടക്കുകയാണ് അവിടെ!! ആനകളും കുതിരകളും പുലികളും കുറുക്കന്മാരും മാനുകളും മുയലുകളും കാട്ടുപന്നികളുമെല്ലാം! ഡോറത്തിയ്ക്ക് ഭയം തോന്നി. ഭയപ്പെടാനൊന്നുമില്ലെന്ന് സിംഹം പറഞ്ഞു. "വെറും ഒരു സമ്മേളനം അത്രയേയുള്ളൂ!"

പക്ഷേ, അലർച്ചയും മുരളലും മറ്റും കേട്ടിട്ട് എന്തോ പ്രശ്നമുണ്ടെന്ന്

സിംഹത്തിന് തോന്നി.

സിംഹത്തിനെ കണ്ടയുടൻ മൃഗങ്ങളെല്ലാവരും താണുവണങ്ങി. അവൻ തലയുയർത്തിപ്പിടിച്ച് നടന്ന് അവരുടെ മധ്യത്തിലെത്തി. ആനക്കൂട്ടം തുമ്പിക്കൈ പൊക്കി അവനെ അഭിവാദ്യം ചെയ്തു. ഒരു വയസ്സൻ കരടി അവനെ സ്വീകരിച്ച് ഒരു പാറപ്പുറത്ത് കയറ്റിയിരുത്തി.

"സ്വാഗതം മൃഗരാജൻ! താങ്കൾ ശരിയായ സമയത്തുതന്നെ എത്തിയിരിക്കുന്നു! ഈ കാട്ടിലെ നിവാസികൾ വല്ലാത്തൊരു പ്രതിസന്ധിയിലാണ്."


"എന്താണ് പ്രശ്നം?" സിംഹം ചോദിച്ചു.

"ഈ കാട്ടിൽ ക്രൂരനും കൗശലക്കാരനുമായ ഒരു ജീവി വന്നു കയറിയിരിക്കുന്നു. നമ്മൾ വന്യമൃഗങ്ങളെ വിശപ്പടക്കാൻ വേണ്ടി മാത്രമേ കൊല്ലാറുള്ളൂവെന്ന് താങ്കൾക്ക് അറിയാമല്ലോ. പക്ഷേ ഈ ജീവി അങ്ങനെയല്ല. അവൻ വിനോദത്തിനുവേണ്ടി മറ്റു ജീവികളെ നശിപ്പിക്കുന്നു. ഒരു വലിയ ചിലന്തിയുടെ രൂപമാണ് അവന്റേത്. അവൻ ഇവിടുള്ളിടത്തോളം കാലം ഞങ്ങളെല്ലാവരും അപകടത്തിലാണ്."

സിംഹം ഒരു നിമിഷം ആലോചിച്ചു.

"ഈ കാട്ടിൽ മറ്റു സിംഹങ്ങളാരെങ്കിലുമുണ്ടോ?" അവൻ ചോദിച്ചു.

"ഇപ്പോഴില്ല. ഇവിടെയുണ്ടായിരുന്ന എല്ലാ സിംഹങ്ങളേയും അവൻ ഒന്നൊന്നായി കൊന്നു. അവരുടെ തലകൾ അവന്റെ ഗുഹയ്ക്കുള്ളിൽ



സൂക്ഷിച്ചിട്ടുണ്ടത്രേ.”

“ശരി, ഞാൻ അവനെ നശിപ്പിച്ചാൽ നിങ്ങൾ എന്നെ നേതാവായി അംഗീ കരിക്കുമോ?”

“സന്തോഷപൂർവം” മൃഗങ്ങൾ ഒറ്റ ശബ്ദത്തിൽ പറഞ്ഞു.

“ഈ ചിലന്തി എവിടെയാണ് താമസിക്കുന്നത്?”

മൃഗങ്ങൾ സിംഹത്തെ ചിലന്തിയുടെ ഗുഹയിലേക്ക് കൊണ്ടുപോയി.

“ശരി. ഞാൻ അവന്റെ കഥ കഴിച്ചേ മടങ്ങൂ. എന്റെ സുഹൃത്തുക്കളെ നിങ്ങൾ കാത്തുകൊള്ളണം.”

ഇത്രയും പറഞ്ഞ് സിംഹം ഒരു കൂസലുമില്ലാതെ ഗുഹയ്ക്കുള്ളിലേക്ക് പോയി.

ചിലന്തി നല്ല ഉറക്കമായിരുന്നു. അതിന്റെ വൃത്തികെട്ട ശരീരം കണ്ട് സിംഹം മുഖം ചുളിച്ചുപോയി.

അതിനെ ഉണർത്താതിരിക്കുന്നതാണ് ബുദ്ധിയെന്ന് സിംഹത്തിനു തോന്നി. ഒട്ടും ശബ്ദമുണ്ടാക്കാതെ അവൻ അതിന്റെ അടുക്കലേക്ക് നീങ്ങി. ചിലന്തിയുടെ തലയും ശരീരവും തമ്മിൽ ബന്ധിക്കുന്ന പിടലിഭാഗത്താണ് ആക്രമിക്കാൻ പറ്റിയതെന്ന് അവൻ കണക്കുകൂട്ടി. പിന്നെ കുതിച്ചൊരു ചാട്ടം! ചിലന്തിയുടെ കഴുത്ത് അവന്റെ പല്ലുകൾക്കിടയിലായി. ചിലന്തി മരണവെ പ്രാളം കാണിക്കാൻ തുടങ്ങി. സിംഹം കടിച്ചുതൂങ്ങിക്കിടന്നു. ഒടുവിൽ ചിലന്തി നിശ്ചലനായി. അത് ചത്തു എന്ന് ബോധ്യം വന്നപ്പോൾ സിംഹം താഴെയിറങ്ങി തന്റെ സുഹൃത്തുക്കൾക്കിടയിലേക്ക് മടങ്ങി.

“ഇനി നിങ്ങൾ അവനെ ഭയപ്പെടേണ്ട.”

ഒരു രാജാവിന് യോജിച്ച ഗാംഭീര്യത്തോടെ അവൻ പറഞ്ഞു.

“മൃഗങ്ങളെ ഉപദ്രവിക്കുന്ന എല്ലാവർക്കും ഇതായിരിക്കും ഗതി. നിങ്ങൾ വിചാരിക്കുന്നതുപോലെ വന്യമൃഗങ്ങൾ ദുഷ്ടന്മാരല്ല. അവർ ആവശ്യത്തിനു മാത്രമേ കൊല്ലാറുള്ളൂ. പക്ഷേ, ചില ജീവികൾ- പ്രത്യേകിച്ച് മനുഷ്യർ- വിനോദത്തിനു വേണ്ടി മറ്റു മൃഗങ്ങളെ നശിപ്പിക്കാറുണ്ട്. അത് ഒടുവിൽ അവരുടെ നാശത്തിലേ അവസാനിക്കൂ.”

ഡോറത്തിയെ കാൻസാസിലെത്തിച്ച ശേഷം താൻ വേഗം മടങ്ങിയെത്താമെന്ന് സിംഹം മൃഗങ്ങൾക്ക് വാക്കു കൊടുത്തു.

# 23. ക്വാഡ്‌ലിങ്ങ് ദേശത്തിൽ

നാലു യാത്രക്കാരും വളരെ പണിപ്പെട്ടാണ് കാട്ടിനു പുറത്തു കടന്നത്. ഉടനെയതാ മുന്നിൽ കാണുന്നു ഒരു വലിയ കുന്ന്. അടിമുടി കൂർത്ത പാറക്കല്ലുകളാണ് അതിലാകെ.

"ഇതു കയറാൻ എളുപ്പമല്ല." വൈക്കോൽ മനുഷ്യൻ പറഞ്ഞു. "എന്നാലും ശ്രമിക്കാതിരുന്നിട്ട് കാര്യമില്ല."

അയാൾ മുമ്പെ നടന്നു. അവർ പത്തടിപോലും കയറിയില്ല. അതിനു മുമ്പേ ഒരു ശബ്ദം കേട്ടു.

"കയറിപ്പോകരുത്!!"

"നിങ്ങളാരാണ്?" വൈക്കോൽ മനുഷ്യൻ ചോദിച്ചു.

പാറക്കൂട്ടത്തിനിടയിൽ നിന്ന് ഒരു തല ഉയർന്നുവന്നു. "ഈ കുന്ന് ഞങ്ങളുടേതാണ്. ഇതു കടക്കാൻ ഞങ്ങൾ ആരേയും അനുവദിക്കാറില്ല."

"പക്ഷേ, ഞങ്ങൾക്ക് ഇത് കടന്നേ പറ്റൂ. ക്വാഡ്‌ലിങ്ങുകളുടെ ദേശത്തേക്ക് പോവുകയാണ് ഞങ്ങൾ."

"അതു പറ്റില്ല" എന്നു പറഞ്ഞുകൊണ്ട് പാറക്കെട്ടുകളുടെ ഇടയിൽ നിന്ന് വിചിത്രരൂപിയായ ഒരു മനുഷ്യൻ ഇറങ്ങിവന്നു. പൊക്കം കുറഞ്ഞ് തടിച്ച ശരീരമായിരുന്നു അയാളുടേത്. അത്ഭുതം തന്നെ! അയാൾക്ക് കൈകൾ ഇല്ലേയില്ല!

അങ്ങനെ പറഞ്ഞാൽ പറ്റില്ലല്ലോ! വൈക്കോൽ മനുഷ്യൻ പറഞ്ഞു "ഞങ്ങൾ ഈ കുന്ന് കയറുകതന്നെ ചെയ്യും." എന്നിട്ട് അയാൾ മുന്നോട്ടു നടന്നു.

മിന്നൽ വേഗത്തിൽ ആ കുറിയ മനുഷ്യന്റെ കഴുത്ത് നീണ്ടുവന്നു. അയാൾ തലകൊണ്ട് വൈക്കോൽമനുഷ്യന്റെ വയറ്റത്തിട്ട് ഒറ്റ ഇടി! ഓർക്കാ

പ്പുറത്ത് കിട്ടിയ പ്രഹരമേറ്റ് അയാൾ ഉരുണ്ടുവീണുപോയി. ഡോറത്തി നില വിളിച്ചു.

വിചിത്രമനുഷ്യൻ പരുഷമായി ചിരിച്ചു.

"നിങ്ങൾ വിചാരിക്കുന്നത്ര എളുപ്പത്തിൽ അത് സാധിക്കാൻ പോകുന്നില്ല."

പല പാറക്കെട്ടുകൾക്കിടയിൽ നിന്നും പൊട്ടിച്ചിരികൾ കേൾക്കാൻ തുടങ്ങി. തങ്ങൾ ചുറ്റികത്തലയന്മാരുടെ ദേശത്തിലാണെന്ന് ഡോറത്തിയ്ക്ക് അപ്പോഴാണ് പിടികിട്ടിയത്.

ഇതുകണ്ട് സിംഹത്തിന് ഭയങ്കര ദേഷ്യം വന്നു. അവൻ ഒരു ഉഗ്രൻ അലർച്ചയോടെ മുന്നോട്ടു കുതിച്ചു. പക്ഷേ, ഞൊടിയിടയ്ക്കുള്ളിൽ ചുറ്റികത്തലയന്മാർ അവനെ മലർത്തിയടിച്ചു.

"ഇത്തരക്കാരുമായി യുദ്ധത്തിന് പുറപ്പെടുന്നത് ബുദ്ധിയല്ല." വൈക്കോൽ മനുഷ്യൻ പറഞ്ഞു.


"എന്തു ചെയ്യും?" ഡോറത്തി ചോദിച്ചു.

"ചിറകുള്ള കുരങ്ങന്മാരെ വിളിക്കൂ!"

"അതുതന്നെ" ഡോറത്തി തന്റെ സ്വർണകിരീടം പുറത്തെടുത്ത് മന്ത്രം ജപിച്ചു.

നിമിഷങ്ങൾക്കകം ചിറകുള്ള കുരങ്ങന്മാരുടെ കൂട്ടം അവിടെയെത്തി.

"ഞങ്ങളെ ക്വാഡ്ലിങ്ങുകളുടെ ദേശത്തിൽ എത്തിച്ചുതരണം."



ഡോറത്തി അവരുടെ നേതാവിനോട് പറഞ്ഞു.

"ഉത്തരവ്!" നേതാവ് തന്റെ അനുയായികളോട് ആംഗ്യം കാണിച്ചു. അൽപനേരത്തിനുള്ളിൽ ഡോറത്തിയും കൂട്ടരും ആകാശത്തിലൂടെ സവാരി ആരംഭിച്ചു.

ചുറ്റികത്തലയന്മാർ പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും അവരെ തടയാനായില്ല. ക്വാഡ്‌ലിങ്ങ് ദേശക്കാരുടെ സുന്ദരമായ രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ അവർ ഇറങ്ങി.

"ഇത് നമ്മുടെ ഒടുവിലത്തെ കണ്ടുമുട്ടലാണ്!" കുരങ്ങന്മാരുടെ നേതാവ് ഡോറത്തിയോടു പറഞ്ഞു. ഡോറത്തി അവരോട് പലവട്ടം നന്ദി പറഞ്ഞു. കുരങ്ങന്മാരുടെ കണ്ണ് നിറഞ്ഞുപോയി.

ക്വാഡ്‌ലിങ്ങുകളുടെ ദേശം വളരെ സമ്പന്നമായിരുന്നു. പാതയുടെ ഇരുവശത്തും ധാന്യം വിളഞ്ഞുകിടക്കുന്ന പാടങ്ങൾ. ക്വാഡ്‌ലിങ്ങ് വർഗക്കാർക്ക് ഇഷ്ടപ്പെട്ട നിറം ചുവപ്പാണ്. അവരുടെ ഉടുപ്പിനും ചെരുപ്പിനും; എന്തു പറയാൻ, തലമുടിയ്ക്കുവരെ ചുവപ്പുനിറമാണ്.

അവർ ഒരു കർഷകഭവനത്തിൽ കയറി ഒരു നേരത്തെ ഭക്ഷണം ചോദിച്ചു. എല്ലാവർക്കും നല്ല ഒന്നാംതരം ഊണുകിട്ടി. ക്വാഡ്‌ലിങ്ങുകൾ ദാനപ്രിയരാണ്.

"ഗ്ലിൻഡയുടെ കോട്ടയിലേക്ക് ഇവിടുന്ന് എത്രദൂരം വരും?" ഡോറത്തി കർഷകസ്ത്രീയോട് ചോദിച്ചു.

"അൽപം കൂടി പോയാൽ മതി." ആ നല്ല സ്ത്രീ പറഞ്ഞു. "തെക്കോട്ടു പോകുന്ന പാതയിലൂടെ നേരെ പോയാൽ മതി."

അവരോട് നന്ദി പറഞ്ഞ ശേഷം നമ്മുടെ സംഘം വീണ്ടും യാത്ര തുടർന്നു. ഗ്ലിൻഡയുടെ കോട്ട അകലെ കാണുമാറായി. വൈഡൂര്യം കൊണ്ടു തീർത്ത അതിമനോഹരമായ ഒരു പട്ടണം അതിനു ചുറ്റുമുണ്ട്. നമ്മുടെ സുഹൃത്തുക്കൾ നടന്നുനടന്ന് കോട്ടവാതിൽക്കലെത്തി. അവരെ സ്വീകരിക്കാനായി രക്തവർണത്തിലുള്ള വസ്ത്രം ധരിച്ച മൂന്ന് പെൺകുട്ടികൾ ഇറങ്ങിവന്നു.

"നിങ്ങൾ ഇവിടെ വരാനുള്ള കാരണം?" അവർ തിരക്കി.

"ഞങ്ങൾക്ക് മന്ത്രവാദിനിയെ ഒന്നു കാണണം." ഡോറത്തി പറഞ്ഞു.

"നിങ്ങളുടെ പേരുകൾ പറയൂ. ഞങ്ങൾ ഗ്ലിൻഡയോട് ചോദിക്കട്ടെ." അവർ പറഞ്ഞു.

അതിനുശേഷം അവർ അകത്തേക്ക് പോയി. അൽപനേരം കഴിഞ്ഞ് ഒരു പട്ടാളക്കാരി കോട്ടയിൽ നിന്ന് പുറത്തുവന്നു. അവളും ചുവപ്പ് വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. അവളോടൊപ്പം ഡോറത്തിയും സുഹൃത്തുക്കളും അകത്തേക്ക് പ്രവേശിച്ചു.

# 24. വീണ്ടും വീട്ടിൽ

ഗ്ലിൻടയുടെ മുന്നിലേക്കു പോകുംമുമ്പ് നമ്മുടെ സംഘം കൊട്ടാരത്തിലെ ഒരു വിശ്രമ മുറിയിലേക്കു പോയി. ഡോറത്തി കുളിച്ച് ഉടുപ്പുമാറി. വൈക്കോൽ മനുഷ്യൻ സ്വയം ശരീരം തട്ടി ശരിയാക്കി. തകരമനുഷ്യൻ സന്ധികളിൽ എണ്ണയൊഴിച്ചു. അങ്ങനെ ഒരുവിധം ഉന്മേഷവാന്മാരായിട്ടാണ് അവർ ഗ്ലിൻടയുടെ മുന്നിലേക്ക് ചെന്നത്.

വൈഡൂര്യങ്ങൾ പതിച്ച സുവർണ സിംഹാസനത്തിന്മേലാണ് ഗ്ലിൻട ഇരിക്കുന്നത്. പട്ടാളക്കാരി അവരെ അവിടെ എത്തിച്ച ശേഷം മടങ്ങി. ഡോറത്തി സ്വപ്നത്തിൽ പോലും ഇത്ര സുന്ദരിയും പ്രൗഢയുമായ ഒരു സ്ത്രീയെ കണ്ടിട്ടില്ല. ഗ്ലിൻട അവരെ നോക്കി മനോഹരമായി ചിരിച്ചു.

"നിനക്കെന്തു വേണം കുഞ്ഞേ?"

ഡോറത്തി തന്റെ കഥ മുഴുവൻ അവരോട് പറഞ്ഞു. "എനിക്ക് എങ്ങനെയെങ്കിലും സ്വന്തം നാട്ടിലേക്ക് മടങ്ങിപ്പോണം. എമ്മാ അമ്മായിയും ഹെൻറി അമ്മാവനും വല്ലാതെ പേടിച്ചു കാണും."

ഗ്ലിൻട അവളുടെ മുഖത്ത് മെല്ലെ ചുംബിച്ചു. "നീ വിഷമിക്കേണ്ട കുഞ്ഞേ. നിനക്ക് വീട്ടിൽ പോകാം. പക്ഷേ, നീ നിന്റെ സുവർണ കിരീടം എനിക്ക് തരണം."

"ഉവ്വല്ലോ" ഡോറത്തി സന്തോഷത്തോടെ പറഞ്ഞു.

"എനിക്കിനി അത് ആവശ്യമില്ല."

ഡോറത്തി സുവർണകിരീടം ഗ്ലിൻടക്ക് സമ്മാനിച്ചു.

"എനിക്കും അത് മൂന്നുതവണയേ വേണ്ടിവരൂ!"

ഗ്ലിൻട കുസൃതിയോടെ പറഞ്ഞു.

മന്ത്രവാദിനി വൈക്കോൽ മനുഷ്യനോട് ചോദിച്ചു:

“ഡോറത്തി മടങ്ങിയാൽ നിന്റെ ഭാവി പരിപാടി എന്താണ്?”

“ഞാൻ മരതകനഗരത്തിലേക്ക് മടങ്ങും” വൈക്കോൽ മനുഷ്യൻ പറഞ്ഞു.

“ഞാൻ അവിടുത്തെ പ്രസിഡന്റാണ്. പക്ഷേ, ചുറ്റികത്തലയന്മാരുടെ കുന്ന് കയറേണ്ടിവരുമല്ലോ എന്നോർക്കുമ്പോൾ...”

അയാൾ നിർത്തിക്കളഞ്ഞു.

“അത് സാരമില്ല” ഗ്ലിൻട പറഞ്ഞു.

“ഈ സുവർണ കിരീടം എന്റെയാണല്ലോ. ഞാൻ ചിറകുള്ള കുരങ്ങന്മാരെക്കൊണ്ട് നിന്റെ ഇഷ്ടം സാധിപ്പിച്ചു തരാം.”

എന്നിട്ട് അവൾ തകരമനുഷ്യനോട് അതേ ചോദ്യം ചോദിച്ചു.

“എനിക്ക് വിൻകികളുടെ അടുത്തേക്ക് പോയാൽ കൊള്ളാമെന്നുണ്ട്. അവർ എനിക്ക് പ്രസിഡന്റു പദവി തരാമെന്നേറ്റതാണ്.”

“ശരി. ഞാൻ ചിറകുള്ള കുരങ്ങന്മാരോട് നിങ്ങളെ അവിടെ എത്തിക്കാൻ പറയാം.”

പിന്നീട് ഗ്ലിൻട സിംഹത്തിന്റെ പുറത്തു തടവിക്കൊണ്ട് അവനോടും ഈ ചോദ്യം ചോദിച്ചു.

“നിന്റെ പരിപാടിയോ?”

ചുറ്റികത്തലയന്മാരുടെ കുന്നിനപ്പുറം ഒരു കൊടും കാടുണ്ട്. അവിടുത്തെ മൃഗങ്ങൾ എന്നെ അവരുടെ നേതാവായി അംഗീകരിച്ചു കഴിഞ്ഞു. എന്നെ അവിടെ എത്തിക്കാൻ സഹായിക്കുമെങ്കിൽ....” പിന്നെ അതിനെന്താ വിഷമം? ഇതാ ചിറകുള്ള കുരങ്ങന്മാരോട് എന്റെ മൂന്നാമത്തെയും അവസാനത്തെയും ആജ്ഞയാണ് ഇത്.

ചിറകുള്ള കുരങ്ങന്മാരുടെ നേതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ ഗ്ലിൻട അവരെ ഇപ്പറഞ്ഞ മൂന്നു ജോലികൾ ഏൽപ്പിച്ചു.

“ഈ ജോലികൾ ചെയ്തു കഴിഞ്ഞാൽ ഞാനീ സുവർണകിരീടം ചിറകുള്ള കുരങ്ങന്മാരുടെ നേതാവിനെ ഏൽപ്പിക്കുകയാണ്. ഇനിയൊരിക്കലും അവർ ആരുടെയും അടിമകളാവുകയില്ല.”

ഗ്ലിൻടയുടെ ഈ പ്രസ്താവന കേട്ട് ചിറകുള്ള കുരങ്ങന്മാർ തുള്ളിച്ചാടി.

“ഈ എന്നെക്കൂടി സഹായിക്കണം.” ഡോറത്തി വിനയത്തോടെ പറഞ്ഞു.

“അതിന് എന്റെ സഹായം വേണ്ടല്ലോ” ഗ്ലിൻട പറഞ്ഞു “നീ ധരിച്ചിരിക്കുന്ന വെള്ളിച്ചെരുപ്പുകൾ അത്ഭുത സിദ്ധികൾ ഉള്ളവയാണ്. അതിടുന്നയാൾക്ക് ഭൂമിയിലെവിടെ വേണമെങ്കിലും ഇഷ്ടം പോലെ സഞ്ചരിക്കാം.

കഷ്ടം! ഇത് നേരത്തെ അറിഞ്ഞിരുന്നെങ്കിൽ നിനക്ക് ഇത്ര വളരെ കഷ്ടത സഹിക്കേണ്ടി വരില്ലായിരുന്നു.”

“അയ്യോ. അത് നന്നായി.” എല്ലാവരും കൂട്ടത്തോടെ പറഞ്ഞു. “അതു കൊണ്ടാണല്ലോ ഞങ്ങളും ആഗ്രഹങ്ങളെല്ലാം നേടിയത്!”

“വെള്ളിച്ചെരുപ്പുകൾ ധരിച്ച് മൂന്നടി നടക്കണം. എന്നിട്ട് ചെരുപ്പുകൾ തമ്മിൽ ഉരസിക്കൊണ്ട് എങ്ങോട്ടാണ് പോകേണ്ടതെന്ന് പറയണം. അതാണ് സൂത്രം.”

ഗ്ലിൻഡ പറഞ്ഞുകൊടുത്തു.

“എന്നാൽ ഞാൻ ഇപ്പോൾ തന്നെ പോകട്ടെ!”

ഡോറത്തി ആഹ്ലാദം കൊണ്ട് തുള്ളിച്ചാടി.

എന്നാൽ തന്റെ സുഹൃത്തുക്കളുടെ നേരെ നോക്കിയപ്പോൾ അവളുടെ സന്തോഷം ഇല്ലാതായി. സിംഹത്തിന്റെ കണ്ണുകളിൽ നിന്ന് കുടുകുടെ കണ്ണുനീർ ഒഴുകി. പാവം തകരമനുഷ്യൻ വല്ലാതെ തുരുമ്പെടുക്കുംവിധം കരഞ്ഞുകളഞ്ഞു. ഡോറത്തി എല്ലാവരേയും കെട്ടിപ്പിടിച്ച് കരഞ്ഞു. ഇനിയൊരിക്കലും തന്റെ സുഹൃത്തുക്കളെ കാണാൻ സാധ്യതയില്ലെന്ന് അവൾക്ക് അറിയാമായിരുന്നു.

ഡോറത്തി അവരോട് വീണ്ടും വീണ്ടും യാത്ര ചോദിച്ചു.

അവൾ ടോട്ടോയെ കയ്യിലെടുത്തുകൊണ്ട് മൂന്നടി നടന്നു. എന്നിട്ട് ചെരുപ്പുകൾ തമ്മിൽ കൂട്ടിയുരസിക്കൊണ്ട് “എന്നെ എമ്മാ അമ്മായിയുടെ വീട്ടിലേക്ക് കൊണ്ടുപോകൂ” എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.

ഒരൊറ്റ നിമിഷം അവൾ വായുവേഗത്തിൽ പറക്കാൻ തുടങ്ങി. കാറ്റിന്റെ



ചൂളംവിളിയല്ലാതെ മറ്റൊന്നും അവൾക്ക് കേൾക്കാൻ കഴിഞ്ഞില്ല. കണ്ണിന്റെ മുന്നിൽ ഒന്നും വ്യക്തമായി കാണാൻ സാധിച്ചില്ല.

പെട്ടെന്നാണ് അവൾ താഴേക്ക് വീണത്. വീണത് പുല്ലിലേക്കാണ്. നിരവധി തവണ ഉരുണ്ടശേഷമേ അവൾ നിശ്ചലമായുള്ളൂ.

ശ്വാസം തിരിച്ചുകിട്ടിയപ്പോൾ അവൾ തല ഉയർത്തി ചുറ്റും നോക്കി. നാലു വശത്തേക്കും പരന്നു കിടക്കുന്ന കാൻസാസ് പുൽമേട്. അവളുടെ സന്തോഷത്തിനതിരില്ലായിരുന്നു! തൊട്ടു മുമ്പിൽ ഹെൻറി അമ്മാവൻ പണി തീർത്ത പുത്തൻ വീട്! തൊഴുത്തിലിരുന്ന് അദ്ദേഹം പശുവിനെ കറക്കുകയാണ്. ടോട്ടോ ഉറക്കെ കുരച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടിപ്പോയി.

ഡോറത്തി എണീറ്റു നിന്നു. കാലുകളിൽ വെള്ളിച്ചെരുപ്പുകളില്ല!! ഈ യാത്രയ്ക്കിടയിൽ അവ ഊരിപ്പോയിരുന്നു. ഇനിയൊരിക്കലും അവൾക്ക് ഓസിന്റെ മായാലോകത്തേക്ക് മടങ്ങാൻ സാധിക്കുകയില്ല!

എമ്മാ അമ്മായി ചെടികൾക്ക് വെള്ളമൊഴിക്കാൻവേണ്ടി വീട്ടിനു പുറത്തേക്ക് വന്നതായിരുന്നു.

അവർക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അതാ നിൽക്കുന്നു ഡോറത്തി!

“എന്റെ പൊന്നുമോളേ! അവൾ പറഞ്ഞു. “ഇതാ ടോട്ടോയും ഉണ്ട്! എന്റെ പൊന്നമ്മായീ! എനിക്ക് തിരിച്ചുവന്നതിൽ എത്ര സന്തോഷായീന്നോ!!